വൈക്കം ദേവസ്വംജില്ല

സൂചിക

1. ആമുഖം	-	2
2. റിപ്പോർട്ട്	-	4
3. കോട്ടയം ഗ്രൂപ്പ്	-	8
4. ഏററുമാനൂർ ഗ്രൂപ്പ്	-	73
5. വൈക്കം ഗ്രൂപ്പ്	-	152
6. തൃക്കാരിയൂർ ഗ്രൂപ്പ്	-	229
7. പറവൂർ ഗ്രൂപ്പ്	-	338

ആമുഖം

തിരുവിതാംകൂർ, കൊച്ചി ദേവസ്വം ബോർഡുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള ശുപാർശകൾ നൽകുന്നതിനായി, ശ്രീ. വി. രാമചന്ദ്രൻ നായർ (Formerly Chief Secretary to Government of Kerala) അദ്ധ്യക്ഷനും ശ്രീ. സി.എം. രാധാകൃഷ്ണൻ നായർ (Rtd. Secretary to Government of India and formerly Special Director, Central Bureau of Investigation), ശ്രീ. എ.എസ് ഉണ്ണി (Chartered Accountant) എന്നിവർ അംഗങ്ങളുമായി, ഒ.പി. നം. 3821/1990 പൊതുതാൽപര്യ ഹർജിയിലുള്ള11.04.1990-ലെ ഉത്തരവിലൂടെ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി രൂപീകരിച്ച ഉന്നതാധികാര സമിതി, 1990 ആഗസ്റ്റ് മാസത്തിൽ സമർപ്പിച്ച റിപ്പോർട്ടിലെ 'Temples' എന്ന ശീർഷകത്തിലുള്ള രണ്ടാം അദ്ധ്യായത്തിലെ ശുപാർശകളിലെ ഖണ്ഡിക XV ചുവടെ ചേർക്കുന്നു.

"The strength of watchers in certain temples is far in excess and the strength of watchers should be refixed in different temples".

ബഹുമാനപ്പെട്ട ഹൈക്കോടതി, 10.04.1992-ലെ ഉത്തരവിൻ പ്രകാരം അംഗീകരിച്ച, സമിതിയുടെ ശുപാർശകളിൽ, മേൽ ഉദ്ധരിച്ച ഖണ്ഡികയും ഉൾപ്പെടുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള പല ക്ഷേത്രങ്ങളിലും ആവശ്യത്തിലധികം ക്ഷേത്രജീവനക്കാരുടെ തസ്തികകൾ അനുവദിച്ചിട്ടുള്ളതിനാൽ പുനർവിന്യസിക്കാവുന്ന തസ്തികകളുടെ വിവരങ്ങൾ ആവശ്യപ്പെട്ട്, 9.06.2006-ലെ ആർ.ഒ.സി. 9135/06/മിസ്.1 നമ്പർ ബോർഡുത്തരവിന്റെ അടിസ്ഥാനത്തിൽ, ദേവസ്വം കമ്മീഷണർ ഓഫീസിൽ നിന്നും 11.12.2006-ൽ ആർ.ഒ.സി. 16443/00/എസ് നമ്പർ സർക്കുലർ നൽകിയിരുന്നു. വിവരശേഖരണം നടത്തിയെങ്കിലും തുടർനടപടികൾ ഉണ്ടായില്ല.

തിരുവിതാംകൂർ ദേവസ്വം ബോർഡ് ഓഫീസുകളിലെയും ദേവസ്വങ്ങളിലെയും ജീവനക്കാരുടെ പുനർവിന്യാസം, അധികതസ്തികകൾ ഒഴിവാക്കൽ, സബ്ഗ്രൂപ്പുകളുടെ പുനഃക്രമീകരണം എന്നിവ സംബന്ധിച്ച് തീരുമാനം കൈക്കൊള്ളുന്നതിന് ദേവസ്വം കമ്മീഷണർ അദ്ധ്യക്ഷനായി, 27.09.2012, 27.10.2012 തീയതികളിലെ 87/12/എസ്റ്റാ.1 നമ്പർ ബോർഡുത്തരവുകൾ പ്രകാരം രൂപീകരിച്ച സമിതി, ടൈപ്പിസ്റ്റ്, സ്ട്രോംഗ്റൂം ഗാർഡ്, സിറോക്സ് ഓപ്പറേററർ, പ്യൂൺ / ലാസ്കർ, ലിഫ്റ്റ് ഓപ്പറേററർ എന്നീ തസ്തികകളുമായി ബന്ധപ്പെട്ട് 31.01.2013-ൽ സമർപ്പിച്ച ശുപാർശയുടെ അടിസ്ഥാനത്തിൽ, പ്യൂൺ തസ്തികകൾ പന്ത്രണ്ടെണ്ണം പുനർവിന്യസിക്കുന്നതിന് അനുവദിച്ചു (04.06.2013-ലെ ആർ.ഒ.സി. 5989/13/എസ്റ്റാ.2 നമ്പർ ബോർഡ് ഉത്തരവ്).

തുടർന്ന്, സബ്ഗ്രൂപ്പുകളുടെ സംയോജനം, എസ്റ്റാബ്ലിഷ്മെന്റ്, ക്ഷേത്രജീവനവിഭാഗങ്ങളിലെ തസ്തികകളുടെ പുനർവിന്യാസം സംബന്ധിച്ച ശുപാർശകൾ, 13.02.2014, 05.08.2014 തീയതികളിലായി ദേവസ്വം കമ്മീഷണർ, ബോർഡിൽ സമർപ്പിച്ചു.

ടി റിപ്പോർട്ടുകളിലെ ശുപാർശകൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് പരിശോധന നടത്തി കൂടുതൽ വ്യക്തമായ റിപ്പോർട്ട് നൽകുന്നതിന് ചുമതലപ്പെടുത്തിയതിൻപ്രകാരം (15.10.2014-ലെ ആർ.ഒ.സി. 87/12/എസ്റ്റാ.1 നമ്പർ ബോർഡുത്തരവ്), ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ (ഇൻസ്പെക്ഷൻ) 18.03.2015-ൽ റിപ്പോർട്ട് സമർപ്പിച്ചു. എന്നാൽ, അതിന്മേലും തുടർനടപടി ഉണ്ടായില്ല.

തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ക്ഷേത്രജീവനക്കാർക്ക് ക്ലാസ് IV ആനുകൂല്യങ്ങൾ അനുവദിക്കുമ്പോൾ ഉണ്ടാകുന്ന അധിക സാമ്പത്തികബാദ്ധ്യത തുലനം ചെയ്യുന്നതിനായി അവശ്യതസ്തികകൾ മാത്രം നിലനിർത്തി, ബാക്കിയുള്ളവ കുറവ് ചെയ്യുന്നതിനും ജോലിഭാരം കുറവുള്ള തസ്തികകൾ സംയോജിപ്പിക്കുക, പുറമെ നിന്നും ആളെ നിയോഗിച്ച് ചെയ്യിക്കാവുന്ന പരമാവധി പ്രവൃത്തികൾ അപ്രകാരം ചെയ്യുക തുടങ്ങിയ ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നത് സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി വൈക്കം ഡെപ്യൂട്ടി ദേവസ്വം കമ്മീഷണറായിരുന്ന ശ്രീ. വി. ഹരീന്ദ്രനാഥിനെ നിയോഗിച്ചു (15.03.2017-ലെ ആർ.ഒ.സി. 15691/15/എസ്റ്റ.1 നമ്പർ ബോർഡുത്തരവ്).

ശ്രീ. വി. ഹരീന്ദ്രനാഥ് 03.06.2017-ൽ സമർപ്പിച്ച റിപ്പോർട്ടിലെ ശുപാർശകൾ പരിശോധിച്ച് നടപ്പിലാക്കുന്നതിനായി, 12.07.2019, 14.08.2019, 06.09.2019 തീയതികളിലെ ആർ.ഒ.സി. 87/12/എസ്റ്റ.1 നമ്പർ ബോർഡുത്തരവുകൾ പ്രകാരം രൂപീകരിച്ച, ദേവസ്വം കമ്മീഷണർ, ദേവസ്വം ബോർഡ് സെക്രട്ടറി, ചീഫ് എഞ്ചിനീയർ (ജനറൽ), ചീഫ് എഞ്ചിനീയർ, ദേവസ്വം അക്കൗണ്ട്സ് ഓഫീസർ, ശ്രീ. ജി. സന്തോഷ് (റിട്ട. ദേവസ്വം അക്കൗണ്ട്സ് ഓഫീസർ) എന്നിവരുൾപ്പെടുന്ന സമിതി, ക്ലാർക്ക് / സെക്കന്റ് ഗ്രേഡ് സബ്ഗ്രൂപ്പ് ഓഫീസർ, സീനിയർ ക്ലാർക്ക് / ഫസ്റ്റ് ഗ്രേഡ് സബ്ഗ്രൂപ്പ് ഓഫീസർ തസ്തികകളിലെ പുനർവിന്യാസവും അധിക തസ്തിക കുറവ് ചെയ്യലും സംബന്ധിച്ചുള്ള റിപ്പോർട്ട് 01.11.2019-ലും 27.07.1987-ലെ ആർ.ഒ.സി. 6997/85/എസ്റ്റ. നമ്പർ ബോർഡുത്തരവിൽ നിശ്ചയിച്ചിരുന്ന അനുപാതപ്രകാരം ക്ലാർക്ക് / സെക്കന്റ് ഗ്രേഡ് സബ്ഗ്രൂപ്പ് ഓഫീസർ, സീനിയർ ക്ലാർക്ക് / ഫസ്റ്റ് ഗ്രേഡ് സബ്ഗ്രൂപ്പ് ഓഫീസർ, ഹെഡ്ക്ലാർക്ക് / ഹയർഗ്രേഡ് സബ്ഗ്രൂപ്പ് ഓഫീസർ, ജൂനിയർ സൂപ്രണ്ട് / സ്പെഷ്യൽ ഗ്രേഡ് സബ്ഗ്രൂപ്പ് ഓഫീസർ തസ്തികകളിലെ അനുപാതം ക്രമപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട റിപ്പോർട്ട് 03.02.2020-ലും ടൈപ്പിസ്റ്റ്, സ്ട്രോംഗ്റൂം ഗാർഡ്, പ്യൂൺ / ലാസ്കർ തസ്തികകളുടെ പുനർവിന്യാസവുമായി ബന്ധപ്പെട്ട റിപ്പോർട്ട് 25.02.2020-ലും ബഹുമാനപ്പെട്ട ബോർഡിൽ സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ടുകൾ യഥാക്രമം 08.11.2019, 07.02.2020, 18.03.2020 തീയതികളിലെ ആർ.ഒ.സി. 87/12/എസ്റ്റ.1 നമ്പർ ഉത്തരവുകൾ പ്രകാരം ബോർഡ് അംഗീകരിച്ചു.

പുനർവിന്യാസ നടപടികളുടെ അടുത്ത ഘട്ടമായി ക്ഷേത്രജീവനക്കാരുടെ പുനർവിന്യാസം നടപ്പിൽ വരുത്തുന്നതിനുള്ള റിപ്പോർട്ട് സമർപ്പിക്കുന്നതിന്, 18.03.2020-ലെ ആർ.ഒ.സി. 87/12/എസ്റ്റ.1 നമ്പർ ബോർഡുത്തരവും പ്രകാരം പുനർവിന്യാസസമിതിയെ ചുമതലപ്പെടുത്തി.

അതിൻപ്രകാരം സമർപ്പിക്കുന്ന റിപ്പോർട്ട്.

റിപ്പോർട്ട്

തിരുവിതാംകൂർ ദേവസ്വം ബോർഡ് ജീവനക്കാരുടെ പുനർവിന്യാസ നടപടികളുടെ മൂന്നാം ഘട്ടമായി ക്ഷേത്രജീവനക്കാരുടെ പുനർവിന്യാസം നടപ്പിൽ വരുത്തുന്നതിനുള്ള റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുന്നതിന് 18.03.2020-ൽ ആർ.ഒ.സി. 87/12/എസ്റ്റാ.1 നമ്പർ ബോർഡുത്തരവിലൂടെ പുനർവിന്യാസസമിതിയെ ചുമതലപ്പെടുത്തി (അനുബന്ധം-1). ആയതുമായി ബന്ധപ്പെട്ട തുടർനടപടികൾ കൂടിയാലോചിക്കുന്നതിനായി, സമിതിയുടെ ആദ്യ യോഗം 2020 ഏപ്രിൽ മാസം 21-ാം തീയതി ബോർഡ് ആസ്ഥാന മന്ദിരത്തിലെ കോൺഫറൻസ് ഹാളിൽ ചേർന്നു.

ക്ഷേത്ര ജീവനക്കാരുടെ അനിവാര്യമില്ലാത്ത തസ്തികകൾ കുറവ് ചെയ്ത് കൂടുതൽ തസ്തിക ആവശ്യമുള്ള ദേവസ്വങ്ങളിലേക്ക് പുനർവിന്യസിക്കൽ, അധിക തസ്തികകൾ കണ്ടെത്തി ഒഴിവാക്കൽ മുതലായ കാര്യങ്ങളിൽ, ഇതുമായി ബന്ധപ്പെട്ട മുൻ റിപ്പോർട്ടുകൾ കൂടി പരിഗണിച്ച്, കൂടുതൽ പരിശോധന നടത്തി വിശദമായ റിപ്പോർട്ട് തയ്യാറാക്കുന്നതിന് യോഗം തീരുമാനിച്ചു. പ്രസ്തുത നടപടികളുടെ ഭാഗമായി വിവരശേഖരണം നടത്തുന്നതിനുള്ള പ്രൊഫോർമകൾ (1 മുതൽ 6 വരെ) യോഗം അംഗീകരിച്ചു.

യോഗതീരുമാനപ്രകാരം വിവരശേഖരണത്തിനുള്ള പ്രൊഫോർമകൾ, ദേവസ്വം ബോർഡ് സെക്രട്ടറിയുടെ 23.04.2020-ലെ ആർ.ഒ.സി. 87/12/എസ്റ്റ.1 നമ്പർ സർക്കുലറിനൊപ്പം ബന്ധപ്പെട്ട ഓഫീസ് മേധാവികൾക്ക് അയച്ചു. (അനുബന്ധം-2)

മേൽപ്രകാരം ലഭ്യമാക്കിയ വിവരങ്ങൾക്കൊപ്പം കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിലുള്ള നിയന്ത്രണങ്ങളുമായി ബന്ധപ്പെട്ട പരിമിതികൾക്കുള്ളിലും ക്ഷേത്രഭരണത്തിൽ നേരിട്ട് പങ്കാളിത്തമുള്ള ഉദ്യോഗസ്ഥരുടെ വിലപ്പെട്ട അഭിപ്രായങ്ങളും റിപ്പോർട്ട് തയ്യാറാക്കുന്നതിന് അവലംബിച്ചിട്ടുണ്ട്.

പുനഃക്രമീകരണത്തിനു ശേഷം നിലനിൽക്കുന്ന തസ്തികകൾ റിപ്പോർട്ടിൽ പ്രത്യേകം ഉൾപ്പെടുത്തിയിട്ടുണ്ട്. അതിൽകൂടുതൽ ജീവനക്കാർ നിലവിലുള്ള തസ്തികകളിൽ ജോലി നോക്കിവരുന്നുണ്ടെന്നതിനാൽ, കൂടുതലായുള്ള തസ്തികകൾ 'സൂപ്പർന്യൂമററി' തസ്തികകളായി നിലനിർത്തി, ഇപ്പോഴുള്ള ജീവനക്കാർ സർവ്വീസിൽ നിന്നും വിരമിക്കുന്ന / വിട്ടുപോകുന്ന മുറയ്ക്ക്, തസ്തികകൾ ഘട്ടംഘട്ടമായി കുറവ് ചെയ്യാവുന്നതാണ്.

കുറവ് ചെയ്യുന്നതിന് റിപ്പോർട്ടിൽ ശുപാർശ ചെയ്തിട്ടുള്ള തസ്തികകളിൽ ഇപ്പോൾ ജോലിനോക്കിവരുന്ന ജീവനക്കാർക്ക് അസൗകര്യമുണ്ടാകാതെയും ഇതുമായി ബന്ധപ്പെട്ട നടപടികൾ സങ്കീർണ്ണമാകാതെയും പുനർവിന്യാസം നടപ്പിൽ വരുത്തേണ്ടതുണ്ട്. ആകയാൽ, പുനർവിന്യാസ നടപടികൾ അതത് ജില്ലാഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാരുടെ മേൽനോട്ടത്തിൽ നടത്തുന്നതാകും ഉചിതം. ആയത് സംബന്ധിച്ച നിർദ്ദേശം ജില്ലാഡെപ്യൂട്ടിദേവസ്വംകമ്മീഷണർമാർക്ക് നൽകാവുന്നതാണ്.

വരുമാന കുറവുള്ള ദേവസ്വങ്ങളിലെ ഫുൾടൈം ശാന്തി, വരുമാന കുറവുള്ള ദേവസ്വങ്ങളിലെ ജോലികുറവുള്ള ഫുൾടൈം പഞ്ചവാദ്യം, ഫുൾടൈം കഴകം, ഫുൾടൈം തളി തസ്തികകൾ യഥാക്രമം പാർട്ട്ടൈം ശാന്തി, പാർട്ട്ടൈം പഞ്ചവാദ്യം, പാർട്ട്ടൈം കഴകം, പാർട്ട്ടൈം തളി തസ്തികകളായി മാററുന്നതിനും ഫുൾടൈം തളി തസ്തികയും പാർട്ട്ടൈം തളി തസ്തികയും നിലവിലുള്ള ഏതാനും ദേവസ്വങ്ങളിൽ ഫുൾടൈം തളി തസ്തിക ഒഴിവാക്കി പാർട്ട്ടൈം തളി തസ്തിക നിലനിർത്തുന്നതിനും അത്തരം തസ്തികകളിലെ ജീവനക്കാർക്ക് അധികഅലവൻസ് നൽകുന്നതിനും റിപ്പോർട്ടിൽ ശുപാർശ ഉൾപ്പെടുത്തിയിട്ടുണ്ട്. അധികഅലവൻസ് തുക ബഹുമാനപ്പെട്ട ബോർഡിൽ നിന്നും നിശ്ചയിക്കാവുന്നതാണ്.

കൂടാതെ, മേൽപ്രതിപാദിച്ച പാർട്ട്ടൈം തസ്തികകൾ നിയമനം നടക്കാതെ ഒഴിഞ്ഞുകിടക്കുന്ന അവസരങ്ങളിൽ, പ്രസ്തുത പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനായി പുറമെ നിന്നും നിയോഗിക്കപ്പെടുന്നവർക്ക് അതത് പ്രവൃത്തികളുടെ ഫുൾടൈം തസ്തികകളിലെ പകരംവ്യവസ്ഥയ്ക്ക് അനുവാദമുള്ള നിരക്കിൽ അലവൻസ് ചെലവെഴുതികൊടുക്കുന്നതിന് അനുമതി നൽകാവുന്നതാണ്. അപ്രകാരം ഫുൾടൈം തസ്തികകളിലെ പകരംവ്യവസ്ഥ അലവൻസ് ചെലവെഴുതാവുന്ന പാർട്ട്ടൈം തസ്തികകളുടെ പട്ടിക ഓരോ ഗ്രൂപ്പിനെയും സംബന്ധിച്ച റിപ്പോർട്ടിന്റെ അവസാന ഭാഗത്ത് (സ്റ്റേററ്മെന്റ് -4) ഉൾപ്പെടുത്തിയിട്ടുണ്ട്.

മണ്ഡലപൂജാ കാലയളവിൽ കളമെഴുത്തും പാട്ടുമുള്ളതിനാലാണ്, പല ദേവസ്വങ്ങളിലും ജോലി കുറവാണെങ്കിലും ഫുൾടൈം പഞ്ചവാദ്യം തസ്തികകൾ നിലനിർത്തിയിരിക്കുന്നത്. വരുമാനകുറവുള്ളതും ജോലികുറവുള്ളതുമായ ഏതാനും ദേവസ്വങ്ങളിലെ ഫുൾടൈം പഞ്ചവാദ്യം തസ്തികകൾ പാർട്ട്ടൈം പഞ്ചവാദ്യ തസ്തികകളാക്കി മാററുന്നതിനുള്ള ശുപാർശ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, അക്കാരണത്താൽ ക്ഷേത്ര ചടങ്ങുകൾക്കോ വഴിപാടുകൾക്കോ മുടക്കം വരാൻ പാടുള്ളതല്ല. അതിനാൽ, ഫുൾടൈം പഞ്ചവാദ്യം തസ്തികകൾ പാർട്ട്ടൈം പഞ്ചവാദ്യം തസ്തികകളാക്കുന്നതിന് റിപ്പോർട്ടിൽ ശുപാർശ ചെയ്തിട്ടുള്ള ദേവസ്വങ്ങളിലെ

പാർട്ട്ടൈം പഞ്ചവാദ്യ ജീവനക്കാർക്ക്, കളമെഴുത്തുംപാട്ടുള്ള ദിവസങ്ങളിൽ മിനിമം ദിനബത്ത പ്രത്യേക അലവൻസായി ചെലവെഴുതി കൊടുക്കുന്നതിനും അതിന് പര്യാപ്തമായ തുക കൂടി ചേർന്ന തുക നിലവിലെ നിരക്കിനൊപ്പം വഴിപാടുകാരിൽ നിന്നും ഈടാക്കുന്നതിനും അനുമതി നൽകാവുന്നതാണ്.

പുനർവിന്യാസം പൂർണ്ണമായി നടപ്പിൽ വരുമ്പോൾ, ശാന്തി ഒഴികെയുള്ള തസ്തികകളിലെ ജീവനക്കാരുടെ, പ്രത്യേകിച്ച് കഴകം, തളി ജീവനക്കാരുടെ എണ്ണത്തിൽ കുറവുണ്ടാകുന്നതാണ്. ടി തസ്തികകളിലെ ജീവനക്കാരുടെ കുറവ് ഉൽസവം തുടങ്ങിയ വിശേഷങ്ങളുടെ നടത്തിപ്പിന് തടസ്സമുണ്ടാകാൻ പാടുള്ളതല്ല. അതിനാൽ, ഉൽസവം തുടങ്ങിയ വിശേഷങ്ങൾക്ക് മുൻ വർഷങ്ങളിൽ സ്പെഷ്യൽ ഡ്യൂട്ടിക്കായി നിയോഗിച്ച കഴകം, തളി ജീവനക്കാരുടെ എണ്ണത്തിൽ കുറവ് വരുന്ന അത്രയുംപേരെ, അതത് ജില്ലാഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാരുടെ അംഗീകാരത്തോടെ അതത് കാലയളവിലെ പകരംവ്യവസ്ഥയ്ക്ക് അനുവാദമുള്ള നിരക്കിലുള്ള അലവൻസ് നൽകി പുറമെനിന്നും ആളെ നിയോഗിക്കുന്നതിന് ഗ്രൂപ്പ് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർക്ക് അനുവാദം നൽകാവുന്നതാണ്. മേൽപ്രകാരം കഴകം, തളി പ്രവൃത്തികൾക്കായി ദിവസവേതനാടിസ്ഥാനത്തിൽ നിയോഗിക്കപ്പെടുന്നവരുടെയും സ്പെഷ്യൽ ഡ്യൂട്ടിക്കായി നിയോഗിക്കുന്ന കഴകം, തളി ജീവനക്കാരുടെയും എണ്ണം മുൻവർഷത്തെ ഉൽസവത്തിന് / വിശേഷത്തിന് സ്പെഷ്യൽ ഡ്യൂട്ടിക്കായി നിയോഗിച്ച ടി തസ്തികകളിലെ ജീവനക്കാരുടെ എണ്ണത്തിൽ അധികരിക്കാൻ പാടില്ലായെന്ന് വ്യവസ്ഥ ചെയ്യാവുന്നതാണ്. ഏതെങ്കിലും സാഹചര്യത്തിൽ മുകളിൽ നിർദ്ദേശിച്ചതിൽ കൂടുതൽ ആൾക്കാരെ, ഉൽസവം തുടങ്ങിയ വിശേഷങ്ങളുമായി ബന്ധപ്പെട്ട് പുറമെനിന്നും നിയോഗിക്കേണ്ടിവരുന്നപക്ഷം ദേവസ്വംകമ്മീഷണറുടെ മുൻകൂർ അനുവാദം വാങ്ങേണ്ടതാണെന്ന് നിർദ്ദേശിക്കാവുന്നതുമാണ്.

പുനഃക്രമീകരണം പ്രാബല്യത്തിൽ വരുമ്പോൾ, തസ്തിക കുറവ് വരുന്ന ദേവസ്വങ്ങളിലെ പ്രാധാന്യമുള്ള ദിവസങ്ങളിൽ സബ്ഗ്രൂപ്പിനുള്ളിലെ മററ് ദേവസ്വങ്ങളിൽ നിന്നും ജീവനക്കാരെ വഴിപാട് രസീതെഴുതുന്നതിനായി നിയോഗിക്കേണ്ടതിന്റെ ആവശ്യകത പരിശോധിച്ച്, ആവശ്യമാണെന്ന് കാണുന്നപക്ഷം അതുമായി ബന്ധപ്പെട്ട ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിന് അതത് ദേവസ്വം അഡ്മിനിസ്ട്രേററീവ് ഓഫീസർ/ സബ്ഗ്രൂപ്പ് ഓഫീസർമാരെ ചുമതലപ്പെടുത്താവുന്നതാണ്.

കുറഞ്ഞവരവും ചെലവ് വരവിനേക്കാൾ വളരെ കൂടുതലുള്ളതുമായ ദേവസ്വങ്ങളിലെയും ജോലിഭാരം കുറവുള്ള ദേവസ്വങ്ങളിലെയും കഴകം, തളി മുതലായ പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനായി പുറമെനിന്നും ആളെ നിയോഗിക്കുന്നതിനുള്ള

ശുപാർശ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം നിയോഗിക്കപ്പെടുന്നവർ സ്വഭാവശുദ്ധിയുള്ളവരും ക്ഷേത്രാചാരങ്ങൾ മാനിക്കുന്നവരുമായിരിക്കണമെന്ന് ഉറപ്പാക്കുന്നതിനൊപ്പം അവർ കൈകാര്യം ചെയ്യുന്നതും അവർക്ക് പ്രാപ്യമായതുമായ ക്ഷേത്രവസ്തുക്കൾക്ക് കേടുപാടുകൾ സംഭവിക്കാതിരിക്കുന്നതിനും അവ നഷ്ടപ്പെടാതിരിക്കുന്നതിനുമുള്ള ജാഗ്രത, അതത് ദേവസ്വങ്ങളിലെ പ്രധാന ഉദ്യോഗസ്ഥർ പുലർത്തേണ്ടതാണ്.

മേൽപ്രകാരം നിയമിക്കപ്പെടുന്നവരുടെ തിരിച്ചറിൽ രേഖകളുടെ പകർപ്പും നിശ്ചിത മാതൃകയിലുള്ള സത്യവാങ്മൂലവും വാങ്ങി സൂക്ഷിക്കുന്നതിന് അതത് ദേവസ്വങ്ങളിലെ അഡ്മിനിസ്ട്രേററീവ് ഓഫീസർ / സബ്ഗ്രൂപ്പ് ഓഫീസർമാർക്ക് നിർദ്ദേശം നൽകാവുന്നതാണ്. സത്യവാങ്മൂലത്തിന്റെ മാതൃക നിയമവിഭാഗം മുഖാന്തിരം തയ്യാറാക്കി നൽകാവുന്നതുമാണ്.

തിരുവിതാംകൂർ ദേവസ്വം ബോർഡ് ഭരണത്തിലുള്ള ക്ഷേത്രങ്ങളിൽ (2019-2020 വർഷത്തെ വരവ് - ചെലവിന്റെ അടിസ്ഥാനത്തിൽ) 10 ശതമാനത്തിൽ താഴെ മാത്രമാണ് സ്വയംപര്യാപ്തമായ ക്ഷേത്രങ്ങളുടെ ഗണത്തിൽപ്പെടുന്നവ.

അരഡസനിൽ കൂടുതൽ തസ്തികകളുള്ളതും എന്നാൽ, ഒരു തസ്തികയിലെ ജീവനക്കാരന്റെ ശമ്പളം നൽകുന്നതിന് പര്യാപ്തമായ വരവില്ലാത്തതുമായ ക്ഷേത്രങ്ങളും പ്രതിമാസം ശരാശരി 3,000 രൂപയിൽ താഴെ വരവുള്ളതും 80,000 രൂപയ്ക്ക് മുകളിൽ ചെലവുള്ളതുമായ ക്ഷേത്രങ്ങളും ബോർഡ് ഭരണത്തിലുണ്ട്.

2019-2020 വർഷത്തെ വരവ് - ചെലവ്, ജീവനക്കാരുടെ ജോലിഭാരം, ക്ഷേത്രം ഇപ്പോഴത്തെതിനേക്കാൾ അഭിവൃദ്ധിപ്പെടുന്നതിനുള്ള സാദ്ധ്യത തുടങ്ങിയ കാര്യങ്ങൾ വിലയിരുത്തി, അതിന്റെ അടിസ്ഥാനത്തിലാണ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. എന്നാൽ, ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും പ്രവർത്തനമികവും ഉപദേശകസമിതികളുടെ സഹകരണവും ചില ക്ഷേത്രങ്ങളുടെ നിലവിലെ സ്ഥിതിക്ക് കാര്യമായ മാററം ഭാവിയിലുണ്ടായേക്കാം. അതിനാൽ, അഞ്ച് വർഷത്തിലൊരിക്കൽ പുനഃപരിശോധന നടത്തി തസ്തികകൾ പുനഃക്രമീകരിക്കാവുന്നതാണ്.

കോട്ടയം ഗ്രൂപ്പ്

തിരുനക്കര സബ്ഗ്രൂപ്പ്

തിരുനക്കര ദേവസ്വം

ക്രമ നമ്പർ	നിലവിലുള്ള തസ്തികകൾ	എണ്ണം		ക്രമ നമ്പർ	കുറവ് ചെയ്യാവുന്ന തസ്തികകൾ	എണ്ണം	റിമാർക്സ്
1.	ശാന്തി	3		1.	വാച്ചർ	2	
2.	കൈസ്ഥാനി (കാരാണ്മ)	2		2.	തകിൽ	1	
3.	വാച്ചർ	4		3.	പഞ്ചവാദ്യം	1	വടവാതൂർ സബ്ഗ്രൂപ്പിൽപ്പെട്ട പെരിങ്ങളളൂർ ദേവസ്വത്തിലേക്ക് മാററാവുന്നതാണ്
4.	നാഗസ്വരം	2		4.	തളി	1	പുതിയതൃക്കോവിൽ ദേവസ്വത്തിലേക്ക് മാററാവുന്നതാണ്
5.	തകിൽ	2					
6.	പഞ്ചവാദ്യം	4					
7.	കഴകം	2					
8.	തളി	3					
9.	സാനിട്ടറി വർക്കർ	1					
	ആകെ	**23**			**ആകെ**	**5**	

തിരുനക്കര ദേവസ്വത്തിലെ വാർഷിക (2019-2020) വരവ് 1,71,01,641 രൂപ. ചെലവ് 1,11,78,373 രൂപ.

തിരുനക്കര ദേവസ്വത്തിലെ വാച്ചർ തസ്തിക രണ്ടെണ്ണവും തളി തസ്തിക ഒരെണ്ണവും ഒഴിഞ്ഞുകിടക്കുകയാണ്. ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിൽ ജീവനക്കാരെ നിയമിച്ച്, ടിയാളുകളുടെയും അഡ്മിനിസ്ട്രേററീവ് ഓഫീസറുടെയും ശമ്പളം കൂടി ചെലവിൽ ഉൾപ്പെടുമ്പോൾ, ചെലവ് മുകളിൽ രേഖപ്പെടുത്തിയിരിക്കുന്നതിനേക്കാൾ വർദ്ധിക്കുന്നതാണ്.

ജോലിഭാരം പരിഗണിച്ചതിൽ, തിരുനക്കര ദേവസ്വത്തിൽ രണ്ട് വാച്ചർമാരുടെ സേവനം മതിയാകുമെന്ന് കാണുന്നു. വാച്ചർ തസ്തിക രണ്ടെണ്ണം ഒഴിവാക്കാവുന്നതാണ്.

ഏററുമാനൂർ, വൈക്കം ദേവസ്വങ്ങളിലേതുപോലെ തിരുനക്കര ദേവസ്വത്തിലും തകിൽ തസ്തിക ഒരെണ്ണം നിലനിർത്തിയാൽ മതിയാകുമെന്ന് കാണുന്നു. തകിൽ തസ്തിക ഒരെണ്ണം ഒഴിവാക്കാവുന്നതാണ്.

പഞ്ചവാദ്യം തസ്തികയിലെ ജീവനക്കാരിൽ ഒരാളെ വടവാതൂർ സബ്ഗ്രൂപ്പിൽപ്പെട്ട പെരിങ്ങളളൂർ ദേവസ്വത്തിൽ നിയോഗിച്ചിരിക്കുകയാണ്. ടിയാന്റെ ശമ്പളം തിരുനക്കര ദേവസ്വത്തിൽ ചെലവെഴുതി വരുന്നു. തിരുനക്കര ദേവസ്വത്തിൽ തിമില, ചെണ്ട, ചേങ്ങില തുടങ്ങിയ വാദ്യങ്ങൾ വായിക്കുന്നതിനായി പഞ്ചവാദ്യം തസ്തികകൾ മൂന്നെണ്ണം മതിയാകുമെന്ന് കാണുന്നു. ആകയാൽ, പഞ്ചവാദ്യം തസ്തിക ഒരെണ്ണം പെരിങ്ങളളൂർ ദേവസ്വത്തിലേക്ക് മാററാവുന്നതാണ്.

രണ്ട് ജീവനക്കാർക്ക് നിർവ്വഹിക്കാവുന്ന തളി ജോലികളെയുളളൂവെന്ന് കാണുന്നു. ആകയാൽ, തളി തസ്തിക ഒരെണ്ണം പുതിയതൃക്കോവിൽ ദേവസ്വത്തിലേക്ക് മാററാവുന്നതാണ്.

തിരുനക്കര ദേവസ്വത്തിലെയും പുതിയതൃക്കോവിൽ ദേവസ്വത്തിലെയും തളി ജീവനക്കാർ കോട്ടയത്ത് പ്രവർത്തിക്കുന്ന തിരുവിതാംകൂർ ദേവസ്വം ബോർഡ് ഓഫീസുകളിലെ തൂപ്പ് ജോലികൾ കൂടി നിർവ്വഹിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യാവുന്നതാണ്. ആയതുമായി ബന്ധപ്പെട്ട ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിന് തിരുനക്കര ദേവസ്വം അഡ്മിനിസ്ട്രേററീവ് ഓഫീസറെ ചുമതലപ്പെടുത്താവുന്നതാണ്.

തിരുനക്കര ദേവസ്വത്തിലെ ശാന്തി ഒഴികെയുള്ള തസ്തികകളിലെ ഓരോ ജീവനക്കാരനെ എല്ലാ വെള്ളിയാഴ്ച ദിവസങ്ങളിലും രസീതെഴുതുന്നതിനായി ചെറുവള്ളിക്കാവ് ദേവസ്വത്തിൽ നിയോഗിക്കുന്നതിനാവശ്യമായ ക്രമീകരണം ഏർപ്പെടുത്തുന്നതിനും തിരുനക്കര ദേവസ്വം അഡ്മിനിസ്ട്രേററീവ് ഓഫീസറെ ചുമതലപ്പെടുത്താവുന്നതാണ്.

ക്രമ നമ്പർ	പുനഃക്രമീകരണത്തിനു ശേഷം നിലനിൽക്കുന്ന തസ്തികകൾ	എണ്ണം
1.	ശാന്തി	3
2.	കൈസ്ഥാനി (കാരാണ്മ)	2
3.	വാച്ചർ	2
4.	നാഗസ്വരം	2
5.	തകിൽ	1
6.	പഞ്ചവാദ്യം	3
7.	കഴകം	2
8.	തളി	2
9.	സാനിട്ടറി വർക്കർ	1
	ആകെ	**18**

പുതിയതൃക്കോവിൽ ദേവസ്വം

ക്രമ നമ്പർ	നിലവിലുള്ള തസ്തികകൾ	എണ്ണം
1.	ശാന്തി	2
2.	വാച്ചർ	1
3.	പഞ്ചവാദ്യം	1
4.	കഴകം (കാരാണ്മ)	1
	ആകെ	**5**

ക്രമ നമ്പർ	പുനർവിന്യാസത്തിലൂടെ വരുന്ന തസ്തിക	എണ്ണം	റിമാർക്സ്
1.	തളി	1	തിരുനക്കര ദേവസ്വത്തിലെ തളി തസ്തിക ഒരെണ്ണം പുതിയതൃക്കോവിൽ ദേവസ്വത്തിലേക്ക് മാററാവുന്നതാണ്
	ആകെ	**1**	

പുതിയതൃക്കോവിൽ ദേവസ്വത്തിലെ വാർഷിക (2019-2020) വരവ് 42,43,275 രൂപ. ചെലവ് 37,50,530 രൂപ.

പുതിയതൃക്കോവിൽ ദേവസ്വത്തിൽ തളിപ്രവൃത്തിക്കായി തസ്തിക അനുവദിച്ചിട്ടില്ലാത്തതാണ്. തിരുനക്കര ദേവസ്വത്തിലെ തളി തസ്തിക പുതിയതൃക്കോവിൽ ദേവസ്വത്തിലേക്ക് മാററാവുന്നതാണ്.

പുതിയതൃക്കോവിൽ ദേവസ്വത്തിലെയും തിരുനക്കര ദേവസ്വത്തിലെയും തളി ജീവനക്കാർ കോട്ടയത്ത് പ്രവർത്തിക്കുന്ന തിരുവിതാംകൂർ ദേവസ്വം ബോർഡ് ഓഫീസുകളിലെ തൂപ്പ് ജോലികൾ കൂടി നിർവ്വഹിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നതിനും ആയതുമായി ബന്ധപ്പെട്ട ക്രമീകരണം ഏർപ്പെടുത്തുന്നതിനുമുള്ള ശുപാർശ തിരുനക്കര ദേവസ്വത്തെ സംബന്ധിച്ച റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ക്രമ നമ്പർ	പുനഃക്രമീകരണത്തിനു ശേഷം നിലനിൽക്കുന്ന തസ്തികകൾ	എണ്ണം
1.	ശാന്തി	2
2.	വാച്ചർ	1
3.	പഞ്ചവാദ്യം	1
4.	കഴകം (കാരാണ്മ)	1
5.	തളി	1
	ആകെ	**6**

ചെറുവള്ളിക്കാവ് ദേവസ്വം

ക്രമ നമ്പർ	നിലവിലുള്ള തസ്തികകൾ	എണ്ണം		ക്രമ നമ്പർ	കുറവ് ചെയ്യാവുന്ന തസ്തിക	എണ്ണം
1.	ശാന്തി	1		1.	കഴകം	1
2.	കഴകം	1				
	ആകെ	**2**			**ആകെ**	**1**

ചെറുവള്ളിക്കാവ് ദേവസ്വത്തിലെ വാർഷിക (2019-2020) വരവ് 3,21,991 രൂപ. ചെലവ് 9,77,666 രൂപ. വരവിനെ അധികരിച്ച ചെലവ് 6,55,675 രൂപ (ചെലവ്, വരവിന്റെ മൂന്നിരട്ടിയിലധികം).

ചെലവ് വരവിനേക്കാൾ വളരെ കൂടുതലാകയാൽ, കഴകം തസ്തിക ഒഴിവാക്കാവുന്നതും, ചെറുവള്ളിക്കാവ് ദേവസ്വത്തിലെ കഴകപ്രവൃത്തി നിർവ്വഹിക്കുന്നതിനായി സബ്ഗ്രൂപ്പ് ഓഫീസറുടെ ഉത്തരവാദിത്വത്തിൽ ഒരാളെ നിയോഗിക്കുന്നതിനും ടിയാൾക്ക് കഴകം തസ്തികയിലെ പകരംവ്യവസ്ഥയ്ക്ക് അനുവാദമുള്ള നിരക്കിൽ അലവൻസ് ചെലവെഴുതി കൊടുക്കുന്നതിനും അനുമതി നൽകാവുന്നതുമാണ്.

ദേവീ ക്ഷേത്രമായ ചെറുവള്ളിക്കാവ് ദേവസ്വത്തിൽ പ്രാധാന്യമുള്ള വെള്ളിയാഴ്ച ദിവസങ്ങളിൽ, തിരുനക്കര ദേവസ്വത്തിലെ ശാന്തി ഒഴികെയുള്ള തസ്തികകളിലെ ഒരു ജീവനക്കാരനെ ചെറുവള്ളിക്കാവ് ദേവസ്വത്തിൽ രസീതെഴുതുന്നതിനായി നിയോഗിക്കുന്നതിനാവശ്യമായ ക്രമീകരണം ഏർപ്പെടുത്തുന്നതിന് തിരുനക്കര ദേവസ്വം അഡ്മിനിസ്ട്രേററീവ് ഓഫീസറെ ചുമതലപ്പെടുത്തുന്നതിനുള്ള ശുപാർശ തിരുനക്കര ദേവസ്വത്തെ സംബന്ധിച്ച റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ക്രമ നമ്പർ	പുനഃക്രമീകരണത്തിനു ശേഷം നിലനിൽക്കുന്ന തസ്തിക	എണ്ണം
1.	ശാന്തി	1
	ആകെ	**1**

പാക്കിൽ സബ്ഗ്രൂപ്പ്

പാക്കിൽ ദേവസ്വം

ക്രമ നമ്പർ	നിലവിലുള്ള തസ്തികകൾ	എണ്ണം		ക്രമ നമ്പർ	കുറവ് ചെയ്യാവുന്ന തസ്തിക	എണ്ണം
1.	ശാന്തി	2		1.	വാച്ചർ	1
2.	വാച്ചർ	2				
3.	നാഗസ്വരം	1				
4.	തകിൽ	1				
5.	പഞ്ചവാദ്യം	2				
6.	കഴകം (കാരാണ്മ)	2				
7.	തളി	1				
	ആകെ	**11**			**ആകെ**	**1**

പാക്കിൽ ദേവസ്വത്തിലെ വാർഷിക (2019-2020) വരവ് 30,38,375 രൂപ. ചെലവ് 52,34,727 രൂപ. വരവിനെ അധികരിച്ച ചെലവ് 21,96,352 രൂപ.

ഒരു കഴകം (കാരാണ്മ) തസ്തികയിലെ പ്രവൃത്തിക്ക് അവകാശമുള്ള കുടുംബത്തിൽ നിന്നും ആളെ നിയോഗിക്കാത്ത സാഹചര്യത്തിൽ കോൺട്രാക്ട് വ്യവസ്ഥയിൽ ആളെ നിയോഗിച്ച്, ജോലി ചെയ്യിച്ചുവരുന്നു. പ്രസ്തുത തസ്തികയിൽ ആളെ നോമിനേററ് ചെയ്ത്, ടിയാളുടെ ശമ്പളവും സബ്ഗ്രൂപ്പ് ഓഫീസറുടെ ശമ്പളം കൂടി ചെലവിൽ ഉൾപ്പെടുമ്പോൾ, അധികരിച്ച ചെലവ് മുകളിൽ രേഖപ്പെടുത്തിയിരിക്കുന്നതിനേക്കാൾ വർദ്ധിക്കുന്നതാണ്.

ജോലിഭാരം പരിഗണിച്ചതിൽ, ഒരു വാച്ചറുടെ സേവനം മതിയാകുമെന്ന് കാണുന്നു. വാച്ചർ തസ്തിക ഒരെണ്ണം ഒഴിവാക്കാവുന്നതാണ്.

ക്രമ നമ്പർ	പുനഃക്രമീകരണത്തിനു ശേഷം നിലനിൽക്കുന്ന തസ്തികകൾ	എണ്ണം
1.	ശാന്തി	2
2.	വാച്ചർ	1
3.	നാഗസ്വരം	1
4.	തകിൽ	1
5.	പഞ്ചവാദ്യം	2
6.	കഴകം (കാരാണ്മ)	2
7.	തളി	1
	ആകെ	**10**

തോട്ടയ്ക്കാട് ദേവസ്വം

ക്രമ നമ്പർ	നിലവിലുള്ള തസ്തികകൾ	എണ്ണം		ക്രമ നമ്പർ	കുറവ് ചെയ്യാവുന്ന തസ്തിക	എണ്ണം	റിമാർക്സ്
1.	ശാന്തി	1		1.	തളി (പാർട്ട്ടൈം)	1	യോഗീശ്വരം ദേവസ്വത്തിലേക്ക് മാററാവുന്നതാണ്
2.	വാച്ചർ	1					
3.	കഴകം	1					
4.	തളി (പാർട്ട്ടൈം)	1					
	ആകെ	**4**			**ആകെ**	**1**	

ക്രമ നമ്പർ	പുതുതായി അനുവദിക്കാവുന്ന തസ്തിക	എണ്ണം
1.	ശാന്തി (പാർട്ട്ടൈം)	1
	ആകെ	**1**

തോട്ടയ്ക്കാട് ദേവസ്വത്തിലെ വാർഷിക (2019-2020) വരവ് 17,49,794 രൂപ. ചെലവ് 12,63,301 രൂപ.

കഴകം തസ്തികയും പാർട്ട്ടൈം തളി തസ്തികയും ഒഴിഞ്ഞുകിടക്കുകയാണ്. പ്രസ്തുത തസ്തികകളിൽ ജീവനക്കാരെ നിയോഗിച്ച്, ടിയാന്മാരുടെ ശമ്പളം കൂടി ചെലവിൽ ഉൾപ്പെടുമ്പോൾ, വരവും ചെലവും തമ്മിൽ അന്തരമുണ്ടാകില്ല.

തോട്ടയ്ക്കാട് ദേവസ്വത്തിൽ പ്രധാന പ്രതിഷ്ഠയായ ശങ്കരനാരായണസ്വാമിയ്ക്ക് പുറമെ ശാസ്താവ്, ഗണപതി, നാഗർ, ദേവി എന്നീ ഉപനടകളുമുണ്ട്. പ്രധാന ശ്രീകോവിലിലെയും ഉപനടകളിലേയും പൂജാദികാര്യങ്ങളും വഴിപാടുകളും ഒരു ശാന്തിയ്ക്ക് നടത്തുന്നതിന് ബുദ്ധിമുട്ട് നേരിടുന്നുണ്ട്. പലപ്പോഴും വഴിപാടുകൾ നടത്തിക്കൊടുക്കുന്നതിന് കാലതാമസം ഉണ്ടാകുന്നുമുണ്ട്. പ്രസ്തുത സാഹചര്യത്തിൽ, തോട്ടയ്ക്കാട് ദേവസ്വത്തിൽ ഒരു പാർട്ട്ടൈം ശാന്തി തസ്തിക അനുവദിക്കാവുന്നതാണ്.

ജോലിഭാരം കുറവാകയാൽ, പാർട്ട്ടൈം തളി തസ്തിക യോഗീശ്വരം ദേവസ്വത്തിലേക്ക് മാററാവുന്നതും തോട്ടയ്ക്കാട് ദേവസ്വത്തിലെ തളിപ്രവൃത്തി നിർവ്വഹിക്കുന്നതിനായി സബ്ഗ്രൂപ്പ് ഓഫീസറുടെ ഉത്തരവാദിത്വത്തിൽ ഒരാളെ (പാർട്ട്ടൈം) നിയോഗിക്കുന്നതിനും ടിയാൾക്ക്

പാർട്ട്ടൈം തളി തസ്തികയിലെ പകരംവ്യവസ്ഥയ്ക്ക് അനുവാദമുള്ള നിരക്കിൽ അലവൻസ് ചെലവെഴുതി കൊടുക്കുന്നതിനും അനുമതി നൽകാവുന്നതുമാണ്.

ക്രമ നമ്പർ	പുനഃക്രമീകരണത്തിനു ശേഷം നിലനിൽക്കുന്ന തസ്തികകൾ	എണ്ണം
1.	ശാന്തി	1
2.	ശാന്തി (പാർട്ട്ടൈം)	1
3.	വാച്ചർ	1
4.	കഴകം	1
	ആകെ	**4**

ചെറുവള്ളിക്കാവ് ദേവസ്വം

ക്രമ നമ്പർ	നിലവിലുള്ള തസ്തികകൾ	എണ്ണം		ക്രമ നമ്പർ	കുറവ് ചെയ്യാവുന്ന തസ്തികകൾ	എണ്ണം	റിമാർക്സ്
1.	ശാന്തി	1		1.	ശാന്തി	1	യോഗീശ്വരം ദേവസ്വത്തിലേക്ക് മാററാവുന്നതാണ്
2.	കഴകം	1		2.	കഴകം	1	
	ആകെ	**2**			**ആകെ**	**2**	

ക്രമ നമ്പർ	പുനർവിന്യാസത്തിലൂടെ വരുന്ന തസ്തിക	എണ്ണം	റിമാർക്സ്
1.	ശാന്തി (പാർട്ട്ടൈം)	1	യോഗീശ്വരം ദേവസ്വം പാർട്ട്ടൈം ശാന്തി തസ്തിക ചെറുവള്ളിക്കാവ് ദേവസ്വത്തിലേക്ക് മാററാവുന്നതാണ്.
	ആകെ	**1**	

ചെറുവള്ളിക്കാവ് ദേവസ്വത്തിലെ വാർഷിക (2019-2020) വരവ് 1,58,711 രൂപ ചെലവ് 11,80,367 രൂപ. വരവിനെ അധികരിച്ച ചെലവ് 10,21,656 രൂപ (ചെലവ്, വരവിന്റെ ഏഴിരട്ടിയിലധികം).

പ്രതിമാസം ശരാശരി 13,300 രൂപയിൽ താഴെ വരവും 98,000 രൂപയ്ക്ക് മുകളിൽ ചെലവുമുള്ള ചെറുവള്ളിക്കാവ് ദേവസ്വത്തിലെ ശാന്തിപ്രവൃത്തിക്കായി ഫുൾടൈം തസ്തിക നിലനിർത്തേണ്ടതില്ലായെന്നും കഴകപ്രവൃത്തിക്കായി തസ്തിക അനിവാര്യമല്ലായെന്നും വിലയിരുത്തുന്നു. ചെറുവള്ളിക്കാവ് ദേവസ്വത്തിലെ ഫുൾടൈം ശാന്തി തസ്തിക യോഗീശ്വരം ദേവസ്വത്തിലേക്കും യോഗീശ്വരം ദേവസ്വത്തിലെ പാർട്ട്ടൈം ശാന്തി തസ്തിക ചെറുവള്ളിക്കാവ് ദേവസ്വത്തിലേക്കും പരസ്പരം മാററാവുന്നതാണ്.

ഫുൾടൈം ക്ഷേത്രമായ ചെറുവള്ളിക്കാവിലെ പാർട്ട്ടൈം ശാന്തി തസ്തികയിൽ നിയോഗിക്കപ്പെടുന്ന ജീവനക്കാരൻ രാവിലെയും വൈകുന്നേരവും നിലവിലെ സമയക്രമം പാലിച്ച് ക്ഷേത്രനട തുറന്ന് പൂജാദികാര്യങ്ങൾ നിർവ്വഹിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യാവുന്നതാണ്. രണ്ടുനേരവും ക്ഷേത്രത്തിൽ ഹാജരായി ശാന്തിപ്രവൃത്തി നിർവ്വഹിക്കുന്ന പാർട്ട്ടൈം ശാന്തിക്ക് അനുവാദമുള്ള അധികഅലവൻസ്, ചെറുവള്ളിക്കാവ് ദേവസ്വത്തിലെ പാർട്ട്ടൈം ശാന്തിക്ക് ചെലവെഴുതി കൊടുക്കുന്നതിന് അനുമതി നൽകാവുന്നതാണ്.

കഴകം തസ്തിക ഒഴിവാക്കാവുന്നതും, ചെറുവള്ളിക്കാവ് ദേവസ്വത്തിലെ ശാന്തിപ്രവൃത്തിക്ക് പുറമെയുള്ള പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനായി സബ്ഗ്രൂപ്പ് ഓഫീസറുടെ ഉത്തരവാദിത്വത്തിൽ ഒരാളെ നിയോഗിക്കുന്നതിനും ടിയാൾക്ക് കഴകം തസ്തികയിലെ പകരംവ്യവസ്ഥയ്ക്ക് അനുവാദമുള്ള നിരക്കിൽ അലവൻസ് ചെലവെഴുതി കൊടുക്കുന്നതിനും അനുമതി നൽകാവുന്നതുമാണ്.

ക്രമ നമ്പർ	പുനഃക്രമീകരണത്തിനു ശേഷം നിലനിൽക്കുന്ന തസ്തിക	എണ്ണം	റിമാർക്സ്
1.	ശാന്തി (പാർട്ട്ടൈം)	1	രാവിലെയും വൈകുന്നേരവും നിലവിലെ സമയക്രമം പാലിച്ച് ക്ഷേത്രനട തുറന്ന് പൂജാദികാര്യങ്ങൾ നിർവ്വഹിക്കേണ്ടതാണ്
	ആകെ	**1**	

യോഗീശ്വരം ദേവസ്വം

ക്രമ നമ്പർ	നിലവിലുള്ള തസ്തികകൾ	എണ്ണം		ക്രമ നമ്പർ	കുറവ് ചെയ്യാവുന്ന തസ്തിക	എണ്ണം	റിമാർക്സ്
1.	ശാന്തി (പാർട്ട്ടൈം)	1		1.	ശാന്തി (പാർട്ട്ടൈം)	1	ചെറുവള്ളിക്കാവ് ദേവസ്വത്തിലേക്ക് മാററാവുന്നതാണ്
	ആകെ	**1**			**ആകെ**	**1**	

ക്രമ നമ്പർ	പുനർവിന്യാസത്തിലൂടെ വരുന്ന തസ്തികകൾ	എണ്ണം	റിമാർക്സ്
1.	ശാന്തി	1	ചെറുവള്ളിക്കാവ് ദേവസ്വത്തിലെ ഫുൾടൈം ശാന്തി തസ്തിക യോഗീശ്വരം ദേവസ്വത്തിലേക്ക് മാററാവുന്നതാണ്.
2.	തളി (പാർട്ട്ടൈം)	1	തോട്ടയ്ക്കാട് ദേവസ്വത്തിലെ പാർട്ട്ടൈം തളി തസ്തിക യോഗീശ്വരം ദേവസ്വത്തിലേക്ക് മാററാവുന്നതാണ്.
	ആകെ	**2**	

യോഗീശ്വരം ദേവസ്വത്തിലെ വാർഷിക (2019-2020) വരവ് 4,02,680 രൂപ. ചെലവ് 2,23,109 രൂപ.

ഒരു പാർട്ട്ടൈം ശാന്തി തസ്തിക മാത്രമാണ് യോഗീശ്വരം ദേവസ്വത്തിൽ അനുവദിച്ചിട്ടുള്ളത്. ഫുൾടൈം ശാന്തി തസ്തിക അനുവദിക്കുന്നുവെങ്കിൽ ക്ഷേത്രം കൂടുതൽ അഭിവൃദ്ധിപ്പെടുന്നതിനുള്ള സാദ്ധ്യതയുള്ളതായി കാണുന്നു. പ്രസ്തുത സാഹചര്യത്തിൽ, ചെറുവള്ളിക്കാവ് ദേവസ്വത്തിലെ ഫുൾടൈം ശാന്തി തസ്തിക യോഗീശ്വരം ദേവസ്വത്തിലേക്കും, യോഗീശ്വരം ദേവസ്വത്തിലെ പാർട്ട്ടൈം ശാന്തി തസ്തിക ചെറുവള്ളിക്കാവ് ദേവസ്വത്തിലേക്കും പരസ്പരം മാററാവുന്നതാണ്.

കൂടാതെ, രസീതെഴുന്നതടക്കമുള്ള പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനായി തോട്ടയ്ക്കാട് ദേവസ്വത്തിലെ പാർട്ട്ടൈം തളി തസ്തിക യോഗീശ്വരം ദേവസ്വത്തിലേക്ക് മാററാവുന്നതുമാണ്. ക്ഷേത്രം രാവിലെയും വൈകുന്നേരവും തുറന്ന് പൂജ നടത്തിവരുന്ന സാഹചര്യത്തിൽ, യോഗീശ്വരം ദേവസ്വത്തിലെ പാർട്ട്ടൈം തളി തസ്തികയിൽ നിയോഗിക്കപ്പെടുന്ന ജീവനക്കാരൻ രാവിലെയും വൈകുന്നേരവും ക്ഷേത്രത്തിൽ ഹാജരായി കർത്തവ്യനിർവ്വഹണം നടത്തേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യാവുന്നതാണ്. രണ്ടുനേരവും ക്ഷേത്രത്തിൽ ഹാജരായി ജോലിചെയ്യുന്ന പാർട്ട്ടൈം തളിക്ക് അധികഅലവൻസ് നിശ്ചയിക്കേണ്ടതും അനുവദിക്കുന്ന തുക ചെലവെഴുതി കൊടുക്കുന്നതിന് അനുമതി ഉണ്ടാകേണ്ടതുമാണ്.

ക്രമ നമ്പർ	പുനഃക്രമീകരണത്തിനു ശേഷം നിലനിൽക്കുന്ന തസ്തിക	എണ്ണം	റിമാർക്സ്
1.	ശാന്തി	1	
2.	തളി (പാർട്ട്ടൈം)	1	രാവിലെയും വൈകുന്നേരവും ക്ഷേത്രത്തിൽ ഹാജരായി കർത്തവ്യനിർവ്വഹണം നടത്തേണ്ടതാണ്
	ആകെ	**2**	

തിരുവാർപ്പ് സബ്ഗ്രൂപ്പ്

തിരുവാർപ്പ് ദേവസ്വം

ക്രമ നമ്പർ	നിലവിലുള്ള തസ്തികകൾ	എണ്ണം		ക്രമ നമ്പർ	കുറവ് ചെയ്യാവുന്ന തസ്തികകൾ	എണ്ണം
1.	മേൽശാന്തി (നമ്പി നോമിനി)	2		1.	വാച്ചർ	1
2.	ശാന്തി	2		2.	തളി	1
3.	വാച്ചർ	2				
4.	നാഗസ്വരം	1				
5.	തകിൽ	1				
6.	പഞ്ചവാദ്യം	3				
7.	കഴകം (കാരാണ്മ)	3				
8.	തളി	2				
	ആകെ	**16**			**ആകെ**	**2**

ക്രമ നമ്പർ	പുനർവിന്യാസത്തിലൂടെ വരുന്ന തസ്തിക	എണ്ണം
1.	ശാന്തി (പാർട്ട്ടൈം)	1
	ആകെ	**1**

തിരുവാർപ്പ് ദേവസ്വത്തിലെ വാർഷിക (2019-2020) വരവ് 56,44,528 രൂപ. ചെലവ് 50,37,199 രൂപ.

കാരാണ്മ കഴകം തസ്തിക മൂന്നെണ്ണവും, പ്രസ്തുത പ്രവൃത്തിക്ക് അവകാശമുള്ള കുടുംബങ്ങളിൽ നിന്നും ആളെ നിയോഗിക്കാത്തതിനാൽ, കോൺട്രാക്ട് വ്യവസ്ഥയിൽ ആളുകളെ നിയോഗിച്ച്, ജോലിചെയ്യിച്ചുവരുന്നു. ടി തസ്തികകളിൽ ആളുകളെ നോമിനേറ്റ് ചെയ്ത്, ടിയാളുകളുടെയും തിരുവാർപ്പ് ദേവസ്വം സബ്ഗ്രൂപ്പ് ഓഫീസറുടെയും ശമ്പളം കൂടി ചെലവിൽ ഉൾപ്പെടുമ്പോൾ, ചെലവ് വരവിനെ അധികരിക്കുന്നതാണ്.

ശാസ്താവ്, സുബ്രഹ്മണ്യൻ, ഗണപതി, യക്ഷി എന്നീ ഉപദേവാലയങ്ങൾ തിരുവാർപ്പ് ദേവസ്വത്തിൽ നിന്നും അൽപം അകലെയായാണ് സ്ഥിതിചെയ്യുന്നത്. പ്രസ്തുത ഉപനടകളിലെ പൂജകളും വഴിപാടുകളും നടത്തുന്നതിന് ഒരു പാർട്ട്ടൈം ശാന്തിയുടെ സേവനം ആവശ്യമാണെന്ന് കാണുന്നു. ആകയാൽ തിരുവാർപ്പ് ദേവസ്വത്തിൽ ഒരു പാർട്ട്ടൈം ശാന്തി തസ്തിക അനുവദിക്കാവുന്നതാണ്.

ടി ഉപദേവാലയങ്ങളിലെ രസീതുകൾ എഴുതുന്നതിനായി നിത്യവും തിരുവാർപ്പ് ദേവസ്വത്തിലെ ശാന്തി തസ്തിക ഒഴികെയുള്ള തസ്തികകളിലെ ഒരു ജീവനക്കാരനെ നിയോഗിക്കുന്നതിനാവശ്യമായ ക്രമീകരണം ഏർപ്പെടുത്തുന്നതിന് സബ്ഗ്രൂപ്പ് ഓഫീസറെ ചുമതലപ്പെടുത്താവുന്നതാണ്.

തിരുവാർപ്പ് ദേവസ്വത്തിലെ ഒരു വാച്ചറെ കുമരകം ദേവസ്വത്തിലും, തളിക്കാരിൽ ഒരാളെ ദേവസ്വം ബോർഡ് പ്രസ്സിലും ഡ്യൂട്ടിവ്യവസ്ഥയിൽ നിയോഗിച്ചിരിക്കുകയാണ്.

ജോലിഭാരം പരിഗണിച്ചതിൽ, ഒരു വാച്ചറുടെ സേവനം മതിയാകുമെന്ന് കാണുന്നു. വാച്ചർ തസ്തിക ഒരെണ്ണം ഒഴിവാക്കാവുന്നതാണ്.

തിരുവാർപ്പ് ദേവസ്വത്തിലെ തളി തസ്തിക ഒരെണ്ണം കുറവ് ചെയ്യാവുന്നതും, ഒഴിവാക്കുന്ന തളി തസ്തികയിലെ ജീവനക്കാരി നിർവ്വഹിച്ചുവരുന്ന പ്രവൃത്തികൾ ചെയ്യുന്നതിനായി സബ്ഗ്രൂപ്പ് ഓഫീസറുടെ ഉത്തരവാദിത്വത്തിൽ ഒരാളെ നിയോഗിക്കുന്നതിനും ടിയാൾക്ക് തളി തസ്തികയിലെ പകരംവ്യവസ്ഥയ്ക്ക് അനുവാദമുള്ള നിരക്കിൽ അലവൻസ് ചെലവെഴുതി കൊടുക്കുന്നതിനും അനുമതി നൽകാവുന്നതുമാണ്.

ക്രമ നമ്പർ	പുനഃക്രമീകരണത്തിനു ശേഷം നിലനിൽക്കുന്ന തസ്തികകൾ	എണ്ണം
1.	മേൽശാന്തി (നമ്പി നോമിനി)	2
2.	കീഴ്ശാന്തി	2
3.	ശാന്തി (പാർട്ട്ടൈം)	1
4.	വാച്ചർ	1
5.	നാഗസ്വരം	1
6.	തകിൽ	1
7.	പഞ്ചവാദ്യം	3
8.	കഴകം (കാരാണ്മ)	3
9.	തളി	1
	ആകെ	**15**

കിളിരൂർ ദേവസ്വം

ക്രമ നമ്പർ	നിലവിലുള്ള തസ്തികകൾ	എണ്ണം		ക്രമ നമ്പർ	കുറവ് ചെയ്യാവുന്ന തസ്തികകൾ	എണ്ണം
1.	ശാന്തി	2		1.	കഴകം	1
2.	വാച്ചർ	1		2.	തളി	1
3.	നാഗസ്വരം	1				
4.	തകിൽ	1				
5.	പഞ്ചവാദ്യം	2				
6.	കഴകം	1				
7.	തളി	1				
	ആകെ	**9**			**ആകെ**	**2**

കിളിരൂർ ദേവസ്വത്തിലെ വാർഷിക (2019-2020) വരവ് 17,95,745 രൂപ. ചെലവ് 38,41,381 രൂപ. വരവിനെ അധികരിച്ച ചെലവ് 20,45,636 രൂപ (ചെലവ്, വരവിന്റെ ഇരട്ടിയിലധികം).

കഴകം, തളി തസ്തികകൾ ഒഴിഞ്ഞുകിടക്കുകയാണ്. ടി തസ്തികകളിൽ ജീവനക്കാരെ നിയോഗിച്ച്, ടിയാളുകളുടെ ശമ്പളം കൂടി ചെലവിൽ ഉൾപ്പെടുമ്പോൾ അധികരിച്ച ചെലവ് മുകളിൽ രേഖപ്പെടുത്തിയിരിക്കുന്നതിനേക്കാൾ വർദ്ധിക്കുന്നതാണ്.

ചെലവ് വരവിനേക്കാൾ വളരെ കൂടുതലാകയാൽ, കഴകം, തളി തസ്തികകൾ ഒഴിവാക്കാവുന്നതും കിളിരൂർ ദേവസ്വത്തിലെ കഴകം, തളിപ്രവൃത്തികൾ നിർവ്വഹിക്കുന്നതിനായി സബ്ഗ്രൂപ്പ് ഓഫീസറുടെ ഉത്തരവാദിത്വത്തിൽ രണ്ട് ആൾക്കാരെ നിയോഗിക്കുന്നതിനും ടിയാളുകൾക്ക് യഥാക്രമം കഴകം, തളി തസ്തികകളിലെ പകരംവ്യവസ്ഥയ്ക്ക് അനുവാദമുള്ള നിരക്കിൽ അലവൻസ് ചെലവെഴുതി കൊടുക്കുന്നതിനും അനുമതി നൽകാവുന്നതുമാണ്.

ക്രമ നമ്പർ	പുനഃക്രമീകരണത്തിനു ശേഷം നിലനിൽക്കുന്ന തസ്തികകൾ	എണ്ണം
1.	ശാന്തി	2
2.	വാച്ചർ	1
3.	നാഗസ്വരം	1
4.	തകിൽ	1
5.	പഞ്ചവാദ്യം	2
	ആകെ	**7**

പാറപ്പാടം സബ്ഗ്രൂപ്പ്

പാറപ്പാടം ദേവസ്വം

ക്രമ നമ്പർ	നിലവിലുള്ള തസ്തികകൾ	എണ്ണം		ക്രമ നമ്പർ	കുറവ് ചെയ്യാവുന്ന തസ്തികകൾ	എണ്ണം
1.	ശാന്തി	2		1.	കഴകം	1
2.	വാച്ചർ	1		2.	തളി	1
3.	നാഗസ്വരം	1				
4.	തകിൽ	1				
5.	പഞ്ചവാദ്യം	2				
6.	കഴകം	1				
7.	തളി	1				
	ആകെ	**9**			**ആകെ**	**2**

പാറപ്പാടം ദേവസ്വത്തിലെ വാർഷിക (2019-2020) വരവ് 17,52,015 രൂപ. ചെലവ് 49,03,493 രൂപ. വരവിനെ അധികരിച്ച ചെലവ് 31,51,478 രൂപ.

കഴകം തസ്തിക ഒഴിഞ്ഞുകിടക്കുകയാണ്. ടി തസ്തികയിൽ ജീവനക്കാരനെ നിയോഗിച്ച്, ടിയാളുടെയും സബ്ഗ്രൂപ്പ് ഓഫീസറുടെയും ശമ്പളം കൂടി ചെലവിൽ ഉൾപ്പെടുമ്പോൾ, ചെലവ് വരവിന്റെ മൂന്നിരട്ടിയിലധികമാകുന്നതാണ്.

ചെലവ് വരവിനേക്കാൾ വളരെ കൂടുതലാകയാൽ, കഴകം, തളി തസ്തികകൾ ഒഴിവാക്കാവുന്നതും പാറപ്പാടം ദേവസ്വത്തിലെ കഴകം, തളിപ്രവൃത്തികൾ നിർവ്വഹിക്കുന്നതിനായി സബ്ഗ്രൂപ്പ് ഓഫീസറുടെ ഉത്തരവാദിത്വത്തിൽ രണ്ട് ആൾക്കാരെ നിയോഗിക്കുന്നതിനും ടിയാളുകൾക്ക് യഥാക്രമം കഴകം, തളി തസ്തികകളിലെ പകരംവ്യവസ്ഥയ്ക്ക് അനുവാദമുള്ള നിരക്കിൽ അലവൻസ് ചെലവെഴുതി കൊടുക്കുന്നതിനും അനുമതി നൽകാവുന്നതുമാണ്.

ക്രമ നമ്പർ	പുനഃക്രമീകരണത്തിനു ശേഷം നിലനിൽക്കുന്ന തസ്തികകൾ	എണ്ണം
1.	ശാന്തി	2
2.	വാച്ചർ	1
3.	നാഗസ്വരം	1
4.	തകിൽ	1
5.	പഞ്ചവാദ്യം	2
	ആകെ	**7**

തളിയിൽ ദേവസ്വം

ക്രമ നമ്പർ	നിലവിലുള്ള തസ്തികകൾ	എണ്ണം		ക്രമ നമ്പർ	കുറവ് ചെയ്യാവുന്ന തസ്തികകൾ	എണ്ണം
1.	ശാന്തി	1		1.	വാച്ചർ	1
2.	വാച്ചർ	1		2.	നാഗസ്വരം	1
3.	നാഗസ്വരം	1		3.	തകിൽ	1
4.	തകിൽ	1		4.	തളി	1
5.	പഞ്ചവാദ്യം	1				
6.	കഴകം	1				
7.	തളി	1				
	ആകെ	**7**			**ആകെ**	**4**

തളിയിൽ ദേവസ്വത്തിലെ വാർഷിക (2019-2020) വരവ് 8,02,403 രൂപ. ചെലവ് 26,17,363 രൂപ. വരവിനെ അധികരിച്ച ചെലവ് 18,14,960 രൂപ (ചെലവ്, വരവിന്റെ മൂന്നിരട്ടിയിലധികം).

തളിയിൽ ദേവസ്വത്തിലെ കഴകം, തളി തസ്തികകൾ ഒഴിഞ്ഞുകിടക്കുകയാണ്. ടി തസ്തികകളിൽ ജീവനക്കാരെ നിയമിച്ച്, ടിയാളുകളുടെ ശമ്പളം കൂടി ചെലവിൽ ഉൾപ്പെടുമ്പോൾ, അധികരിച്ച ചെലവ് മുകളിൽ രേഖപ്പെടുത്തിയിരിക്കുന്നതിനേക്കാൾ വർദ്ധിക്കുന്നതാണ്.

വാച്ചറുടെ സേവനം അനിവാര്യമല്ലായെന്ന് കാണുന്നു. വാച്ചർ തസ്തിക ഒഴിവാക്കാവുന്നതാണ്.

പ്രതിമാസം ശരാശരി 67,000 രൂപയിൽ താഴെ വരവുള്ള തളിയിൽ ദേവസ്വത്തിലെ, കഴകം, തളി ജീവനക്കാരുടെ ശമ്പളം ഉൾപ്പെടാതെയുള്ള ചെലവ് 2,18,000 രൂപയ്ക്ക് മുകളിലാണെന്ന് കാണുന്നു. തളിയിൽ ദേവസ്വത്തിൽ ശീവേലിയില്ലാത്തതാണ്. അധികരിച്ച ചെലവും നിത്യശീവേലിയില്ലാത്തതിനാൽ, ആചാരപരമായി അനിവാര്യമല്ലായെന്നതും കണക്കിലെടുത്ത് തളിയിൽ ദേവസ്വത്തിലെ നാഗസ്വരം, തകിൽ തസ്തികകൾ ഒഴിവാക്കാവുന്നതാണ്.

തളിപ്രവൃത്തിക്കായി തസ്തിക നിലനിർത്തേണ്ടതില്ലായെന്ന് വിലയിരുത്തുന്നു. തളി തസ്തിക ഒഴിവാക്കാവുന്നതും തളിയിൽ ദേവസ്വത്തിലെ തളിപ്രവൃത്തി നിർവ്വഹിക്കുന്നതിനായി സബ്ഗ്രൂപ്പ് ഓഫീസറുടെ ഉത്തരവാദിത്വത്തിൽ ഒരാളെ നിയോഗിക്കുന്നതിനും ടിയാൾക്ക് തളി തസ്തികയിലെ പകരംവ്യവസ്ഥയ്ക്ക് അനുവാദമുള്ള നിരക്കിൽ അലവൻസ് ചെലവെഴുതി കൊടുക്കുന്നതിനും അനുമതി നൽകാവുന്നതുമാണ്.

വാച്ചർ തസ്തിക ഒഴിവാക്കുന്ന സാഹചര്യത്തിലും ശീവേലിയില്ലാത്തതിനാൽ, ജോലിഭാരം കുറവാണെന്നതും കണക്കിലെടുത്ത്, തളിയിൽ ദേവസ്വത്തിലെ പഞ്ചവാദ്യം, കഴകം തസ്തികകൾ യഥാക്രമം പഞ്ചവാദ്യം കം വാച്ചർ, കഴകം കം വാച്ചർ എന്ന രീതിയിൽ ക്രമീകരിക്കാവുന്നതാണ്.

ക്രമ നമ്പർ	പുനഃക്രമീകരണത്തിനു ശേഷം നിലനിൽക്കുന്ന തസ്തികകൾ	എണ്ണം
1.	ശാന്തി	1
2.	പഞ്ചവാദ്യം കം വാച്ചർ	1
3.	കഴകം കം വാച്ചർ	1
	ആകെ	**3**

അയ്മനം സബ്ഗ്രൂപ്പ്

അയ്മനം ദേവസ്വം

ക്രമ നമ്പർ	നിലവിലുള്ള തസ്തികകൾ	എണ്ണം		ക്രമ നമ്പർ	കുറവ് ചെയ്യാവുന്ന തസ്തിക	എണ്ണം	റിമാർക്സ്
1.	മേൽശാന്തി (കാരാണ്മ)	1		1.	പഞ്ചവാദ്യം	1	വൈക്കം ഗ്രൂപ്പിലെ തൃപ്പക്കുടം സബ്ഗ്രൂപ്പിൽപ്പെട്ട ഇടയാഴം ദേവസ്വത്തിലേക്ക് മാററാവുന്നതാണ്.
2.	ശാന്തി	1					
3.	വാച്ചർ	1					
4.	നാഗസ്വരം	1					
5.	തകിൽ	1					
6.	പഞ്ചവാദ്യം	1					
7.	പഞ്ചവാദ്യം (കാരാണ്മ)	2					
8.	കഴകം	1					
9.	തളി	1					
	ആകെ	**10**			**ആകെ**	**1**	

അയ്മനം ദേവസ്വത്തിലെ വാർഷിക (2019-2020) വരവ് 30,45,941 രൂപ. ചെലവ് 31,08,412 രൂപ. വരവിനെ അധികരിച്ച ചെലവ് 62,471 രൂപ.

കഴകം തസ്തികയിലെ ജീവനക്കാരന് കഴിഞ്ഞ രണ്ട് ശമ്പളപരിഷ്ക്കാരത്തിനു മുൻപുള്ള ശമ്പളമാണ് നൽകിവരുന്നത്. ടിയാന്റെ പരിഷ്ക്കരിച്ച നിരക്കിലുള്ള ശമ്പളവും സബ്ഗ്രൂപ്പ് ഓഫീസറുടെ ശമ്പളവും കൂടി ചെലവിൽ ഉൾപ്പെടുമ്പോൾ, അധികരിച്ച ചെലവ് മുകളിൽ രേഖപ്പെടുത്തിയിരിക്കുന്നതിനേക്കാൾ വർദ്ധിക്കുന്നതാണ്.

അയ്മനം ദേവസ്വം ജീവനക്കാരുടെ ജോലിഭാരം പരിഗണിച്ചു, ശീവേലി സമയത്തെ ഇലത്താളം വായിക്കുന്നതിന് മാത്രമായാണ് ഒരു തസ്തിക നിലനിർത്തിയിരിക്കുന്നത്. അയ്മനം ദേവസ്വത്തിലെ പഞ്ചവാദ്യപ്രവൃത്തിക്കായി രണ്ട് ജീവനക്കാർ മതിയാകുമെന്ന് കാണുന്നു. നോൺ കാരാണ്മ പഞ്ചവാദ്യം തസ്തിക വൈക്കം ഗ്രൂപ്പിലെ തൃപ്പക്കുടം സബ്ഗ്രൂപ്പിൽപ്പെട്ട ഇടയാഴം ദേവസ്വത്തിലേക്ക് മാററാവുന്നതാണ്.

ക്രമ നമ്പർ	പുനഃക്രമീകരണത്തിനു ശേഷം നിലനിൽക്കുന്ന തസ്തികകൾ	എണ്ണം
1.	മേൽശാന്തി (കാരാണ്മ)	1
2.	ശാന്തി	1
3.	വാച്ചർ	1
4.	നാഗസ്വരം	1
5.	തകിൽ	1
6.	പഞ്ചവാദ്യം (കാരാണ്മ)	2
7.	കഴകം	1
8.	തളി	1
	ആകെ	**9**

പൂന്ത്രക്കാവ് ദേവസ്വം

ക്രമ നമ്പർ	നിലവിലുള്ള തസ്തിക	എണ്ണം
1.	ശാന്തി	1
	ആകെ	**1**

ക്രമ നമ്പർ	പുനർവിന്യാസത്തിലൂടെ വരുന്ന തസ്തിക	എണ്ണം	റിമാർക്സ്
1.	കഴകം (പാർട്ട്ടൈം)	1	ഏററുമാനൂർ ഗ്രൂപ്പിലെ ഇടയാററുകാവ് സബ്ഗ്രൂപ്പിൽപ്പെട്ട നെയ്യൂർകാവ് ദേവസ്വത്തിലെ പാർട്ട്ടൈം കഴകം തസ്തിക പൂന്ത്രക്കാവ് ദേവസ്വത്തിലേക്ക് മാററാവുന്നതാണ്.
	ആകെ	**1**	

പൂന്ത്രക്കാവ് ദേവസ്വത്തിലെ വാർഷിക (2019-2020) വരവ് 4,52,482 രൂപ. ചെലവ് 3,63,791 രൂപ.

പൂന്ത്രക്കാവ് ദേവസ്വത്തിൽ ശാന്തി തസ്തിക മാത്രമാണ് നിലവിലുള്ളത്. വരുമാന വർദ്ധനവ് ഉണ്ടാകാൻ സാദ്ധ്യതയുള്ള ടി ക്ഷേത്രത്തിൽ ഒരു ജീവനക്കാരന്റെ സേവനം കൂടി ആവശ്യമാണെന്ന് കാണുന്നു. ആകയാൽ, ഏററുമാനൂർ ഗ്രൂപ്പിലെ ഇടയാററുകാവ് സബ്ഗ്രൂപ്പിൽപ്പെട്ട നെയ്യൂർകാവ് ദേവസ്വത്തിലെ പാർട്ട്ടൈം കഴകം തസ്തിക പൂന്ത്രക്കാവ് ദേവസ്വത്തിലേക്ക് മാററാവുന്നതാണ്.

ഫുൾടൈം ക്ഷേത്രമാകയാൽ, പൂന്ത്രക്കാവ് ദേവസ്വത്തിലെ പാർട്ട്ടൈം കഴകം തസ്തികയിൽ നിയോഗിക്കപ്പെടുന്ന ജീവനക്കാരൻ രാവിലെയും വൈകുന്നേരവും ക്ഷേത്രത്തിൽ ഹാജരായി കർത്തവ്യനിർവ്വഹണം നടത്തേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യാവുന്നതാണ്. രണ്ടുനേരവും ക്ഷേത്രത്തിൽ ഹാജരായി ജോലിചെയ്യുന്ന പാർട്ട്ടൈം കഴകത്തിന് അധികഅലവൻസ് നിശ്ചയിക്കേണ്ടതും അനുവദിക്കുന്ന തുക ചെലവെഴുതി കൊടുക്കുന്നതിന് അനുമതി ഉണ്ടാകേണ്ടതുമാണ്.

ക്രമ നമ്പർ	പുനഃക്രമീകരണത്തിനു ശേഷം നിലനിൽക്കുന്ന തസ്തികകൾ	എണ്ണം	റിമാർക്സ്
1.	ശാന്തി	1	
2.	കഴകം (പാർട്ട്ടൈം)	1	രാവിലെയും വൈകുന്നേരവും ക്ഷേത്രത്തിൽ ഹാജരായി കർത്തവ്യനിർവ്വഹണം നടത്തേണ്ടതാണ്
	ആകെ	**2**	

വടവാതൂർ സബ്ഗ്രൂപ്പ്

വടവാതൂർ ദേവസ്വം

ക്രമ നമ്പർ	നിലവിലുള്ള തസ്തികകൾ	എണ്ണം		ക്രമ നമ്പർ	കുറവ് ചെയ്യാവുന്ന തസ്തികകൾ	എണ്ണം
1.	ശാന്തി	2		1.	വാച്ചർ	1
2.	വാച്ചർ	1		2.	തളി	1
3.	നാഗസ്വരം	1				
4.	തകിൽ	1				
5.	പഞ്ചവാദ്യം (കാരാണ്മ)	1				
6.	കഴകം (കാരാണ്മ)	2				
7.	തളി	1				
	ആകെ	**9**			**ആകെ**	**2**

വടവാതൂർ ദേവസ്വത്തിലെ വാർഷിക (2019-2020) വരവ് 10,75,058 രൂപ. ചെലവ് 33,88,869 രൂപ. വരവിനെ അധികരിച്ച ചെലവ് 23,13,811 രൂപ (ചെലവ്, വരവിന്റെ മൂന്നിരട്ടിയിലധികം).

കാരാണ്മ കഴകം തസ്തിക ഒരെണ്ണവും കാരാണ്മ പഞ്ചവാദ്യം തസ്തികയും ഒഴിഞ്ഞുകിടക്കുകയാണ്. ടി തസ്തികകളിൽ ജീവനക്കാരെ നിയോഗിച്ച്, ടിയാളുകളുടെയും സബ്ഗ്രൂപ്പ് ഓഫീസറുടെയും ശമ്പളം കൂടി ചെലവിൽ ഉൾപ്പെടുമ്പോൾ, അധികരിച്ച ചെലവ് മുകളിൽ രേഖപ്പെടുത്തിയിരിക്കുന്നതിനേക്കാൾ വർദ്ധിക്കുന്നതാണ്.

ചെലവ് വരവിനേക്കാൾ വളരെ കൂടുതലാകയാൽ, വാച്ചർ, തളി തസ്തികകൾ ഒഴിവാക്കാവുന്നതാണ്. വടവാതൂർ ദേവസ്വത്തിലെ തളിപ്രവൃത്തി നിർവ്വഹിക്കുന്നതിനായി സബ്ഗ്രൂപ്പ് ഓഫീസറുടെ ഉത്തരവാദിത്വത്തിൽ ഒരാളെ നിയോഗിക്കുന്നതിനും ടിയാൾക്ക് തളി തസ്തികയിലെ പകരംവ്യവസ്ഥയ്ക്ക് അനുവാദമുള്ള നിരക്കിൽ അലവൻസ് ചെലവെഴുതി കൊടുക്കുന്നതിനും അനുമതി നൽകാവുന്നതുമാണ്.

വാച്ചർ തസ്തിക ഒഴിവാക്കുന്ന സാഹചര്യത്തിൽ, വാച്ചർ നിർവ്വഹിച്ചുവരുന്ന പ്രവൃത്തികൾ കൂടി ശാന്തി ഒഴികെയുള്ള തസ്തികകളിലെ ജീവനക്കാർ നിർവ്വഹിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യാവുന്നതാണ്

ക്രമ നമ്പർ	പുനഃക്രമീകരണത്തിനു ശേഷം നിലനിൽക്കുന്ന തസ്തികകൾ	എണ്ണം
1.	ശാന്തി	2
2.	നാഗസ്വരം	1
3.	തകിൽ	1
4.	പഞ്ചവാദ്യം (കാരാണ്മ)	1
5.	കഴകം (കാരാണ്മ)	2
	ആകെ	**7**

പെരിങ്ങളളൂർ ദേവസ്വം

ക്രമ നമ്പർ	നിലവിലുള്ള തസ്തികകൾ	എണ്ണം		ക്രമ നമ്പർ	കുറവ് ചെയ്യാവുന്ന തസ്തിക	എണ്ണം
1.	ശാന്തി	1		1.	വാച്ചർ	1
2.	വാച്ചർ	1		2.	തളി	1
3.	കഴകം	1				
4.	തളി	1				
	ആകെ	**4**			**ആകെ**	**2**

ക്രമ നമ്പർ	പുനർവിന്യാസത്തിലൂടെ വരുന്ന തസ്തിക	എണ്ണം	റിമാർക്സ്
1.	പഞ്ചവാദ്യം	1	തിരുനക്കര സബ്ഗ്രൂപ്പിൽപ്പെട്ട തിരുനക്കര ദേവസ്വത്തിലെ പഞ്ചവാദ്യം തസ്തിക ഒരെണ്ണം പെരിങ്ങളളൂർ ദേവസ്വത്തിലേക്ക് മാററാവുന്നതാണ്.
	ആകെ	**1**	

പെരിങ്ങളളൂർ ദേവസ്വത്തിലെ വാർഷിക (2019-2020) വരവ് 9,01,202 രൂപ. ചെലവ് 18,16,409 രൂപ. വരവിനെ അധികരിച്ച ചെലവ് 9,15,207 രൂപ (ചെലവ്, വരവിന്റെ ഇരട്ടിയിലധികം).

തിരുനക്കര ദേവസ്വത്തിലെ പഞ്ചവാദ്യജീവനക്കാരിൽ ഒരാളെ പെരിങ്ങളളൂർ ദേവസ്വത്തിൽ ഡ്യൂട്ടിവ്യവസ്ഥയിൽ നിയോഗിച്ചിരിക്കുകയാണ്. പെരിങ്ങളളൂർ ദേവസ്വത്തിൽ ശീവേലിയില്ലാത്തതാണ്. പഞ്ചവാദ്യ ജീവനക്കാരന് വളരെ കുറച്ച് പ്രവൃത്തികൾ മാത്രമാണ് തസ്തികയിലെ കർത്തവ്യമായി നിർവ്വഹിക്കേണ്ടുന്നത്. തിരുനക്കര സബ്ഗ്രൂപ്പിൽപ്പെട്ട തിരുനക്കര ദേവസ്വത്തിലെ പഞ്ചവാദ്യം തസ്തിക ഒരെണ്ണം, പെരിങ്ങളളൂർ ദേവസ്വത്തിലേക്ക് മാററാവുന്നതും ടി തസ്തിക പഞ്ചവാദ്യം കം വാച്ചർ എന്ന രീതിയിൽ ക്രമീകരിക്കാവുന്നതുമാണ്.

കഴകം തസ്തികയിലെ ജീവനക്കാരന് താരതമ്യേന ജോലിഭാരം കുറവാണെന്നതും അധികരിച്ച ചെലവും കണക്കിലെടുത്ത്, കഴകം തസ്തിക കഴകം കം വാച്ചർ എന്ന രീതിയിൽ ക്രമീകരിക്കാവുന്നതാണ്.

പഞ്ചവാദ്യം, കഴകം തസ്തികകൾ യഥാക്രമം പഞ്ചവാദ്യം കം വാച്ചർ, കഴകം കം വാച്ചർ എന്ന രീതിയിൽ ക്രമീകരിക്കുന്നതിനാൽ, വാച്ചർ തസ്തിക ഒഴിവാക്കാവുന്നതാണ്.

അധികരിച്ച ചെലവ് പരിഗണിച്ച്, തളി തസ്തിക ഒഴിവാക്കാവുന്നതും പെരിങ്ങളളൂർ ദേവസ്വത്തിലെ തളിപ്രവൃത്തി നിർവ്വഹിക്കുന്നതിനായി സബ്ഗ്രൂപ്പ് ഓഫീസറുടെ ഉത്തരവാദിത്വത്തിൽ ഒരാളെ നിയോഗിക്കുന്നതിനും ടിയാൾക്ക് തളി തസ്തികയിലെ പകരംവ്യവസ്ഥയ്ക്ക് അനുവാദമുള്ള നിരക്കിൽ അലവൻസ് ചെലവെഴുതി കൊടുക്കുന്നതിനും അനുമതി നൽകാവുന്നതുമാണ്.

ക്രമ നമ്പർ	പുനഃക്രമീകരണത്തിനു ശേഷം നിലനിൽക്കുന്ന തസ്തികകൾ	എണ്ണം
1.	ശാന്തി	1
2.	പഞ്ചവാദ്യം കം വാച്ചർ	1
3.	കഴകം കം വാച്ചർ	1
	ആകെ	**3**

താഴത്തിടം ദേവസ്വം

ക്രമ നമ്പർ	നിലവിലുള്ള തസ്തികകൾ	എണ്ണം		ക്രമ നമ്പർ	കുറവ് ചെയ്യാവുന്ന തസ്തികകൾ	എണ്ണം
1.	ശാന്തി	1		1.	ശാന്തി	1
2.	തളി	1		2.	തളി	1
	ആകെ	**2**			**ആകെ**	**2**

ക്രമ നമ്പർ	പുതുതായി അനുവദിക്കാവുന്ന തസ്തിക	എണ്ണം
1.	ശാന്തി (പാർട്ട്ടൈം)	1
	ആകെ	1

താഴത്തിടം ദേവസ്വത്തിലെ വാർഷിക (2019-2020) വരവ് 1,70,885 രൂപ. ചെലവ് 9,17,971 രൂപ. വരവിനെ അധികരിച്ച ചെലവ് 7,47,086 രൂപ (ചെലവ്, വരവിന്റെ അഞ്ചിരട്ടിയിലധികം).

പ്രതിമാസം ശരാശരി 14,300 രൂപയിൽ താഴെ വരവും 76,000 രൂപയ്ക്ക് മുകളിൽ ചെലവുമുള്ള താഴത്തിടം ദേവസ്വത്തിലെ ശാന്തിപ്രവൃത്തിക്കായി ഫുൾടൈം തസ്തിക നിലനിർത്തേണ്ടതില്ലായെന്ന് വിലയിരുത്തുന്നു. ഫുൾടൈം ശാന്തി തസ്തിക ഒഴിവാക്കാവുന്നതും പകരംപാർട്ട്ടൈം ശാന്തി തസ്തിക അനുവദിക്കാവുന്നതുമാണ്. ഫുൾടൈം ക്ഷേത്രമാകയാൽ, താഴത്തിടം ദേവസ്വത്തിലെ പാർട്ട്ടൈം ശാന്തി തസ്തികയിൽ നിയമിക്കപ്പെടുന്ന ജീവനക്കാരൻ രാവിലെയും വൈകുന്നേരവും നിലവിലെ സമയക്രമം പാലിച്ച് ക്ഷേത്രനട തുറന്ന് പൂജാദികാര്യങ്ങൾ നിർവ്വഹിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യാവുന്നതാണ്. രണ്ടുനേരവും ക്ഷേത്രത്തിൽ ഹാജരായി ശാന്തിപ്രവൃത്തി നിർവ്വഹിക്കുന്ന പാർട്ട്ടൈം ശാന്തിക്ക് അനുവാദമുള്ള അധികഅലവൻസ്, താഴത്തിടം ദേവസ്വത്തിലെ പാർട്ട്ടൈം ശാന്തിയ്ക്ക് ചെലവെഴുതി കൊടുക്കുന്നതിന് അനുമതി നൽകാവുന്നതാണ്.

താഴത്തിടം ദേവസ്വത്തിലെ തളി ജീവനക്കാരിയാണ് തേവർകുന്ന് ദേവസ്വത്തിലെ തളിപ്രവൃത്തി കൂടി നിർവ്വഹിച്ചുവരുന്നത്. തേവർകുന്ന് ദേവസ്വത്തിലെ പ്രവൃത്തികൾക്കായി സബ്ഗ്രൂപ്പ് ഓഫീസറുടെ ഉത്തരവാദിത്വത്തിൽ ഒരാളെ നിയോഗിക്കുന്നതിന് റിപ്പോർട്ടിൽ ശുപാർശ ഉൾപ്പെടുത്തുന്നുണ്ട്. ക്ഷേത്രവരവിലെ കുറവും കുറഞ്ഞ ജോലിഭാരവും കണക്കിലെടുത്ത് തളി തസ്തിക ഒഴിവാക്കാവുന്നതും താഴത്തിടം ദേവസ്വത്തിലെ തളിപ്രവൃത്തി നിർവ്വഹിക്കുന്നതിനായി സബ്ഗ്രൂപ്പ് ഓഫീസറുടെ ഉത്തരവാദിത്വത്തിൽ ഒരാളെ നിയോഗിക്കുന്നതിനും ടിയാൾക്ക് തളി തസ്തികയിലെ പകരംവ്യവസ്ഥയ്ക്ക് അനുവാദമുള്ള നിരക്കിൽ അലവൻസ് ചെലവെഴുതി കൊടുക്കുന്നതിനും അനുമതി നൽകാവുന്നതുമാണ്.

ക്രമ നമ്പർ	പുനഃക്രമീകരണത്തിനു ശേഷം നിലനിൽക്കുന്ന തസ്തിക	എണ്ണം	റിമാർക്സ്
1.	ശാന്തി (പാർട്ട്ടൈം)	1	രാവിലെയും വൈകുന്നേരവും നിലവിലെ സമയക്രമം പാലിച്ച് ക്ഷേത്രനട തുറന്ന് പൂജാദികാര്യങ്ങൾ നിർവ്വഹിക്കേണ്ടതാണ്
	ആകെ	**1**	

പൊയ്കമഠം ദേവസ്വം

ക്രമ നമ്പർ	നിലവിലുള്ള തസ്തികകൾ	എണ്ണം		ക്രമ നമ്പർ	കുറവ് ചെയ്യാവുന്ന തസ്തിക	എണ്ണം
1.	ശാന്തി (പാർട്ട്ടൈം)	1		1.	കഴകം	1
2.	കഴകം	1				
	ആകെ	**2**			**ആകെ**	**1**

പൊയ്കമഠം ദേവസ്വത്തിലെ വാർഷിക (2019-2020) വരവ് 1,89,926 രൂപ. ചെലവ് 6,52,020 രൂപ. വരവിനെ അധികരിച്ച ചെലവ് 4,62,094 രൂപ (ചെലവ്, വരവിന്റെ മൂന്നിരട്ടിയിലധികം).

പൊയ്കമഠം ക്ഷേത്രത്തിലെ ശാന്തി തസ്തിക പാർട്ട്ടൈമാണെങ്കിലും രണ്ടു നേരവും തുറന്ന് പൂജ നടത്തിവരുന്നു. രണ്ടുനേരവും ക്ഷേത്രത്തിൽ ഹാജരായി ശാന്തിപ്രവൃത്തി നിർവ്വഹിക്കുന്ന പാർട്ട്ടൈം ശാന്തിക്ക് അനുവാദമുള്ള അധികഅലവൻസ്, പൊയ്കമഠം ദേവസ്വത്തിലെ പാർട്ട്ടൈം ശാന്തിയ്ക്ക് ചെലവെഴുതി കൊടുത്തുവരുന്നു. നിലവിലെ ക്രമീകരണം തുടരാവുന്നതാണ്.

ക്ഷേത്രവരവിലെ കുറവ് കണക്കിലെടുത്ത്, കഴകം തസ്തിക ഒഴിവാക്കാവുന്നതും പൊയ്കമഠം ദേവസ്വത്തിലെ ശാന്തിപ്രവൃത്തിയ്ക്ക് പുറമെയുള്ള പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനായി സബ്ഗ്രൂപ്പ് ഓഫീസറുടെ ഉത്തരവാദിത്വത്തിൽ ഒരാളെ നിയോഗിക്കുന്നതിനും ടിയാൾക്ക് കഴകം തസ്തികയിലെ പകരംവ്യവസ്ഥയ്ക്ക് അനുവാദമുള്ള നിരക്കിൽ അലവൻസ് ചെലവെഴുതി കൊടുക്കുന്നതിനും അനുമതി നൽകാവുന്നതുമാണ്.

ക്രമ നമ്പർ	പുനഃക്രമീകരണത്തിനു ശേഷം നിലനിൽക്കുന്ന തസ്തിക	എണ്ണം	റിമാർക്സ്
1.	ശാന്തി (പാർട്ട്ടൈം)	1	രാവിലെയും വൈകുന്നേരവും ക്ഷേത്രത്തിൽ ഹാജരായി പൂജാദികാര്യങ്ങൾ നിർവ്വഹിക്കേണ്ടതാണ്
	ആകെ	**1**	

തേവർകുന്ന് ദേവസ്വം

ക്രമ നമ്പർ	നിലവിലുള്ള തസ്തിക	എണ്ണം
1.	ശാന്തി (പാർട്ട്ടൈം)	1
	ആകെ	**1**

തേവർകുന്ന് ദേവസ്വത്തിലെ വാർഷിക (2019-2020) വരവ് 1,93,242 രൂപ ചെലവ് 2,68,383 രൂപ. വരവിനെ അധികരിച്ച ചെലവ് 75,141 രൂപ

പാർട്ട്ടൈം ക്ഷേത്രമായ തേവർകുന്ന് ദേവസ്വം രാവിലെയും വൈകുന്നേരവും തുറന്ന് പൂജ നടത്തിവരുന്നു. രണ്ടുനേരവും ക്ഷേത്രത്തിൽ ഹാജരായി ശാന്തിപ്രവൃത്തി നിർവ്വഹിക്കുന്ന പാർട്ട്ടൈം ശാന്തിക്ക് അനുവാദമുള്ള അധികഅലവൻസ്, തേവർകുന്ന് ദേവസ്വത്തിലെ പാർട്ട്ടൈം ശാന്തിയ്ക്ക് ചെലവെഴുതി കൊടുത്തുവരുന്നു.

താഴത്തിടം ദേവസ്വത്തിലെ തളി ജീവനക്കാരിയാണ് തേവർകുന്ന് ദേവസ്വത്തിലെ പ്രവൃത്തി കൂടി നിർവ്വഹിച്ചുവരുന്നത്. താഴത്തിടം ദേവസ്വത്തിലെ തളി തസ്തിക ഒഴിവാക്കുന്നതിന് റിപ്പോർട്ടിൽ ശുപാർശ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ തേവർകുന്ന് ദേവസ്വത്തിലെ ശാന്തിപ്രവൃത്തിക്ക് പുറമെയുള്ള പ്രവൃത്തികൾ ചെയ്യുന്നതിനായി സബ്ഗ്രൂപ്പ് ഓഫീസറുടെ ഉത്തരവാദിത്വത്തിൽ ഒരാളെ (പാർട്ട്ടൈം) നിയോഗിക്കുന്നതിനും ടിയാൾക്ക് പാർട്ട്ടൈം തളി തസ്തികയിലെ പകരംവ്യവസ്ഥയ്ക്ക് അനുവാദമുള്ള നിരക്കിൽ അലവൻസ് ചെലവെഴുതി കൊടുക്കുന്നതിനും അനുമതി നൽകാവുന്നതാണ്.

വടവാതൂർ ദേവസ്വത്തിലെ ശാന്തി ഒഴികെയുള്ള തസ്തികകളിലെ ഓരോ ജീവനക്കാരെ, തിങ്കളാഴ്ച ദിവസങ്ങളിൽ തേവർകുന്ന് ദേവസ്വത്തിൽ രസീതെഴുതുന്നതിനായി നിയോഗിക്കുന്നതിന് ആവശ്യമായ ക്രമീകരണം ഏർപ്പെടുത്തുന്നതിന് വടവാതൂർ ദേവസ്വം സബ്ഗ്രൂപ്പ് ഓഫീസറെ ചുമതലപ്പെടുത്താവുന്നതാണ്.

ക്രമ നമ്പർ	പുനഃക്രമീകരണത്തിനു ശേഷം നിലനിൽക്കുന്ന തസ്തിക	എണ്ണം
1.	ശാന്തി (പാർട്ട്ടൈം)	1
	ആകെ	**1**

മറിയപ്പള്ളി സബ്ഗ്രൂപ്പ്

മറിയപ്പള്ളി ദേവസ്വം

ക്രമ നമ്പർ	നിലവിലുള്ള തസ്തികകൾ	എണ്ണം		ക്രമ നമ്പർ	കുറവ് ചെയ്യാവുന്ന തസ്തിക	എണ്ണം
1.	ശാന്തി (കാരാണ്മ)	1		1.	തളി	1
2.	വാച്ചർ	1				
3.	പഞ്ചവാദ്യം (കാരാണ്മ)	1				
4.	കഴകം	1				
5.	തളി	1				
	ആകെ	**5**			**ആകെ**	**1**

മറിയപ്പള്ളി ദേവസ്വത്തിലെ വാർഷിക (2019-2020) വരവ് 11,71,292 രൂപ. ചെലവ് 19,50,504 രൂപ. വരവിനെ അധികരിച്ച ചെലവ് 7,79,212 രൂപ

മറിയപ്പള്ളി ക്ഷേത്രത്തിലെ കാരാണ്മ പഞ്ചവാദ്യം തസ്തികയിലെ പ്രവൃത്തിക്ക് അവകാശമുള്ള കുടുംബത്തിൽ നിന്നും ആളെ നിയോഗിക്കാത്തതിനാൽ കോൺട്രാക്ട് വ്യവസ്ഥയിൽ ആളെ നിയോഗിച്ച്, ജോലി ചെയ്യിച്ച് വരുന്നു. ടി തസ്തികയിൽ ആളെ നോമിനേററ് ചെയ്ത്, ടിയാളുടെയും സബ്ഗ്രൂപ്പ് ഓഫീസറുടെയും ശമ്പളം കൂടി ചെലവിൽ ഉൾപ്പെടുമ്പോൾ, അധികരിച്ച ചെലവ് മുകളിൽ രേഖപ്പെടുത്തിയിരിക്കുന്നതിനേക്കാൾ വർദ്ധിക്കുന്നതാണ്.

അധികരിച്ച ചെലവ് കണക്കിലെടുത്ത്, തളി തസ്തിക ഒഴിവാക്കാവുന്നതും മറിയപ്പള്ളി ദേവസ്വത്തിലെ തളിപ്രവൃത്തി ചെയ്യുന്നതിനായി സബ്ഗ്രൂപ്പ് ഓഫീസറുടെ ഉത്തരവാദിത്വത്തിൽ ഒരാളെ നിയോഗിക്കുന്നതിനും ടിയാൾക്ക് തളി തസ്തികയിലെ പകരംവ്യവസ്ഥയ്ക്ക് അനുവാദമുള്ള നിരക്കിൽ അലവൻസ് ചെലവെഴുതി കൊടുക്കുന്നതിനും അനുമതി നൽകാവുന്നതുമാണ്.

ക്രമ നമ്പർ	പുനഃക്രമീകരണത്തിനു ശേഷം നിലനിൽക്കുന്ന തസ്തികകൾ	എണ്ണം
1.	ശാന്തി	1
2.	വാച്ചർ	1
3.	പഞ്ചവാദ്യം (കാരാണ്മ)	1
4.	കഴകം	1
	ആകെ	**4**

മറിയപ്പള്ളിക്കാവ് ദേവസ്വം

ക്രമ നമ്പർ	നിലവിലുള്ള തസ്തികകൾ	എണ്ണം		ക്രമ നമ്പർ	കുറവ് ചെയ്യാവുന്ന തസ്തിക	എണ്ണം
1.	ശാന്തി (കാരാണ്മ)	1		1.	തളി (പാർട്ട്ടൈം)	1
2.	വാച്ചർ	1				
3.	കഴകം	1				
4.	തളി (പാർട്ട്ടൈം)	1				
	ആകെ	**4**			**ആകെ**	**1**

മറിയപ്പള്ളിക്കാവ് ദേവസ്വത്തിലെ വാർഷിക (2019-2020) വരവ് 12,10,122 രൂപ. ചെലവ് 10,74,165 രൂപ.

മറിയപ്പള്ളിക്കാവ് ദേവസ്വത്തിലെ കഴകം, പാർട്ട്ടൈം തളി തസ്തികകൾ ഒഴിഞ്ഞുകിടക്കുകയാണ്. പ്രസ്തുത തസ്തികകളിൽ ജീവനക്കാരെ നിയോഗിച്ച്, ടിയാളുകളുടെ ശമ്പളം കൂടി ചെലവിൽ ഉൾപ്പെടുമ്പോൾ, ചെലവ്, വരവിനെ അധികരിക്കുന്നതാണ്.

ജോലിഭാരം കുറവാകയാൽ, പാർട്ട്ടൈം തളി തസ്തിക ഒഴിവാക്കാവുന്നതും മറിയപ്പള്ളിക്കാവ് ദേവസ്വത്തിലെ തളിപ്രവൃത്തി നിർവ്വഹിക്കുന്നതിനായി സബ്ഗ്രൂപ്പ് ഓഫീസറുടെ ഉത്തരവാദിത്വത്തിൽ ഒരാളെ (പാർട്ട്ടൈം) നിയോഗിക്കുന്നതിനും ടിയാൾക്ക് പാർട്ട്ടൈം തളി തസ്തികയിലെ പകരംവ്യവസ്ഥയ്ക്ക് അനുവാദമുള്ള നിരക്കിൽ അലവൻസ് ചെലവെഴുതി കൊടുക്കുന്നതിനും അനുമതി നൽകാവുന്നതുമാണ്.

ക്രമ നമ്പർ	പുനഃക്രമീകരണത്തിനു ശേഷം നിലനിൽക്കുന്ന തസ്തികകൾ	എണ്ണം
1.	ശാന്തി (കാരാണ്മ)	1
2.	വാച്ചർ	1
3.	കഴകം	1
	ആകെ	**3**

മഠത്തിൽകാവ് ദേവസ്വം

ക്രമ നമ്പർ	നിലവിലുള്ള തസ്തിക	എണ്ണം
1.	ശാന്തി (കാരാണ്മ)	1
	ആകെ	**1**

മഠത്തിൽകാവ് ദേവസ്വത്തിലെ വാർഷിക (2019-2020) വരവ് 68,898 രൂപ. ചെലവ് 2,79,243 രൂപ. വരവിനെ അധികരിച്ച ചെലവ് 2,10,345 രൂപ.

ക്ഷേത്രവും പരിസരവും വൃത്തിയാക്കുക, പൂജാപാത്രങ്ങൾ, നിവേദ്യപാത്രങ്ങൾ, വിളക്കുകൾ തുടങ്ങിയവ ശുചിയാക്കുക മുതലായ പ്രവൃത്തികൾ ചെയ്യുന്നതിനായി സബ്ഗ്രൂപ്പ് ഓഫീസറുടെ ഉത്തരവാദിത്വത്തിൽ ഒരാളെ (പാർട്ട്ടൈം) നിയോഗിക്കുന്നതിനും ടിയാൾക്ക് പാർട്ട്ടൈം തളി തസ്തികയിലെ പകരംവ്യവസ്ഥയ്ക്ക് അനുവാദമുള്ള നിരക്കിൽ അലവൻസ് ചെലവെഴുതി കൊടുക്കുന്നതിനും അനുമതി നൽകാവുന്നതാണ്.

ക്രമ നമ്പർ	പുനഃക്രമീകരണത്തിനു ശേഷം നിലനിൽക്കുന്ന തസ്തിക	എണ്ണം
1.	ശാന്തി (കാരാണ്മ)	1
	ആകെ	**1**

പരിപ്പ് സബ്ഗ്രൂപ്പ്

പരിപ്പ് ദേവസ്വം

ക്രമ നമ്പർ	നിലവിലുള്ള തസ്തികകൾ	എണ്ണം		ക്രമ നമ്പർ	കുറവ് ചെയ്യാവുന്ന തസ്തികകൾ	എണ്ണം
1.	ശാന്തി	2		1.	വാച്ചർ	1
2.	വാച്ചർ	1		2.	കഴകം	1
3.	നാഗസ്വരം	1		3.	തളി	1
4.	തകിൽ	1				
5.	പഞ്ചവാദ്യം	2				
6.	കഴകം	1				
7.	കഴകം (കാരാണ്മ)	1				
8.	തളി	1				
	ആകെ	**10**			**ആകെ**	**3**

പരിപ്പ് ദേവസ്വത്തിലെ വാർഷിക (2019-2020) വരവ് 9,25,411 രൂപ. ചെലവ് 36,20,226 രൂപ. വരവിനെ അധികരിച്ച ചെലവ് 26,94,815 രൂപ.

കാരാണ്മ കഴകം തസ്തികയിൽ ആളെ നോമിനേററ് ചെയ്യാത്തതിനാൽ, കോൺട്രാക്ട് വ്യവസ്ഥയിൽ ആളെ നിയോഗിച്ച് ജോലിചെയ്യിച്ചു വരുന്നു. പ്രസ്തുത തസ്തികയിൽ ആളെ നോമിനേററ് ചെയ്ത്, ടിയാന്റെയും സബ്ഗ്രൂപ്പ് ഓഫീസറുടെയും ശമ്പളം കൂടി ചെലവിൽ ഉൾപ്പെടുമ്പോൾ, ചെലവ്, വരവിന്റെ നാലിരട്ടിയിലധികമാകുന്നതാണ്.

പ്രതിമാസം ശരാശരി 77,200 രൂപയിൽ താഴെ വരവും സബ്ഗ്രൂപ്പ് ഓഫീസറുടെ ശമ്പളം ഉൾപ്പെടാതെ 3,00,000 രൂപയ്ക്ക് മുകളിൽ ചെലവുമുള്ള പരിപ്പ് ദേവസ്വത്തിൽ വാച്ചറുടെ സേവനം അനിവാര്യമല്ലായെന്ന് കാണുന്നു. വാച്ചർ തസ്തിക ഒഴിവാക്കാവുന്നതാണ്.

വാച്ചർ തസ്തിക ഒഴിവാക്കുന്ന സാഹചര്യത്തിൽ, വാച്ചർ തസ്തികയിലെ ജീവനക്കാരൻ നിർവ്വഹിച്ചുവരുന്ന പ്രവൃത്തികൾ കൂടി ശാന്തി ഒഴികെയുള്ള തസ്തികകളിലെ ജീവനക്കാർ നിർവ്വഹിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യാവുന്നതാണ്.

ശീവേലി സമയത്തെ വിളക്കെടുപ്പുമായി ബന്ധപ്പെട്ടാണ് രണ്ട് കഴകം തസ്തികകൾ അനുവദിച്ചിട്ടുള്ളത്. അക്കാരണത്താൽ മാത്രം രണ്ട് തസ്തിക നിലനിർത്തേണ്ടതില്ലായെന്ന് കാണുന്നു. എന്നാൽ, ആചാരപരമായ ചടങ്ങിന് മുടക്കം വരാൻ പാടില്ലാത്തതുമാണ്. മേൽസംഗതികളും കുറഞ്ഞ ജോലിഭാരവും കണക്കിലെടുത്ത്, നോൺ കാരാണ്മ കഴകം തസ്തിക ഒഴിവാക്കാവുന്നതും, ഒഴിവാക്കുന്ന തസ്തികയിലെ ജീവനക്കാരൻ നിർവ്വഹിച്ചുവരുന്ന പ്രവൃത്തി ചെയ്യുന്നതിനായി സബ്ഗ്രൂപ്പ് ഓഫീസറുടെ ഉത്തരവാദിത്വത്തിൽ ഒരാളെ നിയോഗിക്കുന്നതിനും ടിയാൾക്ക് കഴകം തസ്തികയിലെ പകരംവ്യവസ്ഥയ്ക്ക് അനുവാദമുള്ള നിരക്കിൽ അലവൻസ് ചെലവെഴുതി കൊടുക്കുന്നതിനും അനുമതി നൽകാവുന്നതുമാണ്.

ക്രമ നമ്പർ	പുനഃക്രമീകരണത്തിനു ശേഷം നിലനിൽക്കുന്ന തസ്തികകൾ	എണ്ണം
1.	ശാന്തി	2
2.	നാഗസ്വരം	1
3.	തകിൽ	1
4.	പഞ്ചവാദ്യം	2
5.	കഴകം (കാരാണ്മ)	1
	ആകെ	**7**

വേട്ടയ്ക്കൊരുമകൻകാവ് ദേവസ്വം

ക്രമ നമ്പർ	നിലവിലുള്ള തസ്തികകൾ	എണ്ണം		ക്രമ നമ്പർ	കുറവ് ചെയ്യാവുന്ന തസ്തികകൾ	എണ്ണം
1.	ശാന്തി (കാരാണ്മ)	1		1.	വാച്ചർ	1
2.	വാച്ചർ	1		2.	കഴകം	1
3.	പഞ്ചവാദ്യം	1		3.	തളി	1
4.	കഴകം	1				
5.	തളി	1				
	ആകെ	**5**			**ആകെ**	**3**

വേട്ടയ്ക്കൊരുമകൻകാവ് ദേവസ്വത്തിലെ വാർഷിക (2019-2020) വരവ് 2,24,759 രൂപ. ചെലവ് 17,69,940 രൂപ. വരവിനെ അധികരിച്ച ചെലവ് 15,45,181 രൂപ (ചെലവ്, വരവിന്റെ ഏഴരയിരട്ടിയിലധികം).

വേട്ടയ്ക്കൊരുമകൻകാവ് ദേവസ്വത്തിലെ വാച്ചർ തസ്തിക ഒഴിഞ്ഞുകിടക്കുകയാണ്. പ്രസ്തുത തസ്തികയിൽ ജീവനക്കാരനെ നിയമിച്ച്, ടിയാന്റെ ശമ്പളം കൂടി ചെലവിൽ ഉൾപ്പെടുമ്പോൾ, അധികരിച്ച ചെലവ് മുകളിൽ രേഖപ്പെടുത്തിയിരിക്കുന്നതിനേക്കാൾ വർദ്ധിക്കുന്നതാണ്.

വാച്ചറുടെ സേവനം വേണ്ടുന്നില്ലായെന്ന് കാണുന്നു. വാച്ചർ തസ്തിക ഒഴിവാക്കാവുന്നതാണ്.

ചെലവ് വരവിനേക്കാൾ വളരെ കൂടുതലാകയാൽ, കഴകം, തളി തസ്തികകൾ ഒഴിവാക്കാവുന്നതും വേട്ടയ്ക്കൊരുമകൻകാവ് ദേവസ്വത്തിലെ കഴകം, തളിപ്രവൃത്തികൾ നിർവ്വഹിക്കുന്നതിനായി സബ്ഗ്രൂപ്പ് ഓഫീസറുടെ ഉത്തരവാദിത്വത്തിൽ ഓരോ ആൾക്കാരെ നിയോഗിക്കുന്നതിനും ടിയാളുകൾക്ക് യഥാക്രമം കഴകം, തളി തസ്തികകളിലെ പകരംവ്യവസ്ഥയ്ക്ക് അനുവാദമുള്ള നിരക്കിൽ അലവൻസ് ചെലവെഴുതി കൊടുക്കുന്നതിനും അനുമതി നൽകാവുന്നതുമാണ്.

വാച്ചർ തസ്തിക ഒഴിവാക്കുന്ന സാഹചര്യത്തിൽ, വേട്ടയ്ക്കൊരുമകൻകാവ് ദേവസ്വത്തിലെ പഞ്ചവാദ്യം തസ്തിക, പഞ്ചവാദ്യം കം വാച്ചർ എന്ന രീതിയിൽ ക്രമീകരിക്കാവുന്നതാണ്.

ക്രമ നമ്പർ	പുനഃക്രമീകരണത്തിനു ശേഷം നിലനിൽക്കുന്ന തസ്തികകൾ	എണ്ണം
1.	ശാന്തി (കാരാണ്മ)	1
2.	പഞ്ചവാദ്യം കം വാച്ചർ	1
	ആകെ	**2**

പൂവൻകുളങ്ങര ദേവസ്വം

ക്രമ നമ്പർ	നിലവിലുള്ള തസ്തികകൾ	എണ്ണം		ക്രമ നമ്പർ	കുറവ് ചെയ്യാവുന്ന തസ്തികകൾ	എണ്ണം
1.	ശാന്തി	1		1.	ശാന്തി	1
2.	കഴകം	1		2.	കഴകം	1
	ആകെ	**2**			**ആകെ**	**2**

ക്രമ നമ്പർ	പുതുതായി അനുവദിക്കാവുന്ന തസ്തിക	എണ്ണം
1.	ശാന്തി (പാർട്ട്ടൈം)	1
	ആകെ	**1**

പൂവൻകുളങ്ങര ദേവസ്വത്തിലെ വാർഷിക (2019-2020) വരവ് 1,38,183 രൂപ. ചെലവ് 3,48,612 രൂപ. വരവിനെ അധികരിച്ച ചെലവ് 2,10,429 രൂപ.

പൂവൻകുളങ്ങര ക്ഷേത്രത്തിലെ കഴകം തസ്തിക ഒഴിഞ്ഞുകിടക്കുകയാണ്. പ്രസ്തുത തസ്തികയിൽ ജീവനക്കാരനെ നിയമിച്ച്, ടിയാന്റെ ശമ്പളം കൂടി ചെലവിൽ ഉൾപ്പെടുമ്പോൾ, അധികരിച്ച ചെലവ് മുകളിൽ രേഖപ്പെടുത്തിയിരിക്കുന്നതിനേക്കാൾ വർദ്ധിക്കുന്നതാണ്.

പ്രതിമാസം ശരാശരി 11,600 രൂപയിൽ താഴെ വരവുള്ള പൂവൻകുളങ്ങര ദേവസ്വത്തിലെ, കഴക ജീവനക്കാരന്റെ ശമ്പളം ഉൾപ്പെടാതെയുള്ള ചെലവ് 29,000 രൂപയ്ക്ക് മുകളിലാണ്. കഴകം തസ്തികയിൽ ജീവനക്കാരനെ നിയോഗിച്ച്, ടിയാന്റെ ശമ്പളം കൂടി ചെലവിൽ ഉൾപ്പെടുമ്പോൾ, പ്രതിമാസ ശരാശരി ചെലവ് 55,000 രൂപയിലധികമാകുന്നതാണ്.

ക്ഷേത്രവരവിലെ കുറവ് കണക്കിലെടുത്ത്, പൂവൻകുളങ്ങര ദേവസ്വത്തിലെ ശാന്തിപ്രവൃത്തിക്കായി ഫുൾടൈം തസ്തിക നിലനിർത്തേണ്ടതില്ലായെന്ന് വിലയിരുത്തുന്നു. ഫുൾടൈം ശാന്തി തസ്തിക ഒഴിവാക്കാവുന്നതും പകരം പാർട്ട്ടൈം ശാന്തി തസ്തിക അനുവദിക്കാവുന്നതുമാണ്. ഫുൾടൈം ക്ഷേത്രമാകയാൽ, പൂവൻകുളങ്ങര ദേവസ്വത്തിലെ പാർട്ട്ടൈം ശാന്തി തസ്തികയിൽ നിയോഗിക്കപ്പെടുന്ന ജീവനക്കാരൻ രാവിലെയും വൈകുന്നേരവും നിലവിലെ സമയക്രമം പാലിച്ച് ക്ഷേത്രനട തുറന്ന് പൂജാദികാര്യങ്ങൾ നിർവ്വഹിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യാവുന്നതാണ്. രണ്ടുനേരവും ക്ഷേത്രത്തിൽ ഹാജരായി ശാന്തിപ്രവൃത്തി നിർവ്വഹിക്കുന്ന പാർട്ട്ടൈം ശാന്തിക്ക് അനുവാദമുള്ള അധികഅലവൻസ്, പൂവൻകുളങ്ങര ദേവസ്വത്തിലെ പാർട്ട്ടൈം ശാന്തിക്ക് ചെലവെഴുതി കൊടുക്കുന്നതിന് അനുമതി നൽകാവുന്നതാണ്.

കഴകം തസ്തിക ഒഴിവാക്കാവുന്നതും, പൂവൻകുളങ്ങര ദേവസ്വത്തിലെ ശാന്തിപ്രവൃത്തിക്ക് പുറമെയുള്ള പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനായി സബ്ഗ്രൂപ്പ് ഓഫീസറുടെ ഉത്തരവാദിത്വത്തിൽ ഒരാളെ നിയോഗിക്കുന്നതിനും ടിയാൾക്ക് കഴകം തസ്തികയിലെ പകരംവ്യവസ്ഥയ്ക്ക് അനുവാദമുള്ള നിരക്കിൽ അലവൻസ് ചെലവെഴുതി കൊടുക്കുന്നതിനും അനുമതി നൽകാവുന്നതുമാണ്.

ക്രമ നമ്പർ	പുനഃക്രമീകരണത്തിനു ശേഷം നിലനിൽക്കുന്ന തസ്തിക	എണ്ണം	റിമാർക്സ്
1.	ശാന്തി (പാർട്ട്ടൈം)	1	രാവിലെയും വൈകുന്നേരവും നിലവിലെ സമയക്രമം പാലിച്ച് ക്ഷേത്രനട തുറന്ന് പൂജാദികാര്യങ്ങൾ നിർവ്വഹിക്കേണ്ടതാണ്
	ആകെ	**1**	

ചെറുവള്ളിക്കാവ് ദേവസ്വം

ക്രമ നമ്പർ	നിലവിലുള്ള തസ്തികകൾ	എണ്ണം		ക്രമ നമ്പർ	കുറവ് ചെയ്യാവുന്ന തസ്തികകൾ	എണ്ണം
1.	ശാന്തി	1		1.	ശാന്തി	1
2.	കഴകം	1		2.	കഴകം	1
	ആകെ	**2**			**ആകെ**	**2**

ക്രമ നമ്പർ	പുതുതായി അനുവദിക്കുന്ന തസ്തിക	എണ്ണം
1.	ശാന്തി (പാർട്ട്ടൈം)	1
	ആകെ	**1**

ചെറുവള്ളിക്കാവ് ദേവസ്വത്തിലെ വാർഷിക (2019-2020) വരവ് 49,627 രൂപ. ചെലവ് 9,84,210 രൂപ. വരവിനെ അധികരിച്ച ചെലവ് 9,34,583 രൂപ (ചെലവ്, വരവിന്റെ പത്തൊൻപതര ഇരട്ടിയിലധികം).

ചെറുവള്ളിക്കാവ് ക്ഷേത്രത്തിലെ കഴകജീവനക്കാരിയെ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ ഓഫീസിൽ ഡ്യൂട്ടിവ്യവസ്ഥയിൽ നിയോഗിച്ചിരിക്കുകയാണ്. ക്ഷേത്രത്തിലെ കഴകം ജോലികൾക്കായി കോൺട്രാക്ട് വ്യവസ്ഥയിൽ ആളെ നിയോഗിച്ചിട്ടുണ്ട്.

പ്രതിമാസം ശരാശരി 4,200 രൂപയിൽ താഴെ വരവും 82,000 രൂപയ്ക്ക് മുകളിൽ ചെലവുമുള്ള ചെറുവള്ളിക്കാവ് ദേവസ്വത്തിലെ ശാന്തിപ്രവൃത്തിക്കായി ഫുൾടൈം തസ്തിക നിലനിർത്തേണ്ടതില്ലായെന്ന് വിലയിരുത്തുന്നു. ഫുൾടൈം ശാന്തി തസ്തിക ഒഴിവാക്കാവുന്നതും പകരം പാർട്ട്ടൈം ശാന്തി തസ്തിക അനുവദിക്കാവുന്നതുമാണ്. ഫുൾടൈം ക്ഷേത്രമാകയാൽ, ചെറുവള്ളിക്കാവ് ദേവസ്വത്തിലെ പാർട്ട്ടൈം ശാന്തി തസ്തികയിൽ നിയോഗിക്കപ്പെടുന്ന ജീവനക്കാരൻ രാവിലെയും വൈകുന്നേരവും നിലവിലെ സമയക്രമം പാലിച്ച് ക്ഷേത്രനട തുറന്ന് പൂജാദികാര്യങ്ങൾ നിർവ്വഹിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യാവുന്നതാണ്. രണ്ടുനേരവും ക്ഷേത്രത്തിൽ ഹാജരായി ശാന്തിപ്രവൃത്തി നിർവ്വഹിക്കുന്ന പാർട്ട്ടൈം ശാന്തിക്ക് അനുവാദമുള്ള അധികഅലവൻസ്, ചെറുവള്ളിക്കാവ് ദേവസ്വത്തിലെ പാർട്ട്ടൈം ശാന്തിക്ക് ചെലവെഴുതി കൊടുക്കുന്നതിന് അനുമതി നൽകാവുന്നതാണ്.

കഴകം തസ്തിക ഒഴിവാക്കാവുന്നതും, ചെറുവള്ളിക്കാവ് ദേവസ്വത്തിലെ ശാന്തിപ്രവൃത്തിയ്ക്ക് പുറമെയുള്ള പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനായി സബ്ഗ്രൂപ്പ് ഓഫീസറുടെ ഉത്തരവാദിത്വത്തിൽ ഒരാളെ നിയോഗിക്കുന്നതിനും ടിയാൾക്ക് കഴകം തസ്തികയിലെ പകരംവ്യവസ്ഥയ്ക്ക് അനുവാദമുള്ള നിരക്കിൽ അലവൻസ് ചെലവെഴുതി കൊടുക്കുന്നതിനും അനുമതി നൽകാവുന്നതുമാണ്.

ക്രമ നമ്പർ	പുനഃക്രമീകരണത്തിനു ശേഷം നിലനിൽക്കുന്ന തസ്തിക	എണ്ണം	റിമാർക്സ്
1.	ശാന്തി (പാർട്ട്ടൈം)	1	രാവിലെയും വൈകുന്നേരവും നിലവിലെ സമയക്രമം പാലിച്ച് ക്ഷേത്രനട തുറന്ന് പൂജാദികാര്യങ്ങൾ നിർവ്വഹിക്കേണ്ടതാണ്
	ആകെ	**1**	

കുമരകം സബ്ഗ്രൂപ്പ്

കുമരകം ദേവസ്വം (കുമരകം ശാസ്ത, കുമരകം പുതിയകാവ്)

ക്രമ നമ്പർ	നിലവിലുള്ള തസ്തികകൾ	എണ്ണം		ക്രമ നമ്പർ	കുറവ് ചെയ്യാവുന്ന തസ്തികകൾ	എണ്ണം
1.	ശാന്തി	1		1.	നാഗസ്വരം	1
2.	വാച്ചർ	1		2.	തകിൽ	1
3.	നാഗസ്വരം	1		3.	തളി	1
4.	തകിൽ	1				
5.	പഞ്ചവാദ്യം	1				
6.	കഴകം (കാരാണ്മ)	1				
7.	തളി	1				
	ആകെ	**7**			**ആകെ**	**3**
	കുമരകം പുതിയകാവ്					
1.	ശാന്തി (കാരാണ്മ)	1				
	ആകെ	**1**				

ചെലവ് വരവിനേക്കാൾ വളരെ കൂടുതലാകയാൽ, കഴകം, തളി തസ്തികകൾ ഒഴിവാക്കാവുന്നതും അറക്കുളം ദേവസ്വത്തിലെ കഴകം, തളിപ്രവൃത്തികൾ നിർവ്വഹിക്കുന്നതിനായി സബ്ഗ്രൂപ്പ് ഓഫീസറുടെ ഉത്തരവാദിത്വത്തിൽ ഓരോ ആൾക്കാരെ (ആകെ രണ്ടുപേർ) നിയോഗിക്കുന്നതിനും ടിയാളുകൾക്ക് യഥാക്രമം കഴകം, തളി തസ്തികകളിലെ പകരംവ്യവസ്ഥയ്ക്ക് അനുവാദമുള്ള നിരക്കിൽ അലവൻസ് ചെലവെഴുതി കൊടുക്കുന്നതിനും അനുമതി നൽകാവുന്നതുമാണ്.

കഴകം, തളി പ്രവൃത്തികൾക്കായി സബ്ഗ്രൂപ്പ് ഓഫീസറുടെ ഉത്തരവാദിത്വത്തിൽ നിയോഗിക്കപ്പെടുന്ന ആൾക്കാർ അറക്കുളം ദേവസ്വത്തിനു സമീപത്തായി സ്ഥിതിചെയ്യുന്ന നെററിക്കാട്ട് ദേവസ്വത്തിലെ പ്രവൃത്തികൾ കൂടി നിർവ്വഹിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യാവുന്നതാണ്. ആയത് സംബന്ധിച്ച ക്രമീകരണം ഏർപ്പെടുത്തുന്നതിന് അറക്കുളം ദേവസ്വം സബ്ഗ്രൂപ്പ് ഓഫീസറെ ചുമതലപ്പെടുത്താവുന്നതാണ്.

ക്രമ നമ്പർ	പുനഃക്രമീകരണത്തിനു ശേഷം നിലനിൽക്കുന്ന തസ്തികകൾ	എണ്ണം
1.	ശാന്തി	1
2.	ശാന്തി (പാർട്ട്ടൈം)	1
3.	വാച്ചർ	1
4.	പഞ്ചവാദ്യം	1
	ആകെ	**4**

വയനിക്കാവ് ദേവസ്വം

ക്രമ നമ്പർ	നിലവിലുള്ള തസ്തിക	എണ്ണം
1.	ശാന്തി (പാർട്ട്ടൈം)	1
	ആകെ	**1**

ക്രമ നമ്പർ	പുനർവിന്യാസത്തിലൂടെ വരുന്ന തസ്തിക	എണ്ണം	റിമാർക്സ്
1.	കഴകം (പാർട്ട്ടൈം)	1	ചിററീശ്വരം സബ്ഗ്രൂപ്പിൽപ്പെട്ട കാരൂർ ദേവസ്വം പാർട്ട്ടൈം കഴകം തസ്തിക വയനിക്കാവ് ദേവസ്വത്തിലേക്ക് മാററാവുന്നതാണ്.
	ആകെ	**1**	

വയനിക്കാവ് ദേവസ്വത്തിലെ വാർഷിക (2019-2020) വരവ് 2,45,365 രൂപ. ചെലവ് 1,50,820 രൂപ.

വയനിക്കാവ് ദേവസ്വത്തിൽ പാർട്ട്ടൈം ശാന്തി തസ്തിക മാത്രമാണ് അനുവദിച്ചിട്ടുള്ളത്. പാർട്ട്ടൈം ക്ഷേത്രമാണെങ്കിലും രണ്ടു നേരവും നടതുറന്ന് പൂജ നടത്തി വരുന്നു. ശാന്തിയെ കൂടാതെ മററ് തസ്തികകളൊന്നും നിലവിലില്ലാത്തത് ക്ഷേത്രവരുമാനത്തെ ബാധിക്കുന്നുണ്ട്. ശാന്തി പ്രവൃത്തിക്ക് പുറമെയുള്ള പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനായി ചിററീശ്വരം സബ്ഗ്രൂപ്പിൽപ്പെട്ട കാരൂർ ദേവസ്വം പാർട്ട്ടൈം കഴകം തസ്തിക വയനിക്കാവ് ദേവസ്വത്തിലേക്ക് മാററാവുന്നതാണ്.

രാവിലെയും വൈകുന്നേരവും തുറന്ന് പൂജ നടത്തിവരുന്ന വയനിക്കാവ് ദേവസ്വത്തിലെ പാർട്ട്ടൈം കഴകം തസ്തികയിൽ നിയോഗിക്കപ്പെടുന്ന ജീവനക്കാരൻ രാവിലെയും വൈകുന്നേരവും ക്ഷേത്രത്തിൽ ഹാജരായി കർത്തവ്യനിർവ്വഹണം നടത്തേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യാവുന്നതാണ്. രണ്ടുനേരവും ക്ഷേത്രത്തിൽ ഹാജരായി ജോലിചെയ്യുന്ന പാർട്ട്ടൈം കഴകത്തിന് അധികഅലവൻസ് നിശ്ചയിക്കേണ്ടതും അനുവദിക്കുന്ന തുക ചെലവെഴുതി കൊടുക്കുന്നതിന് അനുമതി ഉണ്ടാകേണ്ടതുമാണ്.

ക്രമ നമ്പർ	പുനഃക്രമീകരണത്തിനു ശേഷം നിലനിൽക്കുന്ന തസ്തികകൾ	എണ്ണം	റിമാർക്സ്
1.	ശാന്തി (പാർട്ട്ടൈം)	1	
2.	കഴകം (പാർട്ട്ടൈം)	1	രാവിലെയും വൈകുന്നേരവും ക്ഷേത്രത്തിൽ ഹാജരായി കർത്തവ്യനിർവ്വഹണം നടത്തേണ്ടതാണ്
	ആകെ	**2**	

തൃശൂലപുരം ദേവസ്വം

ക്രമ നമ്പർ	നിലവിലുള്ള തസ്തികകൾ	എണ്ണം		ക്രമ നമ്പർ	കുറവ് ചെയ്യാവുന്ന തസ്തികകൾ	എണ്ണം
1.	ശാന്തി	1		1.	ശാന്തി	1
2.	കഴകം	1		2.	കഴകം	1
	ആകെ	**2**			**ആകെ**	**2**

ക്രമ നമ്പർ	പുതുതായി അനുവദിക്കാവുന്ന തസ്തിക	എണ്ണം
1.	ശാന്തി (പാർട്ട്ടൈം)	1
	ആകെ	**1**

തൃശൂലപുരം ദേവസ്വത്തിലെ വാർഷിക (2019-2020) വരവ് 1,26,324 രൂപ. ചെലവ് 4,68,432 രൂപ. വരവിനെ അധികരിച്ച ചെലവ് 3,42,108 രൂപ.

തൃശൂലപുരം ദേവസ്വത്തിലെ കഴകം തസ്തിക ഒഴിഞ്ഞുകിടക്കുകയാണ്. ടി തസ്തികയിൽ ജീവനക്കാരനെ നിയമിച്ച്, ടിയാന്റെ ശമ്പളം കൂടി ചെലവിൽ ഉൾപ്പെടുമ്പോൾ, അധികരിച്ച ചെലവ് മുകളിൽ രേഖപ്പെടുത്തിയിരിക്കുന്നതിനേക്കാൾ വർദ്ധിക്കുന്നതാണ്.

പ്രതിമാസം ശരാശരി 10,600 രൂപയിൽ താഴെ വരവും കഴക ജീവനക്കാരന്റെ ശമ്പളം ഉൾപ്പെടതെ, 39,000 രൂപയ്ക്ക് മുകളിൽ ചെലവുമുള്ള തൃശൂലപുരം ദേവസ്വത്തിലെ ശാന്തിപ്രവൃത്തിക്കായി ഫുൾടൈം തസ്തിക നിലനിർത്തേണ്ടതില്ലായെന്ന് വിലയിരുത്തുന്നു. ഫുൾടൈം ശാന്തി തസ്തിക ഒഴിവാക്കാവുന്നതും പകരം പാർട്ട്ടൈം ശാന്തി തസ്തിക അനുവദിക്കാവുന്നതുമാണ്. ഫുൾടൈം ക്ഷേത്രമാകയാൽ, തൃശൂലപുരം ദേവസ്വത്തിലെ പാർട്ട്ടൈം ശാന്തി തസ്തികയിൽ നിയോഗിക്കപ്പെടുന്ന ജീവനക്കാരൻ രാവിലെയും വൈകുന്നേരവും നിലവിലെ സമയക്രമം പാലിച്ച് ക്ഷേത്രനട തുറന്ന് പൂജാദികാര്യങ്ങൾ നിർവ്വഹിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യാവുന്നതാണ്. രണ്ടുനേരവും ക്ഷേത്രത്തിൽ ഹാജരായി ശാന്തിപ്രവൃത്തി നിർവ്വഹിക്കുന്ന പാർട്ട്ടൈം ശാന്തിക്ക് അനുവാദമുള്ള അധികഅലവൻസ്, തൃശൂലപുരം ദേവസ്വത്തിലെ പാർട്ട്ടൈം ശാന്തിയ്ക്ക് ചെലവെഴുതി കൊടുക്കുന്നതിന് അനുമതി നൽകാവുന്നതാണ്.

കഴകം തസ്തിക ഒഴിവാക്കാവുന്നതും തൃശൂലപുരം ദേവസ്വത്തിലെ കഴകപ്രവൃത്തി നിർവ്വഹിക്കുന്നതിനായി സബ്ഗ്രൂപ്പ് ഓഫീസറുടെ ഉത്തരവാദിത്വത്തിൽ ഒരാളെ നിയോഗിക്കുന്നതിനും ടിയാൾക്ക് കഴകം തസ്തികയിലെ പകരംവ്യവസ്ഥയ്ക്ക് അനുവാദമുള്ള നിരക്കിൽ അലവൻസ് ചെലവെഴുതി കൊടുക്കുന്നതിനും അനുമതി നൽകാവുന്നതുമാണ്.

ക്രമ നമ്പർ	പുനഃക്രമീകരണത്തിനു ശേഷം നിലനിൽക്കുന്ന തസ്തിക	എണ്ണം	റിമാർക്സ്
1.	ശാന്തി (പാർട്ട്ടൈം)	1	രാവിലെയും വൈകുന്നേരവും നിലവിലെ സമയക്രമം പാലിച്ച് ക്ഷേത്രനട തുറന്ന് പൂജാദികാര്യങ്ങൾ നിർവ്വഹിക്കേണ്ടതാണ്
	ആകെ	1	

ശരംകുത്തി ദേവസ്വം

ക്രമ നമ്പർ	നിലവിലുള്ള തസ്തികകൾ	എണ്ണം		ക്രമ നമ്പർ	കുറവ് ചെയ്യാവുന്ന തസ്തികകൾ	എണ്ണം
1.	ശാന്തി	1		1.	ശാന്തി	1
2.	വാച്ചർ	1		2.	വാച്ചർ	1
3.	കഴകം	1		3.	കഴകം	1
	ആകെ	**3**			**ആകെ**	**3**

ക്രമ നമ്പർ	പുതുതായി അനുവദിക്കാവുന്ന തസ്തിക	എണ്ണം
1.	ശാന്തി (പാർട്ട്ടൈം)	1
	ആകെ	1

ശരംകുത്തി ദേവസ്വത്തിലെ വാർഷിക (2019-2020) വരവ് 1,36,272 രൂപ. ചെലവ് 5,10,840 രൂപ. വരവിനെ അധികരിച്ച ചെലവ് 3,74,568 രൂപ.

ശരംകുത്തി ദേവസ്വത്തിലെ വാച്ചർ, കഴകം തസ്തികകൾ ഒഴിഞ്ഞുകിടക്കുകയാണ്. പ്രസ്തുത തസ്തികകളിൽ ജീവനക്കാരെ നിയമിച്ച്, ടിയാളുകളുടെ ശമ്പളം കൂടി ചെലവിൽ ഉൾപ്പെടുമ്പോൾ, ചെലവ്, വരവിന്റെ ഏഴിരട്ടിയോളമാകുന്നതാണ്.

പ്രതിമാസം ശരാശരി 11,400 രൂപയിൽ താഴെ വരവും വാച്ചർ, കഴകം ജീവനക്കാരുടെ ശമ്പളം ഉൾപ്പെടതെ, 42,000 രൂപയ്ക്ക് മുകളിൽ ചെലവുമുള്ള ശരംകുത്തി ദേവസ്വത്തിലെ ശാന്തിപ്രവൃത്തിക്കായി ഫുൾടൈം തസ്തിക നിലനിർത്തേണ്ടതില്ലായെന്ന് വിലയിരുത്തുന്നു. ഫുൾടൈം ശാന്തി തസ്തിക ഒഴിവാക്കാവുന്നതും പകരം പാർട്ട്ടൈം ശാന്തി തസ്തിക അനുവദിക്കാവുന്നതുമാണ്. ഫുൾടൈം ക്ഷേത്രമാകയാൽ, ശരംകുത്തി ദേവസ്വത്തിലെ പാർട്ട്ടൈം ശാന്തി തസ്തികയിൽ നിയോഗിക്കപ്പെടുന്ന ജീവനക്കാരൻ രാവിലെയും വൈകുന്നേരവും നിലവിലെ സമയക്രമം പാലിച്ച് ക്ഷേത്രനട തുറന്ന് പൂജാദികാര്യങ്ങൾ നിർവ്വഹിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യാവുന്നതാണ്. രണ്ടുനേരവും ക്ഷേത്രത്തിൽ ഹാജരായി ശാന്തിപ്രവൃത്തി നിർവ്വഹിക്കുന്ന പാർട്ട്ടൈം ശാന്തിക്ക് അനുവാദമുള്ള അധികഅലവൻസ്, ശരംകുത്തി ദേവസ്വത്തിലെ പാർട്ട്ടൈം ശാന്തിയ്ക്ക് ചെലവെഴുതി കൊടുക്കുന്നതിന് അനുമതി നൽകാവുന്നതാണ്.

വാച്ചറുടെ സേവനം ആവശ്യമുള്ളതായി കാണുന്നില്ല. വാച്ചർ തസ്തിക ഒഴിവാക്കാവുന്നതാണ്.

കഴകം തസ്തിക ഒഴിവാക്കാവുന്നതും, ശരംകുത്തി ദേവസ്വത്തിലെ ശാന്തിപ്രവൃത്തിയ്ക്ക് പുറമെയുള്ള പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനായി സബ്ഗ്രൂപ് ഓഫീസറുടെ ഉത്തരവാദിത്വത്തിൽ ഒരാളെ നിയോഗിക്കുന്നതിനും ടിയാൾക്ക് കഴകം തസ്തികയിലെ പകരംവ്യവസ്ഥയ്ക്ക് അനുവാദമുള്ള നിരക്കിൽ അലവൻസ് ചെലവെഴുതി കൊടുക്കുന്നതിനും അനുമതി നൽകാവുന്നതാണ്.

ക്രമ നമ്പർ	പുനഃക്രമീകരണത്തിനു ശേഷം നിലനിൽക്കുന്ന തസ്തിക	എണ്ണം	റിമാർക്സ്
1.	ശാന്തി (പാർട്ട്ടൈം)	1	രാവിലെയും വൈകുന്നേരവും നിലവിലെ സമയക്രമം പാലിച്ച് ക്ഷേത്രനട തുറന്ന് പൂജാദികാര്യങ്ങൾ നിർവ്വഹിക്കേണ്ടതാണ്
	ആകെ	**1**	

അറക്കുളത്തുകാവ് ദേവസ്വം

ക്രമ നമ്പർ	നിലവിലുള്ള തസ്തികകൾ	എണ്ണം		ക്രമ നമ്പർ	കുറവ് ചെയ്യാവുന്ന തസ്തികകൾ	എണ്ണം
1.	ശാന്തി	1		1.	ശാന്തി	1
2.	കഴകം	1		2.	കഴകം	
	ആകെ	**2**			**ആകെ**	**1**

ക്രമ നമ്പർ	പുതുതായി അനുവദിക്കാവുന്ന തസ്തിക	എണ്ണം
1.	ശാന്തി (പാർട്ട്ടൈം)	1
	ആകെ	**1**

അറക്കുളത്തുകാവ് ദേവസ്വത്തിലെ വാർഷിക (2019-2020) വരവ് 1,64,300 രൂപ. ചെലവ് 3,39,600 രൂപ. വരവിനെ അധികരിച്ച ചെലവ് 1,75,300 രൂപ.

അറക്കുളത്തുകാവ് ദേവസ്വത്തിലെ കഴകം തസ്തിക ഒഴിഞ്ഞുകിടക്കുകയാണ്. പ്രസ്തുത തസ്തികയിൽ ജീവനക്കാരനെ നിയമിച്ച്, ടിയാന്റെ ശമ്പളം കൂടി ചെലവിൽ ഉൾപ്പെടുമ്പോൾ, അധികരിച്ച ചെലവ് മുകളിൽ രേഖപ്പെടുത്തിയിരിക്കുന്നതിനേക്കാൾ വർദ്ധിക്കുന്നതാണ്.

പ്രതിമാസം ശരാശരി 13,700 രൂപയിൽ താഴെ വരവും കഴകജീവനക്കാരന്റെ ശമ്പളം ഉൾപ്പെടതെ, 28,000 രൂപയ്ക്ക് മുകളിൽ ചെലവുമുള്ള അറക്കുളത്തുകാവ് ദേവസ്വത്തിലെ ശാന്തിപ്രവൃത്തിക്കായി ഫുൾടൈം തസ്തിക നിലനിർത്തേണ്ടതില്ലായെന്ന് വിലയിരുത്തുന്നു. ഫുൾടൈം ശാന്തി തസ്തിക ഒഴിവാക്കാവുന്നതും പകരം പാർട്ട്ടൈം ശാന്തി തസ്തിക അനുവദിക്കാവുന്നതുമാണ്. ഫുൾടൈം ക്ഷേത്രമാകയാൽ, അറക്കുളത്തുകാവ് ദേവസ്വത്തിലെ പാർട്ട്ടൈം ശാന്തി തസ്തികയിൽ നിയോഗിക്കപ്പെടുന്ന ജീവനക്കാരൻ രാവിലെയും വൈകുന്നേരവും നിലവിലെ സമയക്രമം പാലിച്ച് ക്ഷേത്രനട തുറന്ന് പൂജാദികാര്യങ്ങൾ നിർവ്വഹിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യാവുന്നതാണ്. രണ്ടുനേരവും ക്ഷേത്രത്തിൽ ഹാജരായി ശാന്തിപ്രവൃത്തി നിർവ്വഹിക്കുന്ന പാർട്ട്ടൈം ശാന്തിക്ക് അനുവാദമുള്ള അധികഅലവൻസ്, അറക്കുളത്തുകാവ് ദേവസ്വത്തിലെ പാർട്ട്ടൈം ശാന്തിയ്ക്ക് ചെലവെഴുതി കൊടുക്കുന്നതിന് അനുമതി നൽകാവുന്നതാണ്.

കഴകം തസ്തിക ഒഴിവാക്കാവുന്നതും അറക്കുളത്തുകാവ് ദേവസ്വത്തിലെ കഴകപ്രവൃത്തി നിർവ്വഹിക്കുന്നതിനായി സബ്ഗ്രൂപ്പ് ഓഫീസറുടെ ഉത്തരവാദിത്വത്തിൽ ഒരാളെ നിയോഗിക്കുന്നതിനും ടിയാൾക്ക് കഴകം തസ്തികയിലെ പകരംവ്യവസ്ഥയ്ക്ക് അനുവാദമുള്ള നിരക്കിൽ അലവൻസ് ചെലവെഴുതി കൊടുക്കുന്നതിനും അനുമതി നൽകാവുന്നതുമാണ്.

ക്രമ നമ്പർ	പുനഃക്രമീകരണത്തിനു ശേഷം നിലനിൽക്കുന്ന തസ്തിക	എണ്ണം	റിമാർക്സ്
1.	ശാന്തി (പാർട്ട്ടൈം)	1	രാവിലെയും വൈകുന്നേരവും നിലവിലെ സമയക്രമം പാലിച്ച് ക്ഷേത്രനട തുറന്ന് പൂജാദികാര്യങ്ങൾ നിർവ്വഹിക്കേണ്ടതാണ്
	ആകെ	1	

നെററിക്കാട് ദേവസ്വം

ക്രമ നമ്പർ	നിലവിലുള്ള തസ്തികകൾ	എണ്ണം		ക്രമ നമ്പർ	കുറവ് ചെയ്യാവുന്ന തസ്തികകൾ	എണ്ണം
1.	ശാന്തി	1		1.	ശാന്തി	1
2.	തളി	1		2.	തളി	1
	ആകെ	**2**			**ആകെ**	**1**

ക്രമ നമ്പർ	പുതുതായി അനുവദിക്കാവുന്ന തസ്തിക	എണ്ണം
1.	ശാന്തി (പാർട്ട്ടൈം)	1
	ആകെ	**1**

നെററിക്കാട് ദേവസ്വത്തിലെ വാർഷിക (2019-2020) വരവ് 1,28,375 രൂപ. ചെലവ് 9,06,240 രൂപ. വരവിനെ അധികരിച്ച ചെലവ് 7,77,865 രൂപ (ചെലവ്, വരവിന്റെ ഏഴ് മടങ്ങിലധികം).

പ്രതിമാസം ശരാശരി 10,700 രൂപയിൽ താഴെ വരവും 75,000 രൂപയ്ക്ക് മുകളിൽ ചെലവുമുള്ള നെററിക്കാട് ദേവസ്വത്തിലെ ശാന്തിപ്രവൃത്തിക്കായി ഫുൾടൈം തസ്തിക നിലനിർത്തേണ്ടതില്ലായെന്ന് വിലയിരുത്തുന്നു. ഫുൾടൈം ശാന്തി തസ്തിക ഒഴിവാക്കാവുന്നതും പകരം പാർട്ട്ടൈം ശാന്തി തസ്തിക അനുവദിക്കാവുന്നതുമാണ്. ഫുൾടൈം ക്ഷേത്രമാകയാൽ, നെററിക്കാട് ദേവസ്വത്തിലെ പാർട്ട്ടൈം ശാന്തി തസ്തികയിൽ നിയോഗിക്കപ്പെടുന്ന ജീവനക്കാരൻ രാവിലെയും വൈകുന്നേരവും നിലവിലെ സമയക്രമം പാലിച്ച് ക്ഷേത്രനട തുറന്ന് പൂജാദികാര്യങ്ങൾ നിർവ്വഹിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യാവുന്നതാണ്. രണ്ടുനേരവും ക്ഷേത്രത്തിൽ ഹാജരായി ശാന്തിപ്രവൃത്തി നിർവ്വഹിക്കുന്ന പാർട്ട്ടൈം ശാന്തിക്ക് അനുവാദമുള്ള അധികഅലവൻസ്, നെററിക്കാട് ദേവസ്വത്തിലെ പാർട്ട്ടൈം ശാന്തിയ്ക്ക് ചെലവെഴുതി കൊടുക്കുന്നതിന് അനുമതി നൽകാവുന്നതാണ്.

നെററിക്കാട് ദേവസ്വത്തിലെ തളി തസ്തിക ഒഴിവാക്കാവുന്നതും, ഒഴിവാക്കുന്ന തസ്തികയിലെ ജീവനക്കാരൻ നിർവ്വഹിച്ചുവരുന്ന പ്രവൃത്തികൾ അറക്കുളം ദേവസ്വത്തിലെ കഴകം, തളിപ്രവൃത്തികൾ നിർവ്വഹിക്കുന്നതിനായി സബ്ഗ്രൂപ്പ് ഓഫീസറുടെ ഉത്തരവാദിത്വത്തിൽ നിയോഗിക്കപ്പെടുന്ന ആൾക്കാർ ചെയ്യേണ്ടതാണെന്ന വ്യവസ്ഥ അറക്കുളം ദേവസ്വവുമായി ബന്ധപ്പെട്ട റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ക്രമ നമ്പർ	പുനഃക്രമീകരണത്തിനു ശേഷം നിലനിൽക്കുന്ന തസ്തിക	എണ്ണം	റിമാർക്സ്
1.	ശാന്തി (പാർട്ട്ടൈം)	1	രാവിലെയും വൈകുന്നേരവും നിലവിലെ സമയക്രമം പാലിച്ച് ക്ഷേത്രനട തുറന്ന് പൂജാദികാര്യങ്ങൾ നിർവ്വഹിക്കേണ്ടതാണ്
	ആകെ	**1**	

ഗുരുതിക്കളം ദേവസ്വം

ക്രമ നമ്പർ	നിലവിലുള്ള തസ്തിക	എണ്ണം
1.	ശാന്തി (പാർട്ട്ടൈം)	1
	ആകെ	**1**

ഗുരുതിക്കളം ദേവസ്വത്തിലെ വാർഷിക (2019-2020) വരവ് 86,357 രൂപ. ചെലവ് 1,11,600 രൂപ. വരവിനെ അധികരിച്ച ചെലവ് 25,243 രൂപ

ഗുരുതിക്കളം ക്ഷേത്രത്തിൽ പാർട്ട്ടൈം ശാന്തി തസ്തിക മാത്രമാണ് നിലവിലുള്ളത്. ശാന്തി പ്രവൃത്തിക്ക് പുറമെയുള്ള പ്രവൃത്തികൾ ചെയ്യുന്നതിനായി സബ്ഗ്രൂപ്പ് ഓഫീസറുടെ ഉത്തരവാദിത്വത്തിൽ ഒരാളെ (പാർട്ട്ടൈം) നിയോഗിക്കുന്നതിനും ടിയാൾക്ക് പാർട്ട്ടൈം തളി തസ്തികയിലെ പകരംവ്യവസ്ഥയ്ക്ക് അനുവാദമുള്ള നിരക്കിൽ അലവൻസ് ചെലവെഴുതി കൊടുക്കുന്നതിന്നും അനുമതി നൽകാവുന്നതാണ്.

ക്രമ നമ്പർ	പുനഃക്രമീകരണത്തിനു ശേഷം നിലനിൽക്കുന്ന തസ്തിക	എണ്ണം
1.	ശാന്തി (പാർട്ട്ടൈം)	1
	ആകെ	**1**

മങ്കൊമ്പ്കാവ് ദേവസ്വം

ക്രമ നമ്പർ	നിലവിലുള്ള തസ്തികകൾ	എണ്ണം		ക്രമ നമ്പർ	കുറവ് ചെയ്യാവുന്ന തസ്തിക	എണ്ണം
1.	ശാന്തി (പാർട്ട്ടൈം)	1		1.	കഴകം (പാർട്ട്ടൈം)	1
2.	കഴകം (പാർട്ട്ടൈം)	1				
	ആകെ	**2**			**ആകെ**	**1**

മങ്കൊമ്പ്കാവ് ദേവസ്വത്തിലെ വാർഷിക (2019-2020) വരവ് 1,07,800 രൂപ. ചെലവ് 2,36,928 രൂപ. വരവിനെ അധികരിച്ച ചെലവ് 1,29,128 രൂപ. (ചെലവ്, വരവിന്റെ ഇരട്ടിയിലധികം).

മങ്കൊമ്പ്കാവ് ദേവസ്വത്തിലെ പാർട്ട്ടൈം കഴകം തസ്തിക ഒഴിഞ്ഞുകിടക്കുകയാണ്. ഒഴിഞ്ഞുകിടക്കുന്ന പാർട്ട്ടൈം കഴകം തസ്തികയിൽ ജീവനക്കാരനെ നിയമിച്ച്, ടിയാന്റെ ശമ്പളം കൂടി ചെലവിൽ ഉൾപ്പെടുമ്പോൾ, അധികരിച്ച ചെലവ് മുകളിൽ രേഖപ്പെടുത്തിയിരിക്കുന്നതിനേക്കാൾ വർദ്ധിക്കുന്നതാണ്.

ക്ഷേത്രവരവിലെ കുറവും കുറഞ്ഞ ജോലിഭാരവും കണക്കിലെടുത്ത്, പാർട്ട്ടൈം കഴകം തസ്തിക ഒഴിവാക്കാവുന്നതും മങ്കൊമ്പ്കാവ് ദേവസ്വത്തിലെ ശാന്തി പ്രവൃത്തിക്ക് പുറമെയുള്ള പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനായി സബ്ഗ്രൂപ്പ് ഓഫീസറുടെ ഉത്തരവാദിത്വത്തിൽ ഒരാളെ (പാർട്ട്ടൈം) നിയോഗിക്കുന്നതിനും ടിയാൾക്ക് പാർട്ട്ടൈം കഴകം തസ്തികയിലെ പകരംവ്യവസ്ഥയ്ക്ക് അനുവാദമുള്ള നിരക്കിൽ അലവൻസ് ചെലവെഴുതി കൊടുക്കുന്നതിനും അനുമതി നൽകാവുന്നതുമാണ്.

ക്രമ നമ്പർ	പുനഃക്രമീകരണത്തിനു ശേഷം നിലനിൽക്കുന്ന തസ്തിക	എണ്ണം
1.	ശാന്തി (പാർട്ട്ടൈം)	1
	ആകെ	**1**

രാമംഗലം സബ്ഗ്രൂപ്പ്

രാമംഗലം ദേവസ്വം

ക്രമ നമ്പർ	നിലവിലുള്ള തസ്തികകൾ	എണ്ണം		ക്രമ നമ്പർ	കുറവ് ചെയ്യാവുന്ന തസ്തികകൾ	എണ്ണം
1.	ശാന്തി	2		1.	വാച്ചർ	2
2.	വാച്ചർ	2		2.	തളി	1
3.	നാഗസ്വരം	1				
4.	തകിൽ	1				
5.	പഞ്ചവാദ്യം	2				
6.	കഴകം	1				
7.	തളി	1				
	ആകെ	**10**			**ആകെ**	**3**

രാമംഗലം ദേവസ്വത്തിലെ വാർഷിക (2019-2020) വരവ് 3,77,421 രൂപ. ചെലവ് 37,98,682 രൂപ. വരവിനെ അധികരിച്ച ചെലവ് 34,21,261 രൂപ (ചെലവ്, വരവിന്റെ പത്ത് മടങ്ങിലധികം).

വാച്ചർ തസ്തിക ഒരെണ്ണം ഒഴിഞ്ഞുകിടക്കുകയാണ്. ടി തസ്തികയിൽ ജീവനക്കാരനെ നിയോഗിച്ച്, ടിയാളുടെ ശമ്പളം കൂടി ചെലവിൽ ഉൾപ്പെടുമ്പോൾ, അധികരിച്ച ചെലവ് മുകളിൽ രേഖപ്പെടുത്തിയിരിക്കുന്നതിനേക്കാൾ വർദ്ധിക്കുന്നതാണ്.

പ്രതിമാസം 31,500 രൂപയിൽ താഴെയാണ് ശരാശരി വരവ്. ചെലവ് 3,16,000 രൂപയ്ക്ക് മുകളിലും.

വാച്ചർമാരുടെ സേവനം വേണ്ടിവരുന്നില്ലായെന്ന് കാണുന്നു. വാച്ചർ തസ്തിക രണ്ടെണ്ണവും കുറവ് ചെയ്യാവുന്നതാണ്.

ചെലവ് വരവിനേക്കാൾ വളരെ കൂടുതലാകയാൽ, തളി തസ്തിക ഒഴിവാക്കാവുന്നതും രാമംഗലം ദേവസ്വത്തിലെ തളിപ്രവൃത്തി നിർവ്വഹിക്കുന്നതിനായി സബ്ഗ്രൂപ്പ് ഓഫീസറുടെ ഉത്തരവാദിത്വത്തിൽ ഒരാളെ നിയോഗിക്കുന്നതിനും ടിയാൾക്ക് തളി തസ്തികയിലെ പകരംവ്യവസ്ഥയ്ക്ക് അനുവാദമുള്ള നിരക്കിൽ അലവൻസ് ചെലവെഴുതി കൊടുക്കുന്നതിനും അനുമതി നൽകാവുന്നതുമാണ്.

ക്രമ നമ്പർ	പുനഃക്രമീകരണത്തിനു ശേഷം നിലനിൽക്കുന്ന തസ്തികകൾ	എണ്ണം
1.	ശാന്തി	2
2.	നാഗസ്വരം	1
3.	തകിൽ	1
4.	പഞ്ചവാദ്യം	2
5.	കഴകം	1
	ആകെ	**7**

ഊട്ടുപുരഗണപതി ദേവസ്വം

ക്രമ നമ്പർ	നിലവിലുള്ള തസ്തികകൾ	എണ്ണം		ക്രമ നമ്പർ	കുറവ് ചെയ്യാവുന്ന തസ്തിക	എണ്ണം
1.	ശാന്തി	1		1.	കഴകം	1
2.	വാച്ചർ	1				
3.	കഴകം	1				
	ആകെ	**3**			**ആകെ**	**1**

ഊട്ടുപുരഗണപതി ദേവസ്വത്തിലെ വാർഷിക (2019-2020) വരവ് 6,97,904 രൂപ. ചെലവ് 14,76,307 രൂപ. വരവിനെ അധികരിച്ച ചെലവ് 7,78,403 രൂപ (ചെലവ്, വരവിന്റെ ഇരട്ടിയിലധികം).

അധികരിച്ച ചെലവ് പരിഗണിച്ച്, കഴകം തസ്തിക ഒഴിവാക്കാവുന്നതും ഊട്ടുപുരഗണപതി ദേവസ്വത്തിലെ കഴകപ്രവൃത്തി നിർവ്വഹിക്കുന്നതിനായി സബ്ഗ്രൂപ് ഓഫീസറുടെ ഉത്തരവാദിത്വത്തിൽ ഒരാളെ നിയോഗിക്കുന്നതിനും ടിയാൾക്ക് കഴകം തസ്തികയിലെ പകരംവ്യവസ്ഥയ്ക്ക് അനുവാദമുള്ള നിരക്കിൽ അലവൻസ് ചെലവെഴുതി കൊടുക്കുന്നതിനും അനുമതി നൽകാവുന്നതുമാണ്.

ക്രമ നമ്പർ	പുനഃക്രമീകരണത്തിനു ശേഷം നിലനിൽക്കുന്ന തസ്തികകൾ	എണ്ണം
1.	ശാന്തി	1
2.	വാച്ചർ	1
	ആകെ	**2**

അറേക്കാട് ദേവസ്വം

ക്രമ നമ്പർ	നിലവിലുള്ള തസ്തികകൾ	എണ്ണം		ക്രമ നമ്പർ	കുറവ് ചെയ്യാവുന്ന തസ്തിക	എണ്ണം
1.	ശാന്തി	1		1.	വാച്ചർ	1
2.	വാച്ചർ	1				
3.	പഞ്ചവാദ്യം	1				
4.	കഴകം (കാരാണ്മ)	1				
	ആകെ	**4**			**ആകെ**	**1**

അറേക്കാട് ദേവസ്വത്തിലെ വാർഷിക (2019-2020) വരവ് 2,40,573 രൂപ. ചെലവ് 11,70,340 രൂപ. വരവിനെ അധികരിച്ച ചെലവ് 9,29,767 രൂപ (ചെലവ്, വരവിന്റെ നാലര മടങ്ങിലധികം).

പ്രതിമാസം ശരാശരി 20,100 രൂപയിൽ താഴെ വരവുള്ള അറേക്കാട് ദേവസ്വത്തിലെ പ്രതിമാസ ശരാശരി ചെലവ് 97,000 രൂപയ്ക്ക് മുകളിലാണ്.

അറേക്കാട് ദേവസ്വത്തിലെ വാച്ചറെ തൃക്കാരിയൂർ ദേവസ്വം സ്ട്രോംഗ്റൂം ഡ്യൂട്ടിയിൽ നിയോഗിച്ചിരിക്കുകയാണ്.

വാച്ചറുടെ സേവനം വേണ്ടിവരുന്നില്ലായെന്ന് കാണുന്നു. വാച്ചർ തസ്തിക ഒഴിവാക്കാവുന്നതാണ്. ജോലിഭാരം കുറവായതിനാൽ, അറേക്കാട് ദേവസ്വത്തിലെ പഞ്ചവാദ്യം തസ്തിക, പഞ്ചവാദ്യം കം വാച്ചർ എന്ന രീതിയിൽ ക്രമീകരിക്കാവുന്നതാണ്.

ക്രമ നമ്പർ	പുനഃക്രമീകരണത്തിനു ശേഷം നിലനിൽക്കുന്ന തസ്തികകൾ	എണ്ണം
1.	ശാന്തി	1
2.	പഞ്ചവാദ്യം കം വാച്ചർ	1
3.	കഴകം (കാരാണ്മ)	1
	ആകെ	**3**

പള്ളിക്കാപറമ്പ്, പുത്തൻകാവ് ദേവസ്വങ്ങൾ

ക്രമ നമ്പർ	നിലവിലുള്ള തസ്തികകൾ	എണ്ണം		ക്രമ നമ്പർ	കുറവ് ചെയ്യാവുന്ന തസ്തികകൾ	എണ്ണം
1.	ശാന്തി	1		1.	ശാന്തി	1
2.	കഴകം	1		2.	കഴകം	1
	ആകെ	**2**			**ആകെ**	**2**

	പള്ളിക്കാപറമ്പ്	
ക്രമ നമ്പർ	**പുതുതായി അനുവദിക്കാവുന്ന തസ്തിക**	**എണ്ണം**
1.	ശാന്തി (പാർട്ട്ടൈം)	1
	ആകെ	**1**

	പുത്തൻകാവ്	
ക്രമ നമ്പർ	**പുതുതായി അനുവദിക്കാവുന്ന തസ്തിക**	**എണ്ണം**
1.	ശാന്തി (പാർട്ട്ടൈം)	1
	ആകെ	**1**

പള്ളിക്കാപറമ്പ്, പുത്തൻകാവ് ദേവസ്വങ്ങളിലെ വാർഷിക (2019-2020) വരവ് യഥാക്രമം 20,352 രൂപ. 48,251 രൂപ. ചെലവ് 3,21,571 രൂപയുമാണ്. വരവിനെ അധികരിച്ച ചെലവ് 2,52,968 രൂപ.

പള്ളിക്കാപറമ്പ് ക്ഷേത്രം രാവിലെ 6 മണി മുതൽ 9 മണി വരെയും പുത്തൻകാവ് ക്ഷേത്രം രാവിലെ 9.30 മണി മുതൽ 10.30 മണി വരെയുമാണ് തുറന്ന് പൂജ നടത്തിവരുന്നത്. രണ്ട് ക്ഷേത്രങ്ങളിൽ ജോലി ചെയ്യുന്നു എന്ന കാരണത്താൽ ഫുൾടൈം ശാന്തി, ഫുൾടൈം കഴകം തസ്തികകളാണ് രണ്ട് ക്ഷേത്രങ്ങളിലേക്കുമായി അനുവദിച്ചിരിക്കുന്നത്. രണ്ട് ക്ഷേത്രവും വളരെ കുറച്ച് സമയം മാത്രമാണ് തുറന്നിരിക്കുന്നതെന്നും ഭക്തജനങ്ങൾക്ക് ക്ഷേത്രത്തിലെത്തി ആരാധന നടത്തുന്നതിന് സഹായകരമായ ക്രമീകരണമല്ലായെന്നും വിലയിരുത്തുന്നു. ആകയാൽ, ഫുൾടൈം ശാന്തി, ഫുൾടൈം കഴകം തസ്തികകൾ ഒഴിവാക്കാവുന്നതും പകരം പള്ളിക്കാപറമ്പ്, പുത്തൻകാവ് ദേവസ്വങ്ങളിൽ ഓരോ പാർട്ട്ടൈം ശാന്തി തസ്തികകൾ അനുവദിക്കാവുന്നതാണ്.

ഓരോ പാർട്ട്ടൈം ശാന്തി തസ്തിക അനുവദിച്ച്, പ്രസ്തുത തസ്തികകളിൽ ശാന്തിക്കാർ ചുമതലയേൽക്കുന്ന മുറയ്ക്ക് പള്ളിക്കാപറമ്പ്, പുത്തൻകാവ് ദേവസ്വങ്ങളിൽ മററ് പാർട്ട്ടൈം ക്ഷേത്രങ്ങൾ തുറന്ന് പൂജ നടത്തുന്ന സമയക്രമം പാലിക്കുന്നതിനാവശ്യമായ ക്രമീകരണം ഏർപ്പെടുത്തുന്നതിന് ഗ്രൂപ്പ് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറെ ചുമതലപ്പെടുത്താവുന്നതാണ്.

കഴകപ്രവൃത്തി നിർവ്വഹിക്കുന്നതിനായി സബ്ഗ്രൂപ്പ് ഓഫീസറുടെ ഉത്തരവാദിത്വത്തിൽ ഓരോ ആൾക്കാരെ (ആകെ രണ്ടുപേർ) നിയോഗിക്കുന്നതിനും ടിയാളുകൾക്ക് പാർട്ട്ടൈം കഴകം തസ്തികയിലെ പകരംവ്യവസ്ഥയ്ക്ക് അനുവാദമുള്ള നിരക്കിൽ അലവൻസ് ചെലവെഴുതി കൊടുക്കുന്നതിനും അനുമതി നൽകാവുന്നതാണ്.

	പള്ളിക്കാപറമ്പ്	
ക്രമ നമ്പർ	**പുനഃക്രമീകരണത്തിനു ശേഷം നിലനിൽക്കുന്ന തസ്തിക**	**എണ്ണം**
1.	ശാന്തി (പാർട്ട്ടൈം)	1
	ആകെ	**1**

	പുത്തൻകാവ്	
ക്രമ നമ്പർ	**പുനഃക്രമീകരണത്തിനു ശേഷം നിലനിൽക്കുന്ന തസ്തിക**	**എണ്ണം**
1.	ശാന്തി (പാർട്ട്ടൈം)	1
	ആകെ	**1**

പി.ഡി. തിരുമധുര, മാറാടിതൃക്ക ദേവസ്വങ്ങൾ

ക്രമ നമ്പർ	നിലവിലുള്ള തസ്തികകൾ	എണ്ണം		ക്രമ നമ്പർ	കുറവ് ചെയ്യാവുന്ന തസ്തികകൾ	എണ്ണം	റിമാർക്സ്
1.	ശാന്തി	1		1.	ശാന്തി	1	നെട്ടൂർക്കോട്ടുകാവ് ദേവസ്വത്തിലേക്ക് മാററാവുന്നതാണ്.
2.	കഴകം	1		2.	കഴകം	1	പിന്നററം സബ്ഗ്രൂഷിൽപ്പെട്ട കൂത്താട്ടുകുളം ദേവസ്വത്തിലേക്ക് മാററാവുന്നതാണ്.
	ആകെ	2			ആകെ	2	

	പി.ഡി. തിരുമധുര		റിമാർക്സ്
ക്രമ നമ്പർ	പുനർവിന്യാസത്തിലൂടെ വരുന്ന തസ്തികകൾ	എണ്ണം	
1.	ശാന്തി (പാർട്ട്ടൈം)	1	നെട്ടൂർക്കോട്ടുകാവ് ദേവസ്വത്തിലെ പാർട്ട്ടൈം ശാന്തി തസ്തിക പി.ഡി. തിരുമധുര ദേവസ്വത്തിലേക്ക് മാററാവുനതാണ്.
2.	കഴകം (പാർട്ട്ടൈം)	1	തൃക്കാരിയൂർ സബ്ഗ്രൂഷിൽപ്പെട്ട ഏണിക്കാവ് ദേവസ്വത്തിലെ പാർട്ട്ടൈം കഴകം തസ്തിക പി.ഡി. തിരുമധുര ദേവസ്വത്തിലേക്ക് മാററാവുന്നതാണ്.
	ആകെ	2	

	മാറാടിതൃക്ക	
ക്രമ നമ്പർ	പുതുതായി അനുവദിക്കാവുന്ന തസ്തിക	എണ്ണം
1.	ശാന്തി (പാർട്ട്ടൈം)	1
	ആകെ	1

പി.ഡി. തിരുമധുര, മാറാടിതൃക്ക ദേവസ്വങ്ങളിലെ വാർഷിക (2019-2020) വരവ് യഥാക്രമം 1,82,387 രൂപ. 90,563 രൂപ. ചെലവ് 8,70,793 രൂപ. വരവിനെ അധികരിച്ച ചെലവ് 5,97,843 രൂപ.

പി.ഡി. തിരുമധുര ക്ഷേത്രം രാവിലെ 5 മണി മുതൽ 8.30 മണി വരെയും മാറാടിതൃക്ക ക്ഷേത്രം രാവിലെ 8.45 മണി മുതൽ 10.30 മണി വരെയുമാണ് തുറന്ന് പൂജ നടത്തിവരുന്നത്. രണ്ട് ക്ഷേത്രങ്ങളിൽ ജോലി ചെയ്യുന്നു എന്ന കാരണത്താൽ ഫുൾടൈം ശാന്തി, ഫുൾടൈം കഴകം തസ്തികകളാണ് രണ്ട് ക്ഷേത്രത്തിലേക്കുമായി അനുവദിച്ചിട്ടുള്ളത്. രണ്ട് ക്ഷേത്രങ്ങളും വളരെ കുറച്ച് സമയം മാത്രമാണ് തുറന്നിരിക്കുന്നതെന്ന് കാണുന്നു. ഇത് ഭക്തർക്ക് ക്ഷേത്രത്തിലെത്തി ആരാധന നടത്തുന്നതിന് സഹായകരമായ സമയക്രമീകരണമല്ലായെന്ന് വിലയിരുത്തുന്നു. ആകയാൽ, ടി ദേവസ്വങ്ങളിലെ ഫുൾടൈം ശാന്തി തസ്തിക നെട്ടൂർക്കോട്ടുകാവ്

ദേവസ്വത്തിലേക്കും നെട്ടൂർക്കോട്ടുകാവ് ദേവസ്വത്തിലെ പാർട്ട്ടൈം ശാന്തി തസ്തിക പി.ഡി. തിരുമധുര ദേവസ്വത്തിലേക്കും മാററാവുന്നതും മാറാടിതൃക്ക ദേവസ്വത്തിൽ ഒരു പാർട്ട്ടൈം ശാന്തി തസ്തിക അനുവദിക്കാവുന്നതുമാണ്.

പാർട്ട്ടൈം ശാന്തിക്കാർ ചുമതലയേൽക്കുന്ന മുറയ്ക്ക് പി.ഡി. തിരുമധുര, മാറാടിതൃക്ക ദേവസ്വങ്ങളിൽ മററ് പാർട്ട്ടൈം ക്ഷേത്രങ്ങൾ തുറന്ന് പൂജ നടത്തുന്ന സമയക്രമം പാലിക്കുന്നതിനാവശ്യമായ ക്രമീകരണം ഏർപ്പെടുത്തുന്നതിന് ഗ്രൂപ്പ് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറെ ചുമതലപ്പെടുത്താവുന്നതാണ്.

ടി ദേവസ്വങ്ങളിലേക്കായി അനുവദിച്ചിട്ടുള്ള ഫുൾടൈം കഴകം തസ്തിക പിന്മററം സബ്ഗ്രൂപ്പിൽപ്പെട്ട കൂത്താട്ടുകുളം ദേവസ്വത്തിലേക്ക് മാററാവുന്നതാണ്.

തൃക്കാരിയൂർ സബ്ഗ്രൂപ്പിൽപ്പെട്ട ഏണിക്കാവ് ദേവസ്വത്തിലെ പാർട്ട്ടൈം കഴകം തസ്തിക പി.ഡി. തിരുമധുര ദേവസ്വത്തിലേക്ക് മാററാവുന്നതും, മാറാടി തൃക്ക ദേവസ്വത്തിലെ കഴകപ്രവൃത്തി നിർവ്വഹിക്കുന്നതിനായി സബ്ഗ്രൂപ്പ് ഓഫീസറുടെ ഉത്തരവാദിത്വത്തിൽ ഒരാളെ (പാർട്ട്ടൈം) നിയോഗിക്കുന്നതിനും ടിയാൾക്ക് പാർട്ട്ടൈം കഴകം തസ്തികയിലെ പകരം വ്യവസ്ഥയ്ക്ക് അനുവാദമുള്ള നിരക്കിൽ അലവൻസ് ചെലവെഴുതി കൊടുക്കുന്നതിനും അനുമതി നൽകാവുന്നതുമാണ്.

പി.ഡി. തിരുമധുര ക്ഷേത്രം സ്വയംപര്യാപ്തമല്ലാത്തതാണ്. ജനറൽഫണ്ടിൽ നിന്നും ലോൺ എടുത്ത് പ്രസ്തുത തുക കൂടി വിനിയോഗിച്ചാണ് ഓരോ മാസത്തെയും ടി ദേവസ്വത്തിലെ ചെലവുകൾ നടത്തിവരുന്നത്. ഈ സാഹചര്യത്തിൽ പി.ഡി. തിരുമധുര ദേവസ്വം ഷെഡ്യൂൾഡ് ദേവസ്വമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറെ ചുമതലപ്പെടുത്താവുന്നതാണ്.

	പി.ഡി. തിരുമധുര	
ക്രമ നമ്പർ	**പുനഃക്രമീകരണത്തിനു ശേഷം നിലനിൽക്കുന്ന തസ്തികകൾ**	**എണ്ണം**
1.	ശാന്തി (പാർട്ട്ടൈം)	1
2.	കഴകം (പാർട്ട്ടൈം)	1
	ആകെ	**2**

	മാറാടിതൃക്ക	
ക്രമ നമ്പർ	**പുനഃക്രമീകരണത്തിനു ശേഷം നിലനിൽക്കുന്ന തസ്തിക**	**എണ്ണം**
1.	ശാന്തി (പാർട്ട്ടൈം)	1
	ആകെ	**1**

നെട്ടൂർക്കോട്ടുകാവ് ദേവസ്വം

ക്രമ നമ്പർ	നിലവിലുള്ള തസ്തികകൾ	എണ്ണം		ക്രമ നമ്പർ	കുറവ് ചെയ്യാവുന്ന തസ്തിക	എണ്ണം	റിമാർക്സ്
1.	ശാന്തി (പാർട്ട്ടൈം)	1		1.	ശാന്തി (പാർട്ട്ടൈം)	1	പി.ഡി. തിരുമധുര ദേവസ്വത്തിലേക്ക് മാററാവുന്നതാണ്.
2.	കഴകം (പാർട്ട്ടൈം)	1					
	ആകെ	**2**			**ആകെ**	**1**	

ക്രമ നമ്പർ	പുനർവിന്യാസത്തിലൂടെ വരുന്ന തസ്തിക	എണ്ണം	റിമാർക്സ്
1.	ശാന്തി (ഫുൾടൈം)	1	പി.ഡി. തിരുമധുര, മാറാടി തൃക്ക ദേവസ്വങ്ങളിലെ ഫുൾടൈം ശാന്തി തസ്തിക നെട്ടൂർക്കോട്ടുകാവ് ദേവസ്വത്തിലേക്ക് മാററാവുന്നതാണ്.
	ആകെ	**1**	

നെട്ടൂർക്കോട്ടുകാവ് ദേവസ്വത്തിലെ വാർഷിക (2019-2020) വരവ് 5,50,506 രൂപ. ചെലവ് 2,83,107 രൂപ.

പാർട്ട്ടൈം ക്ഷേത്രമാണെങ്കിലും, നെട്ടൂർക്കോട്ടുകാവ് രാവിലെയും വൈകുന്നേരവും തുറന്ന് പൂജ നടത്തിവരുന്നു. അതിലേക്ക് ടി ദേവസ്വത്തിലെ പാർട്ട്ടൈം ശാന്തിയ്ക്ക് അധികഅലവൻസ് ചെലവെഴുതി കൊടുത്തുവരുന്നു. ഫുൾടൈം ശാന്തി തസ്തിക അനുവദിക്കുന്നുവെങ്കിൽ ക്ഷേത്രം കൂടുതൽ അഭിവൃദ്ധിപ്പെടുമെന്ന് വിലയിരുത്തുന്നു. ആകയാൽ, പാർട്ട്ടൈം ശാന്തി തസ്തിക പി.ഡി. തിരുമധുര ദേവസ്വത്തിലേക്കും പി.ഡി. തിരുമധുര, മാറാടി തൃക്ക ദേവസ്വങ്ങളിലെ ഫുൾടൈം ശാന്തി തസ്തിക നെട്ടൂർക്കോട്ടുകാവ് ദേവസ്വത്തിലേക്കും മാററാവുന്നതാണ്.

രാവിലെയും വൈകുന്നേരവും തുറന്ന് പൂജ നടത്തിവരുന്നതും ടി ദേവസ്വത്തിൽ ഫുൾടൈം ശാന്തിയെ നിയോഗിക്കുന്നതുമായ സാഹചര്യത്തിൽ, നെട്ടൂർക്കോട്ടുകാവ് ദേവസ്വത്തിലെ പാർട്ട്ടൈം കഴകം തസ്തികയിൽ നിയോഗിക്കപ്പെടുന്ന ജീവനക്കാരൻ രാവിലെയും വൈകുന്നേരവും ക്ഷേത്രത്തിൽ ഹാജരായി കർത്തവ്യനിർവ്വഹണം നടത്തേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യാവുന്നതാണ്. രണ്ടുനേരവും ക്ഷേത്രത്തിൽ ഹാജരായി ജോലിചെയ്യുന്ന പാർട്ട്ടൈം കഴകത്തിന് അധികഅലവൻസ് നിശ്ചയിക്കേണ്ടതും അനുവദിക്കുന്ന തുക ചെലവെഴുതി കൊടുക്കുന്നതിന് അനുമതി ഉണ്ടാകേണ്ടതുമാണ്.

ക്രമ നമ്പർ	പുനഃക്രമീകരണത്തിനു ശേഷം നിലനിൽക്കുന്ന തസ്തികകൾ	എണ്ണം	റിമാർക്സ്
1.	ശാന്തി	1	
2.	കഴകം (പാർട്ട്ടൈം)	1	രാവിലെയും വൈകുന്നേരവും ക്ഷേത്രത്തിൽ ഹാജരായി കർത്തവ്യനിർവ്വഹണം നടത്തേണ്ടതാണ്
	ആകെ	**2**	

ശിവൻകുന്ന് ദേവസ്വം

ക്രമ നമ്പർ	നിലവിലുള്ള തസ്തികകൾ	എണ്ണം		ക്രമ നമ്പർ	കുറവ് ചെയ്യാവുന്ന തസ്തികകൾ	എണ്ണം
1.	ശാന്തി	1		1.	ശാന്തി	1
2.	തളി	1		2.	തളി	1
	ആകെ	**2**			**ആകെ**	**2**

ക്രമ നമ്പർ	പുതുതായി അനുവദിക്കാവുന്ന തസ്തിക	എണ്ണം
1.	ശാന്തി (പാർട്ട്ടൈം)	1
	ആകെ	1

ശിവൻകുന്ന് ദേവസ്വത്തിലെ വാർഷിക (2019-2020) വരവ് 1,95,962 രൂപ. ചെലവ് 7,70,584 രൂപ. വരവിനെ അധികരിച്ച ചെലവ് 5,74,622 രൂപ. (വരവിന്റെ നാലിരട്ടിയോളമാണ് ചെലവ്).

പ്രതിമാസം ശരാശരി 16,400 രൂപയിൽ താഴെ വരവും 64,000 രൂപയ്ക്ക് മുകളിൽ ചെലവുമുള്ള ശിവൻകുന്ന് ദേവസ്വത്തിലെ ശാന്തിപ്രവൃത്തിക്കായി ഫുൾടൈം തസ്തിക നിലനിർത്തേണ്ടതില്ലായെന്ന് വിലയിരുത്തുന്നു. ഫുൾടൈം ശാന്തി തസ്തിക ഒഴിവാക്കാവുന്നതും പകരം പാർട്ട്ടൈം ശാന്തി തസ്തിക അനുവദിക്കാവുന്നതുമാണ്. ഫുൾടൈം ക്ഷേത്രമാകയാൽ, ശിവൻകുന്ന് ദേവസ്വത്തിലെ പാർട്ട്ടൈം ശാന്തി തസ്തികയിൽ നിയോഗിക്കപ്പെടുന്ന ജീവനക്കാരൻ രാവിലെയും വൈകുന്നേരവും നിലവിലെ സമയക്രമം പാലിച്ച് ക്ഷേത്രനട തുറന്ന് പൂജാദികാര്യങ്ങൾ നിർവ്വഹിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യാവുന്നതാണ്. രണ്ടുനേരവും ക്ഷേത്രത്തിൽ ഹാജരായി ശാന്തിപ്രവൃത്തി നിർവ്വഹിക്കുന്ന പാർട്ട്ടൈം ശാന്തിക്ക് അനുവാദമുള്ള അധികഅലവൻസ്, ശിവൻകുന്ന് ദേവസ്വത്തിലെ പാർട്ട്ടൈം ശാന്തിയ്ക്ക് ചെലവെഴുതി കൊടുക്കുന്നതിന് അനുമതി നൽകാവുന്നതാണ്.

തളി തസ്തിക ഒഴിവാക്കാവുന്നതും ശിവൻകുന്ന് ദേവസ്വത്തിലെ തളിപ്രവൃത്തി നിർവ്വഹിക്കുന്നതിനായി സബ്ഗ്രൂപ്പ് ഓഫീസറുടെ ഉത്തരവാദിത്വത്തിൽ ഒരാളെ നിയോഗിക്കുന്നതിനും ടിയാൾക്ക് തളി തസ്തികയിലെ പകരംവ്യവസ്ഥയ്ക്ക് അനുവാദമുള്ള നിരക്കിൽ അലവൻസ് ചെലവെഴുതി കൊടുക്കുന്നതിനും അനുമതി നൽകാവുന്നതുമാണ്.

ക്രമ നമ്പർ	പുനഃക്രമീകരണത്തിനു ശേഷം നിലനിൽക്കുന്ന തസ്തിക	എണ്ണം	റിമാർക്സ്
1.	ശാന്തി (പാർട്ട്ടൈം)	1	രാവിലെയും വൈകുന്നേരവും നിലവിലെ സമയക്രമം പാലിച്ച് ക്ഷേത്രനട തുറന്ന് പൂജാദികാര്യങ്ങൾ നിർവ്വഹിക്കേണ്ടതാണ്
	ആകെ	**1**	

പൂണൻകാവ് ദേവസ്വം

ക്രമ നമ്പർ	നിലവിലുള്ള തസ്തികകൾ	എണ്ണം		ക്രമ നമ്പർ	കുറവ് ചെയ്യാവുന്ന തസ്തിക	എണ്ണം
1.	ശാന്തി (പാർട്ട്ടൈം)	1		1.	കഴകം (പാർട്ട്ടൈം)	1
2.	കഴകം (പാർട്ട്ടൈം)	1				
	ആകെ	**2**			**ആകെ**	**1**

പൂണൻകാവ് ദേവസ്വത്തിലെ വാർഷിക (2019-2020) വരവ് 9,240 രൂപ. ചെലവ് 1,82,226 രൂപ. വരവിനെ അധികരിച്ച ചെലവ് 1,72,986 രൂപ. (ചെലവ്, വരവിന്റെ പത്തൊൻപതരയിരട്ടിയിലധികം).

പാർട്ട്ടൈം കഴകം തസ്തിക ഒഴിഞ്ഞുകിടക്കുകയാണ്. ടി തസ്തികയിൽ ജീവനക്കാരനെ നിയോഗിച്ച്, ടിയാന്റെ ശമ്പളം കൂടി ചെലവിൽ ഉൾപ്പെടുമ്പോൾ, അധികരിച്ച ചെലവ് മുകളിൽ രേഖപ്പെടുത്തിയിരിക്കുന്നതിനേക്കാൾ വർദ്ധിക്കുന്നതാണ്.

പ്രതിമാസം ശരാശരി 800 രൂപയിൽ താഴെ വരവുള്ള പൂണൻകാവ് ദേവസ്വത്തിലെ പാർട്ട്ടൈം കഴകം തസ്തിക ഒഴിവാക്കാവുന്നതും ശിവൻകുന്ന് ദേവസ്വത്തിലെ കഴകപ്രവൃത്തി നിർവ്വഹിക്കുന്നതിനായി സബ്ഗ്രൂപ്പ് ഓഫീസറുടെ ഉത്തരവാദിത്വത്തിൽ ഒരാളെ നിയോഗിക്കുന്നതിനും ടിയാൾക്ക് പാർട്ട്ടൈം കഴകം തസ്തികയിലെ പകരംവ്യവസ്ഥയ്ക്ക് അനുവാദമുള്ള നിരക്കിൽ അലവൻസ് ചെലവെഴുതി കൊടുക്കുന്നതിനും അനുമതി നൽകാവുന്നതുമാണ്.

ക്രമ നമ്പർ	പുനഃക്രമീകരണത്തിനു ശേഷം നിലനിൽക്കുന്ന തസ്തിക	എണ്ണം
1.	ശാന്തി (പാർട്ട്ടൈം)	1
	ആകെ	**1**

ഞെള്ളൂർകാവ് ദേവസ്വം

ക്രമ നമ്പർ	നിലവിലുള്ള തസ്തികകൾ	എണ്ണം		ക്രമ നമ്പർ	കുറവ് ചെയ്യാവുന്ന തസ്തികകൾ	എണ്ണം
1.	ശാന്തി	1		1.	ശാന്തി	1
2.	കഴകം	1		2.	കഴകം	1
	ആകെ	**2**			**ആകെ**	**2**

ക്രമ നമ്പർ	പുതുതായി അനുവദിക്കാവുന്ന തസ്തിക	എണ്ണം
1.	ശാന്തി (പാർട്ട്ടൈം)	1
	ആകെ	**1**

ഞെള്ളൂർകാവ് ദേവസ്വത്തിലെ വാർഷിക (2019-2020) വരവ് 59,359 രൂപ. ചെലവ് 5,93,992 രൂപ. വരവിനെ അധികരിച്ച ചെലവ് 5,34,633 രൂപ. (ചെലവ്, വരവിന്റെ പത്തിരട്ടിയിലധികം).

പ്രതിമാസം ശരാശരി 5,000 രൂപയിൽ താഴെ വരവുള്ള ഞെള്ളൂർക്കാവ് ദേവസ്വത്തിലെ ശാന്തിപ്രവൃത്തിക്കായി ഫുൾടൈം തസ്തിക നിലനിർത്തേണ്ടതില്ലായെന്ന് വിലയിരുത്തുന്നു. ഫുൾടൈം ശാന്തി തസ്തിക ഒഴിവാക്കാവുന്നതും പകരം പാർട്ട്ടൈം ശാന്തി തസ്തിക അനുവദിക്കാവുന്നതുമാണ്. ഫുൾടൈം ക്ഷേത്രമാകയാൽ, ഞെള്ളൂർകാവ് ദേവസ്വത്തിലെ പാർട്ട്ടൈം ശാന്തി തസ്തികയിൽ നിയോഗിക്കപ്പെടുന്ന ജീവനക്കാരൻ രാവിലെയും വൈകുന്നേരവും നിലവിലെ സമയക്രമം പാലിച്ച് ക്ഷേത്രനട തുറന്ന് പൂജാദികാര്യങ്ങൾ നിർവ്വഹിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യാവുന്നതാണ്. രണ്ടുനേരവും ക്ഷേത്രത്തിൽ ഹാജരായി ശാന്തിപ്രവൃത്തി നിർവ്വഹിക്കുന്ന പാർട്ട്ടൈം ശാന്തിക്ക് അനുവാദമുള്ള അധികഅലവൻസ്, ഞെള്ളൂർകാവ് ദേവസ്വത്തിലെ പാർട്ട്ടൈം ശാന്തിക്ക് ചെലവെഴുതി കൊടുക്കുന്നതിനും അനുമതി നൽകാവുന്നതാണ്.

കഴകം തസ്തിക ഒഴിവാക്കാവുന്നതും ഞെള്ളൂർകാവ് ദേവസ്വത്തിലെ കഴകപ്രവൃത്തി നിർവ്വഹിക്കുന്നതിനായി സബ്ഗ്രൂപ്പ് ഓഫീസറുടെ ഉത്തരവാദിത്വത്തിൽ ഒരാളെ നിയോഗിക്കുന്നതിനും ടിയാൾക്ക് കഴകം തസ്തികയിലെ പകരംവ്യവസ്ഥയ്ക്ക് അനുവാദമുള്ള നിരക്കിൽ അലവൻസ് ചെലവെഴുതി കൊടുക്കുന്നതിന് അനുമതി നൽകാവുന്നതുമാണ്.

ക്രമ നമ്പർ	പുനഃക്രമീകരണത്തിനു ശേഷം നിലനിൽക്കുന്ന തസ്തിക	എണ്ണം	റിമാർക്സ്
1.	ശാന്തി (പാർട്ട്ടൈം)	1	രാവിലെയും വൈകുന്നേരവും നിലവിലെ സമയക്രമം പാലിച്ച് ക്ഷേത്രനട തുറന്ന് പൂജാദികാര്യങ്ങൾ നിർവ്വഹിക്കേണ്ടതാണ്
	ആകെ	**1**	

കൈപ്പള്ളിക്കാവ് ദേവസ്വം

ക്രമ നമ്പർ	നിലവിലുള്ള തസ്തികകൾ	എണ്ണം		ക്രമ നമ്പർ	കുറവ് ചെയ്യാവുന്ന തസ്തിക	എണ്ണം
1.	ശാന്തി (പാർട്ട്ടൈം)	1		1.	കഴകം (പാർട്ട്ടൈം)	1
2.	കഴകം (പാർട്ട്ടൈം)	1				
	ആകെ	**2**			**ആകെ**	**1**

കൈപ്പള്ളിക്കാവ് ദേവസ്വത്തിലെ വാർഷിക (2019-2020) വരവ് 62,509 രൂപ. ചെലവ് 2,27,443 രൂപ. വരവിനെ അധികരിച്ച ചെലവ് 1,64,934 രൂപ. (ചെലവ്, വരവിന്റെ മൂന്നരയിരട്ടിയിലധികം).

പാർട്ട്ടൈം കഴകം തസ്തിക ഒഴിഞ്ഞുകിടക്കുകയാണ്. ടി തസ്തികയിൽ ജീവനക്കാരനെ നിയോഗിച്ച്, ടിയാന്റെ ശമ്പളം കൂടി ചെലവിൽ ഉൾപ്പെടുമ്പോൾ, അധികരിച്ച ചെലവ് മുകളിൽ രേഖപ്പെടുത്തിയിരിക്കുന്നതിനേക്കാൾ വർദ്ധിക്കുന്നതാണ്.

പ്രതിമാസം ശരാശരി 5,300 രൂപയിൽ താഴെ വരവുള്ള കൈപ്പള്ളിക്കാവ് ദേവസ്വത്തിലെ പാർട്ട്ടൈം കഴകം തസ്തിക ഒഴിവാക്കാവുന്നതും ടി ദേവസ്വത്തിലെ കഴകപ്രവൃത്തി നിർവ്വഹിക്കുന്നതിനായി സബ്ഗ്രൂപ്പ് ഓഫീസറുടെ ഉത്തരവാദിത്വത്തിൽ ഒരാളെ നിയോഗിക്കുന്നതിനും ടിയാൾക്ക് പാർട്ട്ടൈം കഴകം തസ്തികയിലെ പകരംവ്യവസ്ഥയ്ക്ക് അനുവാദമുള്ള നിരക്കിൽ അലവൻസ് ചെലവെഴുതി കൊടുക്കുന്നതിനും അനുമതി നൽകാവുന്നതുമാണ്.

ക്രമ നമ്പർ	പുനഃക്രമീകരണത്തിനു ശേഷം നിലനിൽക്കുന്ന തസ്തിക	എണ്ണം
1.	ശാന്തി (പാർട്ട്ടൈം)	1
	ആകെ	**1**

പെരുമ്പല്ലൂർതൃക്ക ദേവസ്വം

ക്രമ നമ്പർ	നിലവിലുള്ള തസ്തികകൾ	എണ്ണം		ക്രമ നമ്പർ	കുറവ് ചെയ്യാവുന്ന തസ്തിക	എണ്ണം
1.	ശാന്തി (പാർട്ട്ടൈം)	1		1.	കഴകം (പാർട്ട്ടൈം)	1
2.	കഴകം (പാർട്ട്ടൈം)	1				
	ആകെ	**2**			**ആകെ**	**1**

പെരുമ്പല്ലൂർതൃക്ക ദേവസ്വത്തിലെ വാർഷിക (2019-2020) വരവ് 51,913 രൂപ. ചെലവ് 2,10,937 രൂപ. വരവിനെ അധികരിച്ച ചെലവ് 1,59,024 രൂപ. (ചെലവ്, വരവിന്റെ നാലിരട്ടിയിലധികം).

പാർട്ട്ടൈം കഴകം തസ്തിക ഒഴിഞ്ഞുകിടക്കുകയാണ്. ടി തസ്തികയിൽ ജീവനക്കാരനെ നിയോഗിച്ച്, ടിയാന്റെ ശമ്പളം കൂടി ചെലവിൽ ഉൾപ്പെടുമ്പോൾ, അധികരിച്ച ചെലവ് മുകളിൽ രേഖപ്പെടുത്തിയിരിക്കുന്നതിനേക്കാൾ വർദ്ധിക്കുന്നതാണ്.

ശരാശരി 4400 രൂപയിൽ താഴെ പ്രതിമാസ വരവുള്ള പെരുമ്പല്ലൂർതൃക്ക ദേവസ്വത്തിലെ പാർട്ട്ടൈം കഴകം തസ്തിക ഒഴിവാക്കാവുന്നതും ടി ദേവസ്വത്തിലെ കഴകപ്രവൃത്തി നിർവ്വഹിക്കുന്നതിനായി സബ്ഗ്രൂപ്പ് ഓഫീസറുടെ ഉത്തരവാദിത്വത്തിൽ ഒരാളെ നിയോഗിക്കുന്നതിനും ടിയാൾക്ക് പാർട്ട്ടൈം കഴകം തസ്തികയിലെ പകരംവ്യവസ്ഥയ്ക്ക് അനുവാദമുള്ള നിരക്കിൽ അലവൻസ് ചെലവെഴുതി കൊടുക്കുന്നതിനും അനുമതി നൽകാവുന്നതുമാണ്.

ക്രമ നമ്പർ	പുനഃക്രമീകരണത്തിനു ശേഷം നിലനിൽക്കുന്ന തസ്തിക	എണ്ണം
1.	ശാന്തി (പാർട്ട്ടൈം)	1
	ആകെ	**1**

തൊടുപുഴ സബ്ഗ്രൂപ്പ്

കൊല്ലമ്പുഴ ദേവസ്വം

ക്രമ നമ്പർ	നിലവിലുള്ള തസ്തികകൾ	എണ്ണം		ക്രമ നമ്പർ	കുറവ് ചെയ്യാവുന്ന തസ്തികകൾ	എണ്ണം
1.	ശാന്തി	1		1.	വാച്ചർ	1
2.	വാച്ചർ	1		2.	തളി (പാർട്ട്ടൈം)	1
3.	കഴകം	1				
4.	തളി (പാർട്ട്ടൈം)	1				
	ആകെ	**4**			**ആകെ**	**2**

കൊല്ലമ്പുഴ ദേവസ്വത്തിലെ വാർഷിക (2019-2020) വരവ് 6,37,575 രൂപ. ചെലവ് 13,73,229 രൂപ. വരവിനെ അധികരിച്ച ചെലവ് 7,35,654 രൂപ (ചെലവ്, വരവിന്റെ ഇരട്ടിയിലധികം).

കൊല്ലമ്പുഴ ദേവസ്വത്തിലെ പാർട്ട്ടൈം തളി തസ്തിക ഒഴിഞ്ഞുകിടക്കുകയാണ്. ടി തസ്തികയിൽ നിയമനം നടത്തി, ടിയാളുടെ ശമ്പളം കൂടി ചെലവിൽ ഉൾപ്പെടുമ്പോൾ, അധികരിച്ച ചെലവ് മുകളിൽ രേഖപ്പെടുത്തിയിരിക്കുന്നതിനേക്കാൾ വർദ്ധിക്കുന്നതാണ്.

ജോലിഭാരം പരിഗണിച്ചതിൽ, വാച്ചറുടെ സേവനം അനിവാര്യമല്ലായെന്ന് കാണുന്നു. വാച്ചർ തസ്തിക ഒഴിവാക്കാവുന്നതാണ്.

അധികരിച്ച ചെലവും കുറഞ്ഞ ജോലിഭാരവും പരിഗണിച്ച്, പാർട്ട്ടൈം തളി തസ്തിക ഒഴിവാക്കാവുന്നതും പെരുമ്പല്ലൂർതൃക്ക ദേവസ്വത്തിലെ തളിപ്രവൃത്തി നിർവ്വഹിക്കുന്നതിനായി സബ്ഗ്രൂപ്പ് ഓഫീസറുടെ ഉത്തരവാദിത്വത്തിൽ ഒരാളെ (പാർട്ട്ടൈം) നിയോഗിക്കുന്നതിനും ടിയാൾക്ക് പാർട്ട്ടൈം തളി തസ്തികയിലെ പകരംവ്യവസ്ഥയ്ക്ക് അനുവാദമുള്ള നിരക്കിൽ അലവൻസ് ചെലവെഴുതി കൊടുക്കുന്നതിനും അനുമതി നൽകാവുന്നതുമാണ്.

ജോലിഭാരം കുറവായതിനാൽ, കഴകം തസ്തിക കഴകം കം വാച്ചർ എന്ന രീതിയിൽ ക്രമീകരിക്കാവുന്നതാണ്.

ക്രമ നമ്പർ	പുനഃക്രമീകരണത്തിനു ശേഷം നിലനിൽക്കുന്ന തസ്തികകൾ	എണ്ണം
1.	ശാന്തി	1
2.	കഴകം കം വാച്ചർ	1
	ആകെ	**2**

വരിക്കത്താനം ദേവസ്വം

ക്രമ നമ്പർ	നിലവിലുള്ള തസ്തികകൾ	എണ്ണം		ക്രമ നമ്പർ	കുറവ് ചെയ്യാവുന്ന തസ്തികകൾ	എണ്ണം
1.	ശാന്തി	1		1.	ശാന്തി	1
2.	പഞ്ചവാദ്യം കം കഴകം	1		2.	പഞ്ചവാദ്യം കം കഴകം	1
	ആകെ	**2**			**ആകെ**	**2**

ക്രമ നമ്പർ	പുതുതായി അനുവദിക്കാവുന്ന തസ്തികകൾ	എണ്ണം
1.	ശാന്തി (പാർട്ട്ടൈം)	1
2.	പഞ്ചവാദ്യം കം കഴകം (പാർട്ട്ടൈം)	1
	ആകെ	**2**

വരിക്കത്താനം ദേവസ്വത്തിലെ വാർഷിക (2019-2020) വരവ് 80,805 രൂപ. ചെലവ് 6,52,437 രൂപ. വരവിനെ അധികരിച്ച ചെലവ് 5,71,632 രൂപ (ചെലവ്, വരവിന്റെ എട്ട് മടങ്ങിലധികം).

പ്രതിമാസം ശരാശരി 6,800 രൂപയിൽ താഴെ വരവും 54,000 രൂപയ്ക്ക് മുകളിൽ ചെലവുമുള്ള വരിക്കത്താനം ദേവസ്വത്തിൽ ഫുൾടൈം ശാന്തി, ഫുൾടൈം പഞ്ചവാദ്യം കം കഴകം തസ്തികകൾ നിലനിർത്തേണ്ടതില്ലായെന്ന് വിലയിരുത്തുന്നു. ഫുൾടൈം ശാന്തി, ഫുൾടൈം പഞ്ചവാദ്യം കം കഴകം തസ്തികകൾ ഒഴിവാക്കാവുന്നതും പകരം പാർട്ട്ടൈം ശാന്തി, പാർട്ട്ടൈം പഞ്ചവാദ്യം കം കഴകം തസ്തികകൾ അനുവദിക്കാവുന്നതുമാണ്.

ഫുൾടൈം ക്ഷേത്രമാകയാൽ, വരിക്കത്താനം ദേവസ്വത്തിലെ പാർട്ട്ടൈം ശാന്തി തസ്തികയിൽ നിയോഗിക്കപ്പെടുന്ന ജീവനക്കാരൻ രാവിലെയും വൈകുന്നേരവും നിലവിലെ സമയക്രമം പാലിച്ച് ക്ഷേത്രനട തുറന്ന് പൂജാദികാര്യങ്ങൾ നിർവ്വഹിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യാവുന്നതാണ്. രണ്ടുനേരവും ക്ഷേത്രത്തിൽ ഹാജരായി ശാന്തിപ്രവൃത്തി നിർവ്വഹിക്കുന്ന പാർട്ട്ടൈം ശാന്തിക്ക് അനുവാദമുള്ള അധികഅലവൻസ്, വരിക്കത്താനം ദേവസ്വത്തിലെ പാർട്ട്ടൈം ശാന്തിക്ക് ചെലവെഴുതി കൊടുക്കുന്നതിന് അനുമതി നൽകാവുന്നതാണ്.

വരിക്കത്താനം ദേവസ്വത്തിലെ പാർട്ട്ടൈം പഞ്ചവാദ്യം കം കഴകം തസ്തികയിൽ നിയോഗിക്കപ്പെടുന്ന ജീവനക്കാരനും രാവിലെയും വൈകുന്നേരവും ക്ഷേത്രത്തിൽ ഹാജരായി കർത്തവ്യനിർവ്വഹണം നടത്തേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യാവുന്നതാണ്. രണ്ടുനേരവും

ക്ഷേത്രത്തിൽ ഹാജരായി ജോലിചെയ്യുന്ന പാർട്ട്ടൈം പഞ്ചവാദ്യം കം കഴകം ജീവനക്കാരന് അധികഅലവൻസ് നിശ്ചയിക്കേണ്ടതും അനുവദിക്കുന്ന തുക ചെലവെഴുതി കൊടുക്കുന്നതിന് അനുമതി ഉണ്ടാകേണ്ടതുമാണ്.

ക്രമ നമ്പർ	പുനഃക്രമീകരണത്തിനു ശേഷം നിലനിൽക്കുന്ന തസ്തികകൾ	എണ്ണം	റിമാർക്സ്
1.	ശാന്തി (പാർട്ട്ടൈം)	1	രാവിലെയും വൈകുന്നേരവും നിലവിലെ സമയക്രമം പാലിച്ച് ക്ഷേത്രനട തുറന്ന് പൂജാദികാര്യങ്ങൾ നിർവ്വഹിക്കേണ്ടതാണ്
2.	പഞ്ചവാദ്യം കം കഴകം (പാർട്ട്ടൈം)	1	രാവിലെയും വൈകുന്നേരവും ക്ഷേത്രത്തിൽ ഹാജരായി കർത്തവ്യനിർവ്വഹണം നടത്തേണ്ടതാണ്
	ആകെ	**2**	

എഴുമുട്ടം ശാസ്താ, എഴുമുട്ടം മഹാദേവർ ദേവസ്വങ്ങൾ

ക്രമ നമ്പർ	നിലവിലുള്ള തസ്തികകൾ	എണ്ണം		ക്രമ നമ്പർ	കുറവ് ചെയ്യാവുന്ന തസ്തികകൾ	എണ്ണം	റിമാർക്സ്
1.	ശാന്തി	1		1.	ശാന്തി	1	പി.ഡി. വള്ളിയാനിക്കാട് ദേവസ്വത്തിലേക്ക് മാററാവുന്നതാണ്.
2.	കഴകം	1		2.	കഴകം	1	പി.ഡി. വള്ളിയാനിക്കാട് ദേവസ്വത്തിലേക്ക് മാററാവുന്നതാണ്.
	ആകെ	**2**			**ആകെ**	**2**	

	എഴുമുട്ടം ശാസ്താ		
ക്രമ നമ്പർ	**പുനർവിന്യാസത്തിലൂടെ വരുന്ന തസ്തിക**	**എണ്ണം**	**റിമാർക്സ്**
1.	ശാന്തി (പാർട്ട്ടൈം)	1	പി.ഡി. വള്ളിയാനിക്കാട് ദേവസ്വത്തിലെ പാർട്ട്ടൈം ശാന്തി തസ്തിക എഴുമുട്ടം ശാസ്താ ദേവസ്വത്തിലേക്ക് മാററാവുന്നതാണ്
	ആകെ	1	

	എഴുമുട്ടം മഹാദേവർ	
ക്രമ നമ്പർ	**പുതുതായി അനുവദിക്കാവുന്ന തസ്തിക**	**എണ്ണം**
1.	ശാന്തി (പാർട്ട്ടൈം)	1
	ആകെ	1

എഴുമുട്ടം ശാസ്താ, എഴുമുട്ടം മഹാദേവർ ദേവസ്വങ്ങളിലെ വാർഷിക (2019-2020) വരവ് 1,52,016 രൂപ. ചെലവ് 5,97,096 രൂപ. വരവിനെ അധികരിച്ച ചെലവ് 4,45,080 രൂപ (വരവിന്റെ നാലിരട്ടിയോളമാണ് ചെലവ്).

എഴുമുട്ടം ശാസ്താ, എഴുമുട്ടം മഹാദേവർ ദേവസ്വങ്ങളിലെ കഴകം തസ്തിക ഒഴിഞ്ഞുകിടക്കുകയാണ്. പ്രസ്തുത തസ്തികയിൽ നിയമനം നടത്തി, ടിയാന്റെ ശമ്പളം കൂടി ചെലവിൽ ഉൾപ്പെടുമ്പോൾ, അധികരിച്ച ചെലവ് മുകളിൽ രേഖപ്പെടുത്തിയതിനേക്കാൾ വർദ്ധിക്കുന്നതാണ്.

ടി രണ്ട് ക്ഷേത്രങ്ങളും രാവിലെ മാത്രം തുറന്ന് പൂജ നടത്തിവരുന്നു. രണ്ട് ക്ഷേത്രങ്ങളിൽ ജോലി ചെയ്യുന്നു എന്നതിനാലാണ് ഫുൾടൈം ശാന്തി, ഫുൾടൈം കഴകം തസ്തികകൾ അനുവദിച്ചിട്ടുള്ളതാണ്. ശിവക്ഷേത്രം രാവിലെ 5.30ന് തുറന്ന് 10 മണിയോടു കൂടി അടയ്ക്കുന്നതാണ്. ശിവക്ഷേത്രം തുറന്നിരിക്കെ തന്നെ ശാന്തി, ശാസ്താ ക്ഷേത്രത്തിൽ എത്തി പൂജകൾ നടത്തിയ ശേഷം നട അടച്ച്, മടങ്ങിപോകുന്ന രീതിയാണ് തുടർന്നുവരുന്നത്.

വളരെ കുറച്ചുസമയം മാത്രമാണ് രണ്ട് ക്ഷേത്രങ്ങളിലും ശാന്തിയുടെ സേവനം ലഭിക്കുന്നത്. അതിനാൽ, ഭക്തർക്ക് ക്ഷേത്രത്തിൽ വഴിപാടുകൾ നടത്തുന്നതിന് ബുദ്ധിമുട്ടനുഭവപ്പെടുന്നുണ്ട്. ടി രണ്ട് ക്ഷേത്രങ്ങളിലും ഓരോ പാർട്ട്ടൈം ശാന്തി തസ്തിക അനുവദിക്കുന്നുവെങ്കിൽ അഭിവൃദ്ധിപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു.

മേൽസാഹചര്യങ്ങൾ കണക്കിലെടുത്ത്, എഴുമുട്ടം ശാസ്താ, എഴുമുട്ടം മഹാദേവർ ക്ഷേത്രങ്ങളിൽ അനുവാദമുള്ള ഫുൾടൈം ശാന്തി, ഫുൾടൈം കഴകം തസ്തികകൾ പി.ഡി. വള്ളിയാനിക്കാട് ദേവസ്വത്തിലേക്കും പി.ഡി. വള്ളിയാനിക്കാട് ദേവസ്വത്തിലെ പാർട്ട്ടൈം ശാന്തി തസ്തിക എഴുമുട്ടം ശാസ്താ ദേവസ്വത്തിലേക്കും മാററാവുന്നതാണ്. എഴുമുട്ടം മഹാദേവർ ദേവസ്വത്തിൽ ഒരു പാർട്ട്ടൈം ശാന്തി തസ്തിക അനുവദിക്കാവുന്നതുമാണ്.

ടി രണ്ട് ക്ഷേത്രങ്ങളിലെയും ശാന്തി പ്രവൃത്തിയ്ക്ക് പുറമെയുള്ള പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനായി സബ്ഗ്രൂപ്പ് ഓഫീസറുടെ ഉത്തരവാദിത്വത്തിൽ ഓരോ ആൾക്കാരെ (ആകെ രണ്ടു പേർ) നിയോഗിക്കുന്നതിനും ടിയാളുകൾക്ക് പാർട്ട്ടൈം കഴകം തസ്തികയിലെ പകരംവ്യവസ്ഥയ്ക്ക് അനുവാദമുള്ള നിരക്കിൽ അലവൻസ് ചെലവെഴുതി കൊടുക്കുന്നതിനും അനുമതി നൽകാവുന്നതാണ്.

	എഴുമുട്ടം ശാസ്താ	
ക്രമ നമ്പർ	**പുനഃക്രമീകരണത്തിനു ശേഷം നിലനിൽക്കുന്ന തസ്തിക**	**എണ്ണം**
1.	ശാന്തി (പാർട്ട്ടൈം)	1
	ആകെ	**1**

	എഴുമുട്ടം മഹാദേവർ	
ക്രമ നമ്പർ	**പുനഃക്രമീകരണത്തിനു ശേഷം നിലനിൽക്കുന്ന തസ്തിക**	**എണ്ണം**
1.	ശാന്തി (പാർട്ട്ടൈം)	1
	ആകെ	**1**

നെല്ലിക്കാവ് ദേവസ്വം

ക്രമ നമ്പർ	നിലവിലുള്ള തസ്തികകൾ	എണ്ണം		ക്രമ നമ്പർ	കുറവ് ചെയ്യാവുന്ന തസ്തികകൾ	എണ്ണം
1.	ശാന്തി	1		1.	ശാന്തി	1
2.	വാച്ചർ	1		2.	വാച്ചർ	1
3.	കഴകം	1		3.	കഴകം	1
	ആകെ	**3**			**ആകെ**	**3**

ക്രമ നമ്പർ	പുതുതായി അനുവദിക്കാവുന്ന തസ്തിക	എണ്ണം
1.	ശാന്തി (പാർട്ട്ടൈം)	1
	ആകെ	**1**

നെല്ലിക്കാവ് ദേവസ്വത്തിലെ വാർഷിക (2019-2020) വരവ് 89,516 രൂപ. ചെലവ് 8,10,504 രൂപ. വരവിനെ അധികരിച്ച ചെലവ് 7,20,988 രൂപ (ചെലവ്, വരവിന്റെ ഒൻപത് മടങ്ങിലധികം).

നെല്ലിക്കാവ് ക്ഷേത്രത്തിലെ വാച്ചർ തസ്തിക ഒഴിഞ്ഞുകിടക്കുകയാണ്. ഒഴിഞ്ഞുകിടക്കുന്ന ടി തസ്തികയിൽ ജീവനക്കാരനെ നിയമിച്ച്, ടിയാന്റെ ശമ്പളം കൂടി ചെലവിൽ ഉൾപ്പെടുമ്പോൾ, അധികരിച്ച ചെലവ് മുകളിൽ രേഖപ്പെടുത്തിയിരിക്കുന്നതിനേക്കാൾ വളരെയധികം വർദ്ധിക്കുന്നതാണ്.

പ്രതിമാസം ശരാശരി 7,500 രൂപയിൽ താഴെ വരവും വാച്ചറുടെ ശമ്പളം ഉൾപ്പെടാതെ 67,000 രൂപയ്ക്ക് മുകളിൽ ചെലവുമുള്ള നെല്ലിക്കാവ് ദേവസ്വത്തിൽ ഫുൾടൈം ശാന്തി തസ്തിക നിലനിർത്തേണ്ടതില്ലായെന്ന് വിലയിരുത്തുന്നു. ഫുൾടൈം ശാന്തി തസ്തിക ഒഴിവാക്കാവുന്നതും പകരം പാർട്ട്ടൈം ശാന്തി, തസ്തിക അനുവദിക്കാവുന്നതുമാണ്. ഫുൾടൈം ക്ഷേത്രമാകയാൽ, നെല്ലിക്കാവ് ദേവസ്വത്തിലെ പാർട്ട്ടൈം ശാന്തി തസ്തികയിൽ നിയോഗിക്കപ്പെടുന്ന ജീവനക്കാരൻ രാവിലെയും വൈകുന്നേരവും നിലവിലെ സമയക്രമം പാലിച്ച് ക്ഷേത്രനട തുറന്ന് പൂജാദികാര്യങ്ങൾ നിർവ്വഹിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യാവുന്നതാണ്. രണ്ടുനേരവും ക്ഷേത്രത്തിൽ ഹാജരായി ശാന്തിപ്രവൃത്തി നിർവ്വഹിക്കുന്ന പാർട്ട്ടൈം ശാന്തിക്ക് അനുവാദമുള്ള അധികഅലവൻസ്, നെല്ലിക്കാവ് ദേവസ്വത്തിലെ പാർട്ട്ടൈം ശാന്തിക്ക് ചെലവെഴുതി കൊടുക്കുന്നതിന് അനുമതി നൽകാവുന്നതാണ്

വാച്ചറുടെ സേവനം ആവശ്യമില്ലായെന്ന് കാണുന്നു. വാച്ചർ തസ്തിക ഒഴിവാക്കാവുന്നതാണ്.

കഴകം തസ്തിക ഒഴിവാക്കാവുന്നതും നെല്ലിക്കാവ് ദേവസ്വത്തിലെ കഴകപ്രവൃത്തി നിർവ്വഹിക്കുന്നതിനായി സബ്ഗ്രൂപ്പ് ഓഫീസറുടെ ഉത്തരവാദിത്വത്തിൽ ഒരാളെ നിയോഗിക്കുന്നതിനും ടിയാൾക്ക് കഴകം തസ്തികയിലെ പകരംവ്യവസ്ഥയ്ക്ക് അനുവാദമുള്ള നിരക്കിൽ അലവൻസ് ചെലവെഴുതി കൊടുക്കുന്നതിനും അനുമതി നൽകാവുന്നതുമാണ്.

ക്രമ നമ്പർ	പുനഃക്രമീകരണത്തിനു ശേഷം നിലനിൽക്കുന്ന തസ്തിക	എണ്ണം	റിമാർക്സ്
1.	ശാന്തി (പാർട്ട്ടൈം)	1	രാവിലെയും വൈകുന്നേരവും നിലവിലെ സമയക്രമം പാലിച്ച് ക്ഷേത്രനട തുറന്ന് പൂജാദികാര്യങ്ങൾ നിർവ്വഹിക്കേണ്ടതാണ്
	ആകെ	**1**	

ഞാഴൂർകോവിൽ ശാസ്ത, ആമ്പക്കുടി മഹാദേവർ ദേവസ്വങ്ങൾ

ക്രമ നമ്പർ	നിലവിലുള്ള തസ്തികകൾ	എണ്ണം		ക്രമ നമ്പർ	കുറവ് ചെയ്യാവുന്ന തസ്തികകൾ	എണ്ണം	റിമാർക്സ്
1.	ശാന്തി	1		1.	ശാന്തി	1	പിന്നാറം സബ്ഗ്രൂപ്പിൽപ്പെട്ട കൂത്താട്ടുകുളം ദേവസ്വത്തിലേക്ക് മാറാറാവുന്നതാണ്.
2.	വാച്ചർ	1		2.	വാച്ചർ	1	പിന്നാറം സബ്ഗ്രൂപ്പിൽപ്പെട്ട കൂത്താട്ടുകുളം ദേവസ്വത്തിലേക്ക് മാറാറാവുന്നതാണ്.
	ആകെ	**2**			**ആകെ**	**2**	

	ഞാഴൂർകോവിൽ	
ക്രമ നമ്പർ	പുതുതായി അനുവദിക്കാവുന്ന തസ്തിക	എണ്ണം
1.	ശാന്തി (പാർട്ട്ടൈം)	1
	ആകെ	1

	ആമ്പക്കുടി	
ക്രമ നമ്പർ	പുതുതായി അനുവദിക്കാവുന്ന തസ്തിക	എണ്ണം
1.	ശാന്തി (പാർട്ട്ടൈം)	1
	ആകെ	1

ഞാഴൂർകോവിൽ, ആമ്പക്കുടി ദേവസ്വങ്ങളിലെ വാർഷിക (2019-2020) വരവ് 70,098 രൂപ. ചെലവ് 3,04,235 രൂപ. വരവിനെ അധികരിച്ച ചെലവ് 2,34,137 രൂപ.

ആമ്പക്കുടി ദേവസ്വത്തിലെ വാച്ചർ തസ്തിക ഒഴിഞ്ഞുകിടക്കുകയാണ്. പ്രസ്തുത തസ്തികയിൽ ജീവനക്കാരനെ നിയമിച്ച്, ടിയാന്റെ ശമ്പളം കൂടി ചെലവിൽ ഉൾപ്പെടുമ്പോൾ, ചെലവ് വരവിന്റെ ഏഴിരട്ടിയിലധികമാകുന്നതാണ്.

ടി രണ്ട് ക്ഷേത്രങ്ങളും രാവിലെ മാത്രം തുറന്ന് പൂജ നടത്തിവരുന്നു. രണ്ട് ക്ഷേത്രങ്ങളിൽ ജോലി ചെയ്യുന്നു എന്ന പരിഗണനയിലാണ് ഫുൾടൈം ശാന്തി തസ്തിക അനുവദിച്ചിട്ടുള്ളത്.

വളരെ കുറച്ചുസമയം മാത്രമാണ് രണ്ട് ക്ഷേത്രങ്ങളിലും ശാന്തിയുടെ സേവനം ലഭിച്ചുവരുന്നത്. അതിനാൽ, ഭക്തർക്ക് ക്ഷേത്രത്തിൽ വഴിപാടുകൾ നടത്തുന്നതിന് സാധിക്കാറില്ലായെന്ന് കാണുന്നു. ടി രണ്ട് ക്ഷേത്രങ്ങളിലും ഓരോ പാർട്ട്ടൈം ശാന്തി തസ്തിക അനുവദിക്കുന്നുവെങ്കിൽ ടി ക്ഷേത്രങ്ങൾ അഭിവൃദ്ധിപ്പെടുന്നതിന് സാദ്ധ്യതയുള്ളതായി കാണുന്നു.

മേൽസാഹചര്യങ്ങൾ കണക്കിലെടുത്ത്, ഞാഴൂർകോവിൽ, ആമ്പക്കുടി ക്ഷേത്രങ്ങളിലെ ഫുൾടൈം ശാന്തി, വാച്ചർ തസ്തികകൾ പിന്മററം സബ്ഗ്രൂപ്പിൽപ്പെട്ട കൂത്താട്ടുകുളം ദേവസ്വത്തിലേക്ക് മാററാവുന്നതും ഞാഴൂർകോവിൽ, ആമ്പക്കുടി ദേവസ്വങ്ങളിൽ ഓരോ പാർട്ട്ടൈം ശാന്തി തസ്തിക അനുവദിക്കാവുന്നതുമാണ്.

ആമ്പക്കുടി, ഞാഴൂർകോവിൽ ദേവസ്വങ്ങളിലെ ശാന്തിപ്രവൃത്തിക്ക് പുറമെയുള്ള പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനായി സബ്ഗ്രൂപ്പ് ഓഫീസറുടെ ഉത്തരവാദിത്വത്തിൽ ഓരോ ആൾക്കാരെ (ആകെ രണ്ടുപേർ) നിയോഗിക്കുന്നതിനും ടിയാളുകൾക്ക് പാർട്ട്ടൈം കഴകം തസ്തികയിലെ പകരംവ്യവസ്ഥയ്ക്ക് അനുവാദമുള്ള നിരക്കിൽ അലവൻസ് ചെലവെഴുതി കൊടുക്കുന്നതിനും അനുമതി നൽകാവുന്നതുമാണ്.

	ഞാഴൂർകോവിൽ	
ക്രമ നമ്പർ	**പുനഃക്രമീകരണത്തിനു ശേഷം നിലനിൽക്കുന്ന തസ്തിക**	**എണ്ണം**
1.	ശാന്തി (പാർട്ട്ടൈം)	1
	ആകെ	**1**

	ആമ്പക്കുടി	
ക്രമ നമ്പർ	**പുനഃക്രമീകരണത്തിനു ശേഷം നിലനിൽക്കുന്ന തസ്തിക**	**എണ്ണം**
1	ശാന്തി (പാർട്ട്ടൈം)	1
	ആകെ	**1**

മലയിൽക്കാവ് ദേവസ്വം

ക്രമ നമ്പർ	നിലവിലുള്ള തസ്തികകൾ	എണ്ണം		ക്രമ നമ്പർ	കുറവ് ചെയ്യാവുന്ന തസ്തിക	എണ്ണം
1.	ശാന്തി (പാർട്ട്ടൈം)	1		1.	കഴകം (പാർട്ട്ടൈം)	1
2.	കഴകം (പാർട്ട്ടൈം)	1				
	ആകെ	**2**			**ആകെ**	**1**

മലയിൽക്കാവ് ദേവസ്വത്തിലെ വാർഷിക (2019-2020) വരവ് 40,648 രൂപ ചെലവ് 2,17,871 രൂപ. വരവിനെ അധികരിച്ച ചെലവ് 1,77,223 രൂപ.

മലയിൽക്കാവ് ദേവസ്വത്തിലെ പാർട്ട്ടൈം കഴകം തസ്തിക ഒഴിഞ്ഞുകിടക്കുകയാണ്. പ്രസ്തുത തസ്തികയിൽ ജീവനക്കാരനെ നിയമിച്ച്, ടിയാന്റെ ശമ്പളം കൂടി ചെലവിൽ ഉൾപ്പെടുമ്പോൾ, അധികരിച്ച ചെലവ് മുകളിൽ രേഖപ്പെടുത്തിയിട്ടുള്ളതിനേക്കാൾ വർദ്ധിക്കുന്നതാണ്.

ക്ഷേത്രവരവ് വളരെ കുറവായതിനാൽ, പാർട്ട്ടൈം കഴകം തസ്തിക ഒഴിവാക്കാവുന്നതും മലയിൽക്കാവ് ദേവസ്വത്തിലെ കഴകപ്രവൃത്തി നിർവ്വഹിക്കുന്നതിനായി സബ്ഗ്രൂപ് ഓഫീസറുടെ ഉത്തരവാദിത്വത്തിൽ ഒരാളെ (പാർട്ട്ടൈം) നിയോഗിക്കുന്നതിനും ടിയാൾക്ക് പാർട്ട്ടൈം കഴകം തസ്തികയിലെ പകരംവ്യവസ്ഥയ്ക്ക് അനുവാദമുള്ള നിരക്കിൽ അലവൻസ് ചെലവെഴുതി കൊടുക്കുന്നതിനും അനുമതി നൽകാവുന്നതുമാണ്.

ക്രമ നമ്പർ	പുനഃക്രമീകരണത്തിനു ശേഷം നിലനിൽക്കുന്ന തസ്തിക	എണ്ണം
1.	ശാന്തി (പാർട്ട്ടൈം)	1
	ആകെ	**1**

പി.ഡി. വള്ളിയാനിക്കാട് ദേവസ്വം

ക്രമ നമ്പർ	നിലവിലുള്ള തസ്തികകൾ	എണ്ണം		ക്രമ നമ്പർ	കുറവ് ചെയ്യാവുന്ന തസ്തികകൾ	എണ്ണം	റിമാർക്സ്
1.	ശാന്തി (പാർട്ട്ടൈം)	1		1.	ശാന്തി (പാർട്ട്ടൈം)		എഴുമുട്ടം ശാസ്താ ദേവസ്വത്തിലേക്ക് മാററാവുന്നതാണ്
2.	വാച്ചർ	1		2.	വാച്ചർ	1	
3.	കഴകം (പാർട്ട്ടൈം)	1		3.	കഴകം (പാർട്ട്ടൈം)	1	
	ആകെ	**3**			**ആകെ**	**2**	

ക്രമ നമ്പർ	പുനർവിന്യാസത്തിലൂടെ വരുന്ന തസ്തികകൾ	എണ്ണം	റിമാർക്സ്
1.	ശാന്തി (ഫുൾടൈം)	1	എഴുമുട്ടം ശാസ്താ, എഴുമുട്ടം മഹാദേവർ ദേവസ്വങ്ങളിൽ ഫുൾടൈം ശാന്തി തസ്തിക പി.ഡി. വള്ളിയാനിക്കാട് ദേവസ്വത്തിലേക്ക് മാററാവുന്നതാണ്.
2.	കഴകം (ഫുൾടൈം)	1	എഴുമുട്ടം ശാസ്താ, എഴുമുട്ടം മഹാദേവർ ദേവസ്വങ്ങളിൽ ഫുൾടൈം കഴകം തസ്തിക പി.ഡി. വള്ളിയാനിക്കാട് ദേവസ്വത്തിലേക്ക് മാററാവുന്നതാണ്.
	ആകെ	**2**	

പി.ഡി. വള്ളിയാനിക്കാട് ദേവസ്വത്തിലെ വാർഷിക (2019-2020) വരവ് 4,81,170 രൂപ. ചെലവ് 5,67,798 രൂപ. വരവിനെ അധികരിച്ച ചെലവ് 86,628 രൂപ.

പാർട്ട്ടൈം കഴകം തസ്തിക ഒഴിഞ്ഞുകിടക്കുകയാണ്. പ്രസ്തുത തസ്തികയിൽ ജീവനക്കാരനെ നിയമിച്ച്, ടിയാന്റെ ശമ്പളം കൂടി ചെലവിൽ ഉൾപ്പെടുമ്പോൾ, അധികരിച്ച ചെലവ് മുകളിൽ രേഖപ്പെടുത്തിയിട്ടുള്ളതിനേക്കാൾ വർദ്ധിക്കുന്നതാണ്.

ഫുൾടൈം ശാന്തി തസ്തിക അനുവദിക്കുന്നുവെങ്കിൽ ക്ഷേത്രം കൂടുതൽ അഭിവൃദ്ധിപ്പെടുമെന്നും ക്ഷേത്രവരുമാനത്തിൽ വർദ്ധനയുണ്ടാകുമെന്നും പ്രതീക്ഷിക്കുന്നു.

ആകയാൽ, പാർട്ട്ടൈം ശാന്തി തസ്തിക എഴുമുട്ടം ശാസ്താ ദേവസ്വത്തിലേക്കും എഴുമുട്ടം ശാസ്താ, എഴുമുട്ടം മഹാദേവർ ദേവസ്വങ്ങളിലെ ഫുൾടൈം ശാന്തി തസ്തിക പി.ഡി. വള്ളിയാനിക്കാട് ദേവസ്വത്തിലേക്കും മാററാവുന്നതാണ്.

പാർട്ട്ടൈം ക്ഷേത്രമാണെങ്കിലും, പി.ഡി. വള്ളിയാനിക്കാട് ദേവസ്വത്തിൽ വാച്ചർ തസ്തിക നിലവിലുണ്ട്. വള്ളിയാനിക്കാട് ദേവസ്വത്തിലെ വാച്ചറെ തൃക്കാരിയൂർ സ്ട്രോംഗ് റൂം ഡ്യൂട്ടിക്കായി നിയോഗിച്ചിരിക്കുകയാണ്, വാച്ചറുടെ സേവനം പി.ഡി. വള്ളിയാനിക്കാട് ദേവസ്വത്തിൽ ലഭിച്ചുവരുന്നില്ല. വാച്ചറുടെ സേവനം അനിവാര്യമല്ലായെന്ന് കാണുന്നു. വാച്ചർ തസ്തിക ഒഴിവാക്കാവുന്നതാണ്.

വാച്ചർ തസ്തിക ഒഴിവാക്കുന്ന സാഹചര്യത്തിൽ, നിലവിലുള്ള പാർട്ട്ടൈം കഴകം തസ്തിക ഒഴിവാക്കി, പകരം എഴുമുട്ടം ശാസ്താ, എഴുമുട്ടം മഹാദേവർ ദേവസ്വങ്ങളിലെ ഫുൾടൈം കഴകം തസ്തിക, ശാന്തിപ്രവൃത്തിയ്ക്ക് പുറമെയുള്ള പ്രവൃത്തികൾ നിർവ്വഹിക്കണമെന്ന വ്യവസ്ഥയിൽ പി.ഡി. വള്ളിയാനിക്കാട് ദേവസ്വത്തിലേക്ക് മാററാവുന്നതുമാണ്.

ക്രമ നമ്പർ	പുനഃക്രമീകരണത്തിനു ശേഷം നിലനിൽക്കുന്ന തസ്തികകൾ	എണ്ണം
1.	ശാന്തി (ഫുൾടൈം)	1
2.	കഴകം (ഫുൾടൈം)	1
	ആകെ	**2**

കലൂർ ദേവസ്വം

ക്രമ നമ്പർ	നിലവിലുള്ള തസ്തികകൾ	എണ്ണം		ക്രമ നമ്പർ	കുറവ് ചെയ്യാവുന്ന തസ്തിക	എണ്ണം
1.	ശാന്തി (പാർട്ട്ടൈം)	1		1.	കഴകം (പാർട്ട്ടൈം)	1
2.	കഴകം (പാർട്ട്ടൈം)	1				
	ആകെ	**2**			**ആകെ**	**1**

കലൂർ ദേവസ്വത്തിലെ വാർഷിക (2019-2020) വരവ് 1,16,866 രൂപ ചെലവ് 2,45,211 രൂപ. വരവിനെ അധികരിച്ച ചെലവ് 1,28,345 രൂപ.

കലൂർ ദേവസ്വത്തിലെ പാർട്ട്ടൈം കഴകം തസ്തിക ഒഴിഞ്ഞുകിടക്കുകയാണ്. പ്രസ്തുത തസ്തികയിൽ ജീവനക്കാരനെ നിയമിച്ച്, ടിയാന്റെ ശമ്പളം കൂടി ചെലവിൽ ഉൾപ്പെടുമ്പോൾ, അധികരിച്ച ചെലവ് മുകളിൽ രേഖപ്പെടുത്തിയിട്ടുള്ളതിനേക്കാൾ വർദ്ധിക്കുന്നതാണ്.

ക്ഷേത്രവരവ് വളരെ കുറവായതിനാൽ, പാർട്ട്ടൈം കഴകം തസ്തിക ഒഴിവാക്കാവുന്നതും കലൂർ ദേവസ്വത്തിലെ കഴകപ്രവൃത്തി നിർവ്വഹിക്കുന്നതിനായി സബ്ഗ്രൂപ് ഓഫീസറുടെ ഉത്തരവാദിത്വത്തിൽ ഒരാളെ (പാർട്ട്ടൈം) നിയോഗിക്കുന്നതിനും ടിയാൾക്ക് പാർട്ട്ടൈം കഴകം തസ്തികയിലെ പകരംവ്യവസ്ഥയ്ക്ക് അനുവാദമുള്ള നിരക്കിൽ അലവൻസ് ചെലവെഴുതി കൊടുക്കുന്നതിനും അനുമതി നൽകാവുന്നതുമാണ്.

ക്രമ നമ്പർ	പുനഃക്രമീകരണത്തിനു ശേഷം നിലനിൽക്കുന്ന തസ്തിക	എണ്ണം
1.	ശാന്തി (പാർട്ട്ടൈം)	1
	ആകെ	**1**

നേര്യമംഗലം സബ്ഗ്രൂപ്പ്

നേര്യമംഗലം ദേവസ്വം

ക്രമ നമ്പർ	നിലവിലുള്ള തസ്തികകൾ	എണ്ണം		ക്രമ നമ്പർ	കുറവ് ചെയ്യാവുന്ന തസ്തിക	എണ്ണം
1.	ശാന്തി	1		1.	വാച്ചർ	1
2.	വാച്ചർ	1				
3.	പഞ്ചവാദ്യം	1				
4.	കഴകം	1				
5.	തളി	1				
	ആകെ	**5**			**ആകെ**	**1**

നേര്യമംഗലം ദേവസ്വത്തിലെ വാർഷിക (2019-2020) വരവ് 19,19,841 രൂപ. ചെലവ് 18,45,599 രൂപ.

വാച്ചർ, കഴകം തസ്തികകൾ ഒഴിഞ്ഞുകിടക്കുകയാണ്. ടി തസ്തികകളിൽ ജീവനക്കാരെ നിയോഗിച്ച്, ടിയാളുകളുടെയും സബ്ഗ്രൂപ്പ് ഓഫീസറുടെയും ശമ്പളം കൂടി ചെലവിൽ ഉൾപ്പെടുമ്പോൾ, അധികരിച്ച ചെലവ് മുകളിൽ രേഖപ്പെടുത്തിയിരിക്കുന്നതിനേക്കാൾ വർദ്ധിക്കുന്നതാണ്.

വാച്ചറുടെ സേവനം ആവശ്യമുള്ളതായി കാണുന്നില്ല. വാച്ചർ തസ്തിക കുറവ് ചെയ്യാവുന്നതാണ്.

വാച്ചർ തസ്തിക കുറവ് ചെയ്യുന്ന സാഹചര്യത്തിൽ, വാച്ചർ തസ്തികയിലെ ജീവനക്കാരൻ നിർവ്വഹിച്ചുവരുന്ന പ്രവൃത്തികൾ ശാന്തി ഒഴികെയുള്ള തസ്തികകളിലെ ജീവനക്കാർ നിർവ്വഹിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യാവുന്നതാണ്.

കിടമുറ്റാഡ്യൂട്ടി നിർവ്വഹിക്കേണ്ടതുണ്ടെന്നതിനാൽ, കഴകം, തളി തസ്തികകളിൽ പുരുഷജീവനക്കാരെ നിയോഗിക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്യാവുന്നതാണ്.

ക്രമ നമ്പർ	പുനഃക്രമീകരണത്തിനു ശേഷം നിലനിൽക്കുന്ന തസ്തികകൾ	എണ്ണം	റിമാർക്സ്
1.	ശാന്തി	1	
2.	പഞ്ചവാദ്യം	1	
3.	കഴകം	1	പുരുഷജീവനക്കാരെ നിയോഗിക്കേണ്ടതാണ്
4.	തളി	1	
	ആകെ	**4**	

ശാന്തുക്കാട് ദേവസ്വം

ക്രമ നമ്പർ	നിലവിലുള്ള തസ്തികകൾ	എണ്ണം		ക്രമ നമ്പർ	കുറവ് ചെയ്യാവുന്ന തസ്തികകൾ	എണ്ണം
1.	ശാന്തി	1		1.	ശാന്തി	1
2.	തളി	1		2.	തളി	1
	ആകെ	**2**			**ആകെ**	**2**

ക്രമ നമ്പർ	പുതുതായി അനുവദിക്കാവുന്ന തസ്തിക	എണ്ണം
1.	ശാന്തി (പാർട്ട്ടൈം)	1
	ആകെ	**1**

ശാന്തുക്കാട് ദേവസ്വത്തിലെ വാർഷിക (2019-2020) വരവ് 2,18,160 രൂപ. ചെലവ് 3,62,140 രൂപ. വരവിനെ അധികരിച്ച ചെലവ് 1,43,980 രൂപ.

തളി തസ്തിക ഒഴിഞ്ഞുകിടക്കുകയാണ്. ടി തസ്തികയിൽ ജീവനക്കാരനെ നിയോഗിച്ച്, ടിയാന്റെ ശമ്പളം കൂടി ചെലവിൽ ഉൾപ്പെടുമ്പോൾ, അധികരിച്ച ചെലവ് മുകളിൽ രേഖപ്പെടുത്തിയിരിക്കുന്നതിനേക്കാൾ വർദ്ധിക്കുന്നതാണ്.

പ്രതിമാസം ശരാശരി 18,200 രൂപയിൽ താഴെ വരവും തളി ജീവനക്കാരന്റെ ശമ്പളം ഉൾപ്പെടാതെ 30,000 രൂപയ്ക്ക് മുകളിൽ ചെലവുമുള്ള ശാന്തുക്കാട് ദേവസ്വത്തിൽ ഫുൾടൈം ശാന്തി തസ്തിക നിലനിർത്തേണ്ടതില്ലായെന്ന് വിലയിരുത്തുന്നു. ഫുൾടൈം ശാന്തി തസ്തിക ഒഴിവാക്കാവുന്നതും പകരം പാർട്ട്ടൈം ശാന്തി, തസ്തിക അനുവദിക്കാവുന്നതുമാണ്. ഫുൾടൈം ക്ഷേത്രമാകയാൽ, ശാന്തുക്കാട് ദേവസ്വത്തിലെ പാർട്ട്ടൈം ശാന്തി തസ്തികയിൽ നിയോഗിക്കപ്പെടുന്ന ജീവനക്കാരൻ രാവിലെയും വൈകുന്നേരവും ക്ഷേത്രത്തിൽ ഹാജരായി നിലവിലെ സമയക്രമം പാലിച്ച് ക്ഷേത്രനട തുറന്ന് പൂജാദികാര്യങ്ങൾ നിർവ്വഹിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യാവുന്നതാണ്. രണ്ടുനേരവും ക്ഷേത്രത്തിൽ ഹാജരായി ശാന്തിപ്രവൃത്തി നിർവ്വഹിക്കുന്ന പാർട്ട്ടൈം ശാന്തിക്ക് അനുവാദമുള്ള അധികഅലവൻസ്, ശാന്തുക്കാട് ദേവസ്വത്തിലെ പാർട്ട്ടൈം ശാന്തിക്ക് ചെലവെഴുതി കൊടുക്കുന്നതിന് അനുമതി നൽകാവുന്നതാണ്.

തളി തസ്തിക ഒഴിവാക്കാവുന്നതും ശാന്തുക്കാട് ദേവസ്വത്തിലെ തളിപ്രവൃത്തി നിർവ്വഹിക്കുന്നതിനായി സബ്ഗ്രൂപ് ഓഫീസറുടെ ഉത്തരവാദിത്വത്തിൽ ഒരാളെ നിയോഗിക്കുന്നതിനും ടിയാൾക്ക് തളി തസ്തികയിലെ പകരംവ്യവസ്ഥയ്ക്ക് അനുവാദമുള്ള നിരക്കിൽ അലവൻസ് ചെലവെഴുതി കൊടുക്കുന്നതിനും അനുമതി നൽകാവുന്നതുമാണ്.

ക്രമ നമ്പർ	പുനഃക്രമീകരണത്തിനു ശേഷം നിലനിൽക്കുന്ന തസ്തിക	എണ്ണം	റിമാർക്സ്
1.	ശാന്തി (പാർട്ട്ടൈം)	1	രാവിലെയും വൈകുന്നേരവും നിലവിലെ സമയക്രമം പാലിച്ച് ക്ഷേത്രനട തുറന്ന് പൂജാദികാര്യങ്ങൾ നിർവ്വഹിക്കേണ്ടതാണ്
	ആകെ	1	

ദേവികുളം ദേവസ്വം

ക്രമ നമ്പർ	നിലവിലുള്ള തസ്തികകൾ	എണ്ണം		ക്രമ നമ്പർ	കുറവ് ചെയ്യാവുന്ന തസ്തിക	എണ്ണം
1.	ശാന്തി	1		1.	ശാന്തി	1
2.	പഞ്ചവാദ്യം	1				
	ആകെ	**2**			**ആകെ**	**1**

ക്രമ നമ്പർ	പുതുതായി അനുവദിക്കാവുന്ന തസ്തിക	എണ്ണം
1	ശാന്തി (പാർട്ട്ടൈം)	1
	ആകെ	**1**

ദേവികുളം ദേവസ്വത്തിലെ വാർഷിക (2019-2020) വരവ് 49,733 രൂപ. ചെലവ് 11,23,787 രൂപ. വരവിനെ അധികരിച്ച ചെലവ് 10,74,054 രൂപ. (ചെലവ്, വരവിന്റെ ഇരുപത്തിരണ്ടരയിരട്ടിയിലധികം).

പ്രതിമാസം ശരാശരി 4,200 രൂപയിൽ താഴെ വരവും 93,000 രൂപയ്ക്ക് മുകളിൽ ചെലവുമുള്ള ദേവികുളം ദേവസ്വത്തിൽ ഫുൾടൈം ശാന്തി, തസ്തിക നിലനിർത്തേണ്ടതില്ലായെന്ന് വിലയിരുത്തുന്നു. ഫുൾടൈം ശാന്തി തസ്തിക ഒഴിവാക്കാവുന്നതും പകരം പാർട്ട്ടൈം ശാന്തി, തസ്തിക അനുവദിക്കാവുന്നതുമാണ്. ഫുൾടൈം ക്ഷേത്രമാകയാൽ, ദേവികുളം ദേവസ്വത്തിലെ പാർട്ട്ടൈം ശാന്തി തസ്തികയിൽ നിയോഗിക്കപ്പെടുന്ന ജീവനക്കാരൻ രാവിലെയും വൈകുന്നേരവും ക്ഷേത്രത്തിൽ ഹാജരായി നിലവിലെ സമയക്രമം പാലിച്ച് ക്ഷേത്രനട തുറന്ന് പൂജാദികാര്യങ്ങൾ നിർവ്വഹിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യാവുന്നതാണ്. രണ്ടുനേരവും ക്ഷേത്രത്തിൽ ഹാജരായി ശാന്തിപ്രവൃത്തി നിർവ്വഹിക്കുന്ന പാർട്ട്ടൈം ശാന്തിക്ക് അനുവാദമുള്ള അധികഅലവൻസ് ദേവികുളം ദേവസ്വത്തിലെ പാർട്ട്ടൈം ശാന്തിക്ക് ചെലവെഴുതി കൊടുക്കുന്നതിന് അനുമതി നൽകാവുന്നതാണ്.

ക്രമ നമ്പർ	പുനഃക്രമീകരണത്തിനു ശേഷം നിലനിൽക്കുന്ന തസ്തികകൾ	എണ്ണം	റിമാർക്സ്
1.	ശാന്തി (പാർട്ട്ടൈം)	1	രാവിലെയും വൈകുന്നേരവും നിലവിലെ സമയക്രമം പാലിച്ച് ക്ഷേത്രനട തുറന്ന് പൂജാദികാര്യങ്ങൾ നിർവ്വഹിക്കേണ്ടതാണ്
2.	പഞ്ചവാദ്യം	1	
	ആകെ	**2**	

ശാന്തൻപാറ ദേവസ്വം

ക്രമ നമ്പർ	നിലവിലുള്ള തസ്തിക	എണ്ണം		ക്രമ നമ്പർ	കുറവ് ചെയ്യാവുന്ന തസ്തിക	എണ്ണം
1	ശാന്തി	1		1.	ശാന്തി	1
	ആകെ	**1**			**ആകെ**	**1**

ക്രമ നമ്പർ	പുതുതായി അനുവദിക്കാവുന്ന തസ്തിക	എണ്ണം
1	ശാന്തി (പാർട്ട്ടൈം)	1
	ആകെ	**1**

ശാന്തൻപാറ ദേവസ്വത്തിലെ വാർഷിക (2019-2020) വരവ് 1,28,820 രൂപ. ചെലവ് 2,90,300 രൂപ. വരവിനെ അധികരിച്ച ചെലവ് 1,61,480 രൂപ.

പ്രതിമാസം ശരാശരി 10,800 രൂപയിൽ താഴെ വരവും 24,000 രൂപയ്ക്ക് മുകളിൽ ചെലവുമുള്ള ശാന്തൻപാറ ദേവസ്വത്തിൽ ഫുൾടൈം ശാന്തി തസ്തിക നിലനിർത്തേണ്ടതില്ലായെന്ന് വിലയിരുത്തുന്നു. ഫുൾടൈം ശാന്തി തസ്തിക ഒഴിവാക്കാവുന്നതും പകരം പാർട്ട്ടൈം ശാന്തി, തസ്തിക അനുവദിക്കാവുന്നതുമാണ്. ഫുൾടൈം ക്ഷേത്രമാകയാൽ, ശാന്തൻപാറ ദേവസ്വത്തിലെ പാർട്ട്ടൈം ശാന്തി തസ്തികയിൽ നിയോഗിക്കപ്പെടുന്ന ജീവനക്കാരൻ രാവിലെയും വൈകുന്നേരവും ക്ഷേത്രത്തിൽ ഹാജരായി നിലവിലെ സമയക്രമം പാലിച്ച് ക്ഷേത്രനട തുറന്ന് പൂജാദികാര്യങ്ങൾ നിർവ്വഹിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യാവുന്നതാണ്. രണ്ടുനേരവും ക്ഷേത്രത്തിൽ ഹാജരായി ശാന്തിപ്രവൃത്തി നിർവ്വഹിക്കുന്ന പാർട്ട്ടൈം ശാന്തിക്ക് അനുവാദമുള്ള അധികഅലവൻസ്, ശാന്തൻപാറ ദേവസ്വത്തിലെ പാർട്ട്ടൈം ശാന്തിക്ക് ചെലവെഴുതി കൊടുക്കുന്നതിന് അനുമതി നൽകാവുന്നതാണ്.

ശാന്തിപ്രവൃത്തിക്ക് പുറമെയുള്ള പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനായി സബ്ഗ്രൂപ്പ് ഓഫീസറുടെ ഉത്തരവാദിത്വത്തിൽ ഒരാളെ (പാർട്ട്ടൈം) നിയോഗിക്കുന്നതിനും ടിയാൾക്ക് പാർട്ട്ടൈം തളി തസ്തികയിലെ പകരംവ്യവസ്ഥയ്ക്ക് അനുവാദമുള്ള നിരക്കിൽ അലവൻസ് ചെലവെഴുതി കൊടുക്കുന്നതിനും അനുമതി നൽകാവുന്നതാണ്.

ക്രമ നമ്പർ	പുനഃക്രമീകരണത്തിനു ശേഷം നിലനിൽക്കുന്ന തസ്തിക	എണ്ണം	റിമാർക്സ്
1	ശാന്തി (പാർട്ട്ടൈം)	1	രാവിലെയും വൈകുന്നേരവും നിലവിലെ സമയക്രമം പാലിച്ച് ക്ഷേത്രനട തുറന്ന് പൂജാദികാര്യങ്ങൾ നിർവ്വഹിക്കേണ്ടതാണ്
	ആകെ	**1**	

പിന്മററം സബ്ഗ്രൂപ്പ്
കൂത്താട്ടുകുളം ശ്രീമഹാദേവർ ദേവസ്വം

ക്രമ നമ്പർ	പുനർവിന്യാസത്തിലൂടെ പുതുതായി വരുന്ന തസ്തികകൾ	എണ്ണം	റിമാർക്സ്
1.	ശാന്തി (ഫുൾടൈം)	1	തൊടുപുഴ സബ്ഗ്രൂപ്പിൽപ്പെട്ട ഞാഴൂർകോവിൽ ആമ്പക്കുടി ദേവസ്വങ്ങളിലെ ഫുൾടൈം ശാന്തി തസ്തിക കൂത്താട്ടുകുളം ദേവസ്വത്തിലേക്ക് മാററാവുന്നതാണ്.
2.	വാച്ചർ	1	തൊടുപുഴ സബ്ഗ്രൂപ്പിൽപ്പെട്ട ഞാഴൂർകോവിൽ ആമ്പക്കുടി ദേവസ്വങ്ങളിലെ വാച്ചർ തസ്തിക കൂത്താട്ടുകുളം ദേവസ്വത്തിലേക്ക് മാററാവുന്നതാണ്.
3.	കഴകം	1	രാമംഗലം സബ്ഗ്രൂപ്പിൽപ്പെട്ട പി.ഡി. തിരുമധുര, മാറാടിതൃക്ക ദേവസ്വങ്ങളിലെ ഫുൾടൈം കഴകം തസ്തിക കൂത്താട്ടുകുളം ദേവസ്വത്തിലേക്ക് മാററാവുന്നതാണ്.
	ആകെ	**3**	

കൂത്താട്ടുകുളം ശ്രീമഹാദേവർ ക്ഷേത്രം ഏറെറടുത്തുകൊണ്ടുള്ള ദേവസ്വം കമ്മീഷണറുടെ 16.10.2019ലെ ആർ.ഓ.സി. 25232/16/ഗ്രാന്റ് നമ്പർ വിജ്ഞാപനം 02.11.2019ലെ കേരള ഗസററിൽ പ്രസിദ്ധീകരിച്ചു. അതിൻപ്രകാരം 02.12.2019ലെ വൈക്കം ഡെപ്യൂട്ടി ദേവസ്വം കമ്മീഷണറുടെ മഹസ്സർ പ്രകാരം ടി ക്ഷേത്രം തിരുവിതാംകൂർ ദേവസ്വം ബോർഡ് ഏറെറടുക്കുന്ന പ്രക്രിയ പൂർത്തിയാക്കി. എന്നാൽ, പ്രസ്തുത ക്ഷേത്രത്തിൽ തസ്തികകളൊന്നും അനുവദിച്ചിട്ടില്ലാത്തതാണ്. ദേവികുളം ക്ഷേത്രത്തിലെ ശാന്തിയെയും തിരുമാന്നാംകുന്ന് ക്ഷേത്രത്തിലെ കഴകത്തെയും കൂത്താട്ടുകുളം ക്ഷേത്രത്തിൽ ഡ്യൂട്ടിവ്യവസ്ഥയിൽ നിയോഗിച്ച് പൂജകളും, മററ് ക്ഷേത്രകാര്യങ്ങളും നടത്തിച്ചുവരുന്നു.

കൂത്താട്ടുകുളം ശ്രീമഹാദേവർ ക്ഷേത്രത്തിലെ പതിവുചടങ്ങുകൾ നടത്തിവന്നിരുന്ന കുടുംബം ശരിയായ രീതിയിൽ അവ നിർവ്വഹിക്കുന്നില്ലായെന്ന പരാതിയുമായി ബന്ധപ്പെട്ടാണ്, ക്ഷേത്രമേറെറടുക്കൽ നടപടിയിൽ കലാശിച്ചത്.

ക്ഷേത്രത്തിലെ ആചാരപരമായ കാര്യങ്ങളും പൂജാദികാര്യങ്ങളും ഭംഗിയായി നിർവ്വഹിക്കുന്നതിനായി അവശ്യം വേണ്ടുന്ന ശാന്തി, വാച്ചർ, കഴകം കം തളി തസ്തികകൾ അനുവദിക്കേണ്ടതാണെന്ന് ബോദ്ധ്യപ്പെടുന്നു.

തൊടുപുഴ സബ്ഗ്രൂപ്പിൽപ്പെട്ട ഞാഴൂർകോവിൽ, ആമ്പക്കുടി ദേവസ്വങ്ങളിലെ ഫുൾടൈം ശാന്തി, വാച്ചർ തസ്തികകൾ കൂത്താട്ടുകുളം ദേവസ്വത്തിലേക്ക് മാററാവുന്നതാണ്.

രാമംഗലം സബ്ഗ്രൂപ്പിൽപ്പെട്ട പി.ഡി. തിരുമധുര, മാറാടിതൃക്ക ദേവസ്വങ്ങളിലെ ഫുൾടൈം കഴകം തസ്തിക കൂത്താട്ടുകുളം ദേവസ്വത്തിലേക്ക് മാററാവുന്നതും കഴകം തസ്തിക കഴകം കം തളി എന്ന രീതിയിൽ ക്രമീകരിക്കാവുന്നതുമാണ്.

ക്രമ നമ്പർ	പുനഃക്രമീകരണത്തിനു ശേഷം നിലനിൽക്കുന്ന തസ്തികകൾ	എണ്ണം
1.	ശാന്തി (ഫുൾടൈം)	1
2.	വാച്ചർ	1
3.	കഴകം കം തളി	1
	ആകെ	**3**

പിന്മററം (കിഴക്കൊമ്പ്) ദേവസ്വം

ക്രമ നമ്പർ	നിലവിലുള്ള തസ്തികകൾ	എണ്ണം		ക്രമ നമ്പർ	കുറവ് ചെയ്യാവുന്ന തസ്തിക	എണ്ണം
1.	ശാന്തി (കാരാണ്മ)	1		1.	വാച്ചർ	1
2.	വാച്ചർ	1				
3.	കഴകം	1				
	ആകെ	**3**			**ആകെ**	**1**

പിന്മററം (കിഴക്കൊമ്പ്) ദേവസ്വത്തിലെ വാർഷിക (2019-2020) വരവ് 4,94,156 രൂപ. ചെലവ് 5,46,899 രൂപ. വരവിനെ അധികരിച്ച ചെലവ് 52,743 രൂപ.

